# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)

SUCI [C]


സംസ്ഥാന കമ്മിറ്റി മുഖപത്രം

2020 ജൂൺ | വാല്യം 47 ലക്കം 3 | *ചീഫ് എഡിറ്റർ : വി.വേണുഗോപാൽ* | പേജ് 16 | വില 5.00 രൂപ


## കോവിഡ്-19

# മഹാവ്യാധിയുടെ രാഷ്ട്രീയ പാഠങ്ങൾ

**മേയ് മാസം പിന്നിടുമ്പോഴും കോവിഡ്-19 എന്ന മഹാവ്യാധിയുടെ വ്യാപനം ലോകമെമ്പാടും അതിവേഗതയിലാണ്. രോഗബാധിതരുടെ എണ്ണം 73 ലക്ഷമായി ഉയർന്നിരിക്കുന്നു. മരണസംഖ്യയാകട്ടെ നാല് ലക്ഷവും പിന്നിട്ടിരിക്കുന്നു. യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ പിറകെ തെക്കേ അമേരിക്കയിലും ആഫ്രിക്കൻ രാജ്യങ്ങളിലും ഭീതിജനകമാം വിധം രോഗം പടർന്നുപിടിക്കുകയാണ്. ഏപ്രിൽ മാസത്തിൽ ചിത്രത്തിലില്ലാതിരുന്ന ബ്രസീലും റഷ്യയും ഇപ്പോൾ രോഗവ്യാപനത്തിൽ അമേരിക്കയുടെ തൊട്ടുപിന്നിൽ രണ്ടും മൂന്നും സ്ഥാനത്ത് എത്തിയിരിക്കുന്നു. ഏഷ്യൻ രാജ്യങ്ങളിൽ രോഗവ്യാപനത്തിന്റെ വേഗത, യൂറോപ്പിനെക്കാളും തെക്കേ അമേരിക്കയെക്കാളും കുറവാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇൻഡ്യയിൽ രോഗബാധിതരുടെ എണ്ണം 3 ലക്ഷത്തോടടുക്കുന്നു. ഇറാൻ, തുർക്കി തുടങ്ങിയ രാജ്യങ്ങളിലും രോഗബാധിതരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ടിരിക്കുന്നു.**



ആഗോളവ്യാധിയായി കോവിഡ്-19 മാറുകയും അസാധാരണമായ സാമ്പത്തികത്തകർച്ചയ്ക്ക് അതിടയാക്കുകയും ചെയ്തിട്ടും മഹാമാരിയെ പരാജയപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യത്തിലേക്ക് രാജ്യങ്ങളെ ഒന്നാകെ കോർത്തിണക്കി, അനുഭവങ്ങൾ പങ്കുവച്ച്, പ്രതിരോധ പ്രവർത്തനങ്ങൾക്കും ഗവേഷണപ്രയത്നങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി, മാനവരാശിക്ക് ഒന്നാകെ ആത്മവിശ്വാസം പകർന്നുകൊണ്ട് പ്രവർത്തിക്കേണ്ടുന്ന ഒരു ലോകനേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് മനുഷ്യസ്നേഹികളെ ഏറ്റവും ആകുലപ്പെടുത്തുന്നത്. ഐക്യരാഷ്ട്ര സഭയെയും അതിന്റെ ആഗോളവേദികളെയും രംഗത്ത് കാണാനില്ല. സങ്കുചിത താൽപ്പര്യങ്ങളാൽ നയിക്കപ്പെടുന്ന ചില വൻകിട രാഷ്ട്രങ്ങളുടെ സമ്മർദ്ദം ലോകാരോഗ്യ സംഘടനയെ ദുർബ്ബലമാക്കുന്നു. യൂറോപ്യൻ യൂണിയനിലെ അംഗങ്ങൾ പരസ്പരം പഴിചാരുന്നു. ഇതര രാജ്യങ്ങൾക്കുമേൽ ശകാരവർഷം ചൊരിഞ്ഞും വിഡ്ഢിത്തങ്ങൾ എഴുന്നള്ളിച്ചും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. വിവേകരാഹിത്യത്തിന്റെയും ജനവിരുദ്ധതയുടെയും ആൾരൂപമായി മാറിക്കഴിഞ്ഞ ജയ്ർ ബൊൽസനാരോ എന്ന ബ്രസീലിയൻ പ്രസിഡന്റ്.

സോഷ്യലിസ്റ്റ് ക്യൂബയും അപൂർവ്വം ചില രാജ്യങ്ങളുമൊഴികെ മറ്റെല്ലാവരുംതന്നെ കോവിഡാനന്തരമുള്ള വ്യാപാര-വ്യവസായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മുൻകൂറായിത്തന്നെ കരുക്കൾ നീക്കുകയാണ്. അതിനുള്ള മൽസരങ്ങളും സങ്കുചിത സമീപനങ്ങളുമാണ് നാം കാണുന്നത്. പരസ്പര സഹകരണത്തിന്റെയും സഹായത്തിന്റെയും ഏകോപനത്തിന്റെയും സ്ഥാനത്ത്, വെല്ലുവിളികളും പഴിചാരലുകളും ശകാരവും സൃഷ്ടിക്കുന്നത് സാമ്രാജ്യത്വ-മുതലാളിത്തരാജ്യങ്ങളുടെ മൂലധന താൽപ്പര്യങ്ങളുടെ സംഘർഷം മാത്രമാണ്. ജനങ്ങൾ നിസ്സഹായരായി മരിച്ചുവീഴുമ്പോഴും ഈ ശക്തികളുടെ കഴുകൻ കണ്ണ് ലാഭക്കൂനകളിൽ മാത്രമാണ്. ഒരു ആഗോള നേതൃത്വം ഉയർന്നുവരാനാവാത്തവിധം മുതലാളിത്ത രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം രൂക്ഷമായിരിക്കുന്നു. കോ

*(ശേഷം 2-ാം പേജിൽ)*

### അറിയിപ്പ്

മാന്യവായനക്കാരെ,

കോവിഡ് പ്രോട്ടോക്കോളിനെത്തുടർന്ന് രാജ്യം ലോക്ഡൗണിലായിരുന്നതിനാൽ ഏപ്രിൽ, മെയ് മാസങ്ങളിലെ യൂണിറ്റി അച്ചടിക്കുവാൻ സാധിച്ചിട്ടില്ല. രണ്ടുലക്കങ്ങളും ഓൺലൈനായാണ് പ്രസിദ്ധീകരിച്ചത് (kerala.sucicommunist.org/unity-digital-editions എന്ന ലിങ്കിൽ ലഭ്യമാണ്). മാന്യവായനക്കാർക്കുണ്ടായ അസൗകര്യത്തിൽ ഖേദിക്കുന്നു. തുടർന്നും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു. - എഡിറ്റർ

# കോവിഡ് വിജയ പ്രചാരവേലയുടെ മറയിൽ കുരുതികഴിക്കപ്പെടുന്ന ഇടതുരാഷ്ട്രീയം

കോവിഡ് മഹാവ്യാധിയെ പ്രതിരോധിക്കുന്നതിൽ കേരളം പ്രാരംഭമാസങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ അഭിമാനിക്കത്തക്കതാണ്. രോഗബാധിതരുടെ എണ്ണവും മരണനിരക്കും വലിയൊരളവിൽ പിടിച്ചുനിർത്തുന്നതിൽ സംസ്ഥാനം വിജയിക്കുകതന്നെ ചെയ്തു. മേയ് അവസാനവാരവും ഇപ്പോൾ ജൂണിലും ദൃശ്യമാകുന്ന വർദ്ധനവ് രോഗവാഹകരായ അനവധി ആളുകൾ സംസ്ഥാനത്തിനു വെളിയിൽ നിന്നുവന്നതിനാലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. യാദൃശ്ചികമായി പരിശോധിക്കാൻ നിർബ്ബന്ധിതമായ സെക്കന്ററി കോണ്ടാക്റ്റുപോലുമല്ലാത്ത ചില കേസുകൾ പോസിറ്റീവായത് രോഗബാധയുടെ അറിയാനാവാത്ത ഉറവിടങ്ങൾ ഉണ്ടെന്നും കേരളം സമൂഹവ്യാപനത്തിന്റെ ഘട്ടത്തിലേക്കു പ്രവേശിച്ചുവെന്നും വ്യക്തമാക്കുന്നു. പുറത്തുനിന്നു വരുന്നവരിലും കോണ്ടാക്റ്റുകളിലും മാത്രമായി പരിശോധന പരിമിതപ്പെടുത്തുന്നതിനാൽ രോഗവ്യാപനത്തിന്റെ യഥാർത്ഥ സ്ഥിതി അറിയാൻ കഴിയുന്നില്ല എന്നതും ഒരു വസ്തുതയാണ്. എങ്കിലും രാജ്യത്തെ രോഗവ്യാപനത്തിന്റെയും ചികിൽസയുടെയും പ്രതിരോധത്തിന്റെയും നിലവിലെ അവസ്ഥയുമായി താരതമ്യപ്പെടുത്തിയാൽ നിശ്ചയമായും സംസ്ഥാനം ഒരു മുന്നേറ്റം ഈ രംഗത്തു കൈവരിച്ചിട്ടുണ്ടെന്നുതന്നെ പറയാം.

കേരളം ഈ നേട്ടം കൈവരിച്ചത് എങ്ങനെയാണ്? സംസ്ഥാന സർക്കാരിന്റെയും അതിനെ നയിക്കുന്ന സിപിഐ(എം)ന്റെയും പ്രചാരവേല, നിലവിൽ അധികാരത്തിലിരിക്കുന്ന സർക്കാരിന്റേതുമാത്രമായ കാര്യക്ഷമത കൊണ്ട് നേടിയതാണെന്ന നിലയിലാണ്. ഇടതുസർക്കാർ സിപിഐ(എം) പ്രവർത്തകർവഴി വീടുവീടാന്തരം ലക്ഷക്കണക്കിനായി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന ലഘുലേഖ വിശദീകരിക്കുന്നത് പിണറായി സർക്കാർ നടപ്പാക്കിയ ആർദ്രം പോലുള്ള പദ്ധതികളുടെ നേട്ടമാണ് കോവിഡ് പ്രതിരോധ വിജയമെന്നാണ്. 'കോവിഡിനെ ചെറുത്തത് ആർദ്രം പകർന്ന കരുത്ത്' എന്നാണ് ലഘുലേഖയുടെ ഒരു തലവാചകം തന്നെ. ഇതു തരംതാണ രാഷ്ട്രീയ പ്രചാരവേല മാത്രമാണ്. യാഥാർത്ഥ്യത്തിന് നിരക്കുന്നതുമല്ല. സംസ്ഥാനത്തു നിലനിൽക്കുന്ന ശക്തമായ പൊതുജനാരോഗ്യ സംവിധാനത്തിന്റെ സൃഷ്ടിയാണ് കോവിഡ് പ്രതിരോധ രംഗത്തു കേരളം കൈവരിച്ച നേട്ടം. ഈ പൊതുജനാരോഗ്യ സംവിധാനമാകട്ടെ കഴിഞ്ഞ നാലു വർഷത്തെ എൽ.ഡി.എഫ് ഭരണത്തിന്റെ സൃഷ്ടിയല്ലതാനും.

രോഗബാധിതരുടെ എണ്ണം പറയാനും ലോക്ക് ഡൗണിനെ സംബന്ധിച്ച് ക്ലാസ്സ് എടുക്കാനും മുഖ്യമന്ത്രിയുടെ പ്രതിദിന പത്രസമ്മേളനത്തിന്റെ ആവശ്യമില്ലല്ലോ. സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ നേതൃത്വം അത്യന്തം ഗൗരവപൂർവ്വം നിർവ്വഹിക്കേണ്ടിയിരുന്നതും എന്നാൽ നിറവേറ്റപ്പെടാതെ പോയതുമായ കടമകൾ ഈ പ്രതിസന്ധിയുടെ വേളയിലുണ്ടായിരുന്നു. കേരള സർക്കാരിനെ നയിക്കുന്നവർ പ്രതിനിധാനം ചെയ്യുന്നത് ഇടതുരാഷ്ട്രീയത്തെയായിരുന്നെങ്കിൽ കോവിഡ് വിജയത്തിന്റെ പ്രചാരവേലയെ ക്ഷേമരാഷ്ട്ര സമീപനം കൈവെടിയുന്ന നയങ്ങൾക്കെതിരെയുള്ള പോരാട്ടമാക്കി മാറ്റുമായിരുന്നു. സ്വകാര്യവൽക്കരണത്തിനു വേണ്ടിയുള്ള മുതലാളിത്ത പ്രചാരവേലയ്ക്കു ചുട്ടമറുപടി നൽകിക്കൊണ്ട് സുശക്തമായ ഒരു പൊതുജനാരോഗ്യ സംവിധാനത്തിന്റെ ആവശ്യകത, കേരളത്തെ ഉദാഹരണമായി കാട്ടിക്കൊണ്ടു ലോകത്തെ ബോധ്യപ്പെടുത്തുമായിരുന്നു. ലോകമെമ്പാടും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അനാവരണം

*(ശേഷം 6-ാം പേജിൽ)*


പേജ് 11 — **കോളജ് അധ്യാപക തസ്തികകൾ വെട്ടിക്കുറയ്ക്കരുത്**

പേജ് 12 — **അമേരിക്കയുടെ വീഥികളിൽ പ്രതിഷേധാഗ്നി ആളിക്കത്തുന്നു**

പേജ് 15 — **തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെ പ്രതിഷേധദിനം ആചരിച്ചു**

# സമയോചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടു

(1-ാം പേജിൽ നിന്ന്)

വിഡിനു തൊട്ടുമുമ്പ് വ്യാപാരയുദ്ധം കൊടുമ്പിരികൊണ്ടിരിക്കുകയായിരുന്നു എന്നും ഓർക്കുക.

**ഭരണനിർവ്വഹണരംഗത്തെ പിടിപ്പുകേട് തുറന്നു കാട്ടിയ പ്രതിരോധ പ്രവർത്തനങ്ങൾ**

ഏപ്രിൽ 17വരെയുള്ള സ്ഥിതിഗതികൾ വിലയിരുത്തിക്കൊണ്ട് ഏപ്രിൽ ലക്കം യൂണിറ്റിയിൽ കോവിഡ് മഹാവ്യാധിയെ നേരിടുന്നതിൽ കേന്ദ്രസർക്കാരിനു സംഭവിച്ച വീഴ്ചകൾ ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ പരാധീനതകൾ പരിഹരിക്കപ്പെടുമെന്നും ഏകോപിതവും സുഘടിതവുമായ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുമെന്നുള്ള പ്രതീക്ഷ അപ്പോഴും മറ്റെല്ലാവരെയുംപോലെ ഞങ്ങളും നിലനിർത്തി. ഖേദകരമെന്നു പറയട്ടെ നിരാശയും വേദനയും മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്.

ഞങ്ങൾ ആദ്യം ചൂണ്ടിക്കാട്ടിയതു പോലെ ജനുവരി 30നും മാർച്ച് 19നുമിടയിലുള്ള വിലപ്പെട്ട 48 ദിവസം കേന്ദ്രസർക്കാർ പാഴാക്കി. അതിനോടകം ഫലപ്രദമായി കോവിഡിനെ പ്രതിരോധിച്ചു മുന്നേറുന്നതിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ ഒരു രാജ്യത്തിന്റെയും അനുഭവങ്ങൾ പഠിക്കാനോ അത് പകർത്താനോ സർക്കാർ ശ്രമിച്ചില്ല. പരമാവധി ടെസ്റ്റുകൾ നടത്തുക, രോഗബാധിതരെ കണ്ടെത്തുക, അവരെയും അവരുടെ പ്രൈമറി, സെക്കന്ററി കോണ്ടാക്ടുകളെയും സമ്പർക്ക വിലക്കിൽ നിലനിർത്തുക ഇതായിരുന്നു ആദ്യഘട്ടത്തിലെ 48 ദിവസത്തിനുള്ളിലും ഒന്നാം ലോക്ക് ഡൗണിലൂടെ ലഭിച്ച 21 ദിവസത്തിനുള്ളിലും ചെയ്യേണ്ടിയിരുന്ന ഏറ്റവും പ്രധാന ദൗത്യം. ഏപ്രിൽ 14ന് അവസാനിച്ച ഒന്നാം ലോക്ക് ഡൗൺ വേളയിൽ പരിശോധനയുടെ രംഗത്ത് കാര്യമായ ഒരു മുന്നേറ്റവും സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്നതും ഞങ്ങൾ നേരത്തെ ചൂണ്ടിക്കാട്ടിയിരുന്നു. മെയ് 3ന് അവസാനിച്ച രണ്ടാംഘട്ട ലോക്ക് ഡൗണിന്റെ ഏറിയ പങ്ക് സമയത്തും ഇതേ സ്ഥിതി തന്നെയാണ് തുടർന്നത്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ മികവ് വിലയിരുത്താൻ സ്വീകരിക്കാവുന്നത് ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് എത്ര ടെസ്റ്റ് നടക്കുന്നു എന്ന കണക്കാണ്. ഏപ്രിൽ 14ന് ഒന്നാം ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ ഇൻഡ്യയുടെ ടെസ്റ്റ് പെർ മില്യൺ വെറും 168 മാത്രമായിരുന്നു. മെയ് 3ന് രണ്ടാം ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് 764 ടെസ്റ്റ് മാത്രമേ രാജ്യത്തു ചെയ്യാൻ കഴിഞ്ഞുള്ളൂ. ഇതു വ്യക്തമാക്കുന്നത് ലോക്ക് ഡൗൺ തുടങ്ങി ആദ്യത്തെ 35 ദിവസത്തിനുള്ളിൽ പരിശോധനയുടെ രംഗത്ത് കൈവരിക്കേണ്ടിയിരുന്ന പുരോഗതി നമുക്ക് നേടാനായില്ല എന്നതാണ്. കോവിഡ് വ്യാപനം ഇത്രയും രൂക്ഷമാകാനുള്ള പ്രധാന കാരണങ്ങളിലൊന്നും അതുതന്നെയാണ്. നാലാം ഘട്ടത്തിൽ നേടിയിട്ടുള്ള, പ്രതിദിനം ഒരു ലക്ഷം ടെസ്റ്റ് എന്നത് മേയ് 3നു മുമ്പുതന്നെ നമുക്ക് കൈവരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ രാജ്യത്തിന്റെ സ്ഥിതി ഇതാകുമായിരുന്നില്ല.

> **മഹാമാരിയെ പരാജയപ്പെടുത്തുക എന്ന ഒരൊറ്റ ലക്ഷ്യത്തിലേക്ക് രാജ്യങ്ങളെ ഒന്നാകെ കോർത്തിണക്കി, അനുഭവങ്ങൾ പങ്കുവച്ച്, പ്രതിരോധ പ്രവർത്തനങ്ങൾക്കും ഗവേഷണപ്രയത്നങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി, മാനവരാശിക്ക് ഒന്നാകെ ആത്മവിശ്വാസം പകർന്നു നൽകി പ്രവർത്തിക്കുന്ന ഒരു ലോകനേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് മനുഷ്യസ്നേഹികളെ ഏറ്റവും ആകുലപ്പെടുത്തുന്നത്.**

ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ ലോകത്ത് ടെസ്റ്റുകളുടെ എണ്ണത്തിൽ ഇന്നും ഏറ്റവും കുറഞ്ഞ നിരക്കുള്ള മൂന്നു രാജ്യങ്ങളിലൊന്ന് ഇൻഡ്യയാണ്. മേയ് 22ന് ഒരു ദശലക്ഷം ജനസംഖ്യയ്ക്ക് ആകെ ടെസ്റ്റുകളുടെ എണ്ണം 1973 ആയി ഉയർന്നിട്ടുണ്ട്. എന്നാൽ ഇത് ലോകത്ത് ഏറ്റവും താഴ്ന്ന നിരക്കുകളിൽ ഒന്നാണ്. സാമ്രാജ്യത്വ ഉപരോധത്തെയും ആഭ്യന്തരസംഘർഷങ്ങളെയും നേരിടുന്ന രാജ്യമായ ഇറാനിൽപ്പോലും പത്തുലക്ഷത്തിൽ 9108 പേരെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. തുർക്കിയിൽ അത് 20,537 ആണ്. പാക്കിസ്ഥാന്റെ നിരക്കുപോലും മെയ് 22 വരെ ഇൻഡ്യയേക്കാൾ ഉയർന്നതായിരുന്നു. 67,619 പേരെ പരിശോധിക്കുന്ന പോർച്ചുഗലിന്റേതാണ് ഏറ്റവും ഉയർന്ന നിരക്ക്.

ലോക്ക് ഡൗണിന്റെ ആദ്യത്തെ രണ്ടുഘട്ടങ്ങളിലും ടെസ്റ്റുകിറ്റുകളും മറ്റു സുരക്ഷാ ഉപകരണങ്ങളും സമാഹരിക്കുന്നതിലും ആഭ്യന്തരമായി അവ ഉൽപ്പാദിപ്പിക്കുന്നതിലും സംഭവിച്ചത് കനത്ത പരാജയമായിരുന്നു. ചൈനയിൽ നിന്നും പിപിഇ കിറ്റുകളും ടെസ്റ്റ് കിറ്റുകളും ഉടൻ വാങ്ങുമെന്ന വാർത്ത വന്നത് മാർച്ച് 30നായിരുന്നു(ഇക്കണോമിക് ടൈംസ്). ഈ വാർത്തയിൽ സൂചിപ്പിക്കുന്ന ഇറക്കുമതി നടന്നത് ഏപ്രിൽ 16-ാം തീയതിയാണ്. മാർച്ച് 30നും ഏപ്രിൽ 16നുമിടയിൽ ഇതല്ലാതെ മറ്റൊരു ഇറക്കുമതിയും നടന്നതായി നമുക്ക് അറിയാൻ കഴിഞ്ഞിട്ടില്ല. ഏപ്രിൽ 16നു ചൈനയിൽ നിന്നും 6.5 ലക്ഷം ടെസ്റ്റു കിറ്റുകൾ എത്തിയതിൽ 5.5 ലക്ഷം റാപ്പിഡ് ടെസ്റ്റ് കിറ്റുകളും 1 ലക്ഷം ആർഎൻഎ എക്സ്ട്രാക്ഷൻ കിറ്റുകളുമായിരുന്നു. ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ കിറ്റുകളിൽ 95 ശതമാനവും ഉപയോഗശൂന്യമാണെന്നു കണ്ടെത്തിയതിനാൽ അവ ഉപയോഗിച്ചുള്ള പരിശോധന നിർത്തിവയ്ക്കാൻ ഐസിഎംആർ ഏപ്രിൽ 21ന് ആവശ്യപ്പെട്ടു. വളരെ വൈകി എത്തിച്ചേർന്ന ടെസ്റ്റ് കിറ്റുകൾ ശരിയായ പരിശോധനാഫലം നൽകില്ല എന്നുകൂടി വന്നപ്പോൾ രാജ്യമാസകലം ടെസ്റ്റ് സംവിധാനം സമ്മർദ്ദത്തിലായി. ഏപ്രിൽ 16നു മറ്റൊരു വാർത്ത കൂടി പ്രത്യക്ഷപ്പെട്ടു. കൊറോണ രോഗബാധ വ്യാപകമാകുന്നതിനാൽ ഇൻഡ്യ പിപിഇ കിറ്റുകളുടെയും ടെസ്റ്റു കിറ്റുകളുടെയും രൂക്ഷമായ ദൗർലഭ്യമാണ് നേരിടുന്നത്. അതിനാൽ ഇവ സമാഹരിക്കാൻ ആഗോള അന്വേഷണം ഊർജ്ജിതമാക്കി (ലൈവ് മിന്റ് -ഏപ്രിൽ 16). ഊർജ്ജിതമായ അന്വേഷണത്തിലേക്ക് കടക്കുന്നത് വളരെ വൈകിയാണെന്നു ഇതു വ്യക്തമാക്കുന്നു.

സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുമായി സഹകരിച്ച് ടെസ്റ്റ് കിറ്റുകൾ ഉൽപാദിപ്പിക്കാൻ അനുമതിലഭിച്ച പൂനെ ആസ്ഥാനമാക്കിയുള്ള മൈലാബ് ഡിസ്കവറി സൊലൂഷൻസിന് ഏപ്രിൽ ആദ്യവാരം ഉൽപാദിപ്പിക്കാൻ കഴിഞ്ഞത് പ്രതിദിനം വെറും 20,000 എണ്ണം മാത്രമായിരുന്നു. തുടക്കത്തിൽ അത്രയുമേ ഉൽപാദിപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ യുദ്ധസമാനമായ ആവശ്യകതയുടെ ഗൗരവം ഉൾക്കൊണ്ടു ഇഛാശക്തിയോടെ സർക്കാരിനു ഫെബ്രുവരിയിൽത്തന്നെ മതിയായ കൂടിയാലോചനകളും തയ്യാറെടുപ്പുകളും നടത്താൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്നു കൈവരിച്ച പ്രതിദിനം 2 ലക്ഷം ടെസ്റ്റു കിറ്റുകളുടെ ഉൽപാദനശേഷി എന്നത് ഏപ്രിൽ മാസത്തിൽത്തന്നെ കൈവരിക്കാൻ കഴിയുമായിരുന്നു. അങ്ങിനെയെങ്കിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിലെ നിർണ്ണായക ദിനങ്ങളിൽ പരമാവധി ടെസ്റ്റുകൾ നടത്താനും കഴിവതും വേഗം രോഗബാധിതരെ തിരിച്ചറിഞ്ഞ് അവരെ ഐസൊലേറ്റ് ചെയ്യുവാനും കഴിയുമായിരുന്നു.

ചികിൽസയിലുള്ള രോഗികളെ ഡിസ്ചാർജ്ജ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം നേരത്തെ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവുകൾ നടപ്പിൽവരുത്തി മേയ് ഒമ്പതിന് പുതിയ ഉത്തരവ് ഇറക്കി. അഡ്മിറ്റ് ചെയ്ത് 14-ാം ദിവസവും 21-ാം ദിവസവും നടത്തുന്ന ടെസ്റ്റിലൂടെ നെഗറ്റീവ് ആണെന്നു കണ്ടാൽ മാത്രം ഡിസ്ചാർജ്ജ് ചെയ്താൽ മതിയെന്ന മുൻമാർഗ്ഗനിർദ്ദേശം കേന്ദ്ര ആരോഗ്യ മന്ത്രാലയം റദ്ദാക്കി. കഠിന രോഗലക്ഷണങ്ങൾ ഉള്ളവരെ മാത്രം ടെസ്റ്റ് ചെയ്താൽ മതിയെന്നതാണ് പുതിയ നിർദ്ദേശം. പുതിയ ഉത്തരവ് പറയുന്നത് ഇപ്രകാരമാണ്: 'other catagories of patients-very mild, mild, presymptomatic and moderate cases NEED NOT BE TESTED'. അനുദിനം രോഗബാധിതരുടെ എണ്ണം പെരുകുമ്പോൾ, രോഗലക്ഷണങ്ങൾ ഇല്ലാത്ത രോഗബാധിതരുടെ എണ്ണം ഇൻഡ്യയിൽ 80 ശതമാനമാണെന്ന് ഐസിഎംആർ വ്യക്തമാക്കുമ്പോൾ ഇത്ര ഗുരുതരമായ ഒരു തീരുമാനം എടുക്കാൻ സർക്കാരിനെ നിർബന്ധിച്ചത് ടെസ്റ്റുകിറ്റുകളുടെയും പരിശോധന നടത്താനുള്ള സംവിധാനത്തിന്റെ ദൗർലഭ്യം മാത്രമാണ്. ഈ തീരുമാനത്തോട് പ്രതികരിച്ചുകൊണ്ട് ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് റെസിഡന്റ് ഡോക്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീനിവാസ് രാജ്കുമാർ ഇപ്രകാരം പ്രസ്താവിച്ചു. 'ജനങ്ങളെ പരിശോധിക്കാതെ ഡിസ്ചാർജ്ജ് ചെയ്താൽ അതു സമൂഹത്തിൽ വൈറസ് വ്യാപനത്തിന് ഇടയാക്കും. കഴിഞ്ഞ 40 ദിവസമായി ആവശ്യത്തിന് ടെസ്റ്റിംഗ് സൗകര്യങ്ങൾ ക്രമീകരിക്കാതെ സർക്കാർ എന്തുചെയ്യുകയായിരുന്നു? സൂചനകൾ വ്യക്തമാക്കുന്നതുപോലെ 2 ലക്ഷമോ അതിലേറെയോ ഇൻഡ്യക്കാരെ കോവിഡിനു ബലി നൽകാൻ സർക്കാർ തയ്യാറെടുക്കുകയാണോ?'

2020 മേയ് 8ന്റെ എഡിറ്റോറിയലിൽ ദ് ഹിന്ദു ഇപ്രകാരം എഴുതി: ലോക്ക് ഡൗൺ ആവശ്യമായിരുന്നിരിക്കാം. എന്നാൽ അതു പര്യാപ്തമല്ല. വൈറസിന്റെ വ്യാപനത്തെ ഗണനീയമായ നിലയിൽ പിടിച്ചുകെട്ടിയ രാജ്യങ്ങൾക്കിടയിലെ പൊതുമുദ്രാവാക്യം വ്യാപനത്തിന്റെ മധ്യേയുള്ള ടെസ്റ്റിംഗും സമ്പർക്കത്തിൽ വന്നവരെ കണ്ടെത്തലുമാണ്. കേവലം സമൂഹപരിശോധനയിലൂടെയും നിരീക്ഷണത്തിലൂടെയുമാണ് തെക്കൻ കൊറിയപോലുള്ള രാജ്യങ്ങൾക്ക് ഗ്രാഫിനെ ഋജുവാക്കാൻ (flattening the curve) കഴിഞ്ഞത്. അനിശ്ചിതമായി പ്രവർത്തനങ്ങൾ ലോക്ക് ഡൗൺ ചെയ്യുന്നത് രാജ്യത്തിന് താങ്ങാനാവില്ല. ടെസ്റ്റുകൾ പരമാവധി ഊർജ്ജിതമാക്കുക, പൊതുജനാരോഗ്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടനയെ ശക്തിപ്പെടുത്തുക, രോഗബാധയ്ക്കും ആഘാതത്തിനുമിരയാകുന്നവരെ സംരക്ഷിക്കുക ഇവയാണ് ഇൻഡ്യയ്ക്കു മുമ്പിലുള്ള ഏറ്റവും അനുയോജ്യമായ പാത. ഈ രാജ്യത്തെ മാധ്യമങ്ങളും ആരോഗ്യവിദഗ്ദ്ധരും ഒരുപോലെ ആവശ്യപ്പെടുന്നത് രണ്ടു കാര്യങ്ങളാണ്. ടെസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുക, ആരോഗ്യപ്രവർത്തകർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകുക. ഈ അടിസ്ഥാന ആവശ്യകതകളുടെ രംഗത്ത് സമയോചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടുവെന്ന് വസ്തുതകൾ തെളിയിക്കുന്നു.

**കള്ളക്കണക്കുകൾ നിരത്തി സർക്കാർ പരാജയം മറയ്ക്കുന്നു**

രോഗത്തെ പ്രതിരോധിക്കുന്ന ദൗത്യത്തിൽ വിജയമാണെന്നു സ്ഥാപിക്കാൻ വ്യത്യസ്ത കണക്കുകൾ ദിനംപ്രതി പുറത്തുവിട്ട് മുഖം രക്ഷിക്കാൻ ശ്രമിക്കുകയാണ് സർക്കാർ. ആദ്യഘട്ടത്തിൽ രോഗികളുടെ എണ്ണം ഇരട്ടിയാകാനെടുക്കുന്ന ദിവസങ്ങളുടെ ദൈർഘ്യം വർദ്ധിക്കുകയാണെന്നായിരുന്നു സർക്കാരിന്റെ അവകാശവാദം. പിന്നീട്, അതിനെക്കുറിച്ച് അവതരിപ്പിക്കാനേ ആവാത്തവിധം കാര്യങ്ങൾ കൈവിട്ടു. ഇപ്പോൾ രോഗം ഭേദമാകുന്നവരുടെ ശതമാനമാണ് അവതരിപ്പിക്കുന്നത്. (ഇൻഡ്യയുടെ റിക്കവറി റേറ്റ് 41.55 ശതമാനമാണ്) അക്കാര്യത്തിലും അവകാശവാദത്തിന് യഥാർത്ഥത്തിൽ നിലനിൽപ്പില്ല. ആദ്യമായി കോവിഡ് പ്രതിസന്ധിയെ അഭിമുഖീകരിച്ച

(ശേഷം 3-ാം പേജിൽ)

# പ്രതിരോധപ്രവർത്തനത്തിലെ പരാധീനതകൾ ഭരണരംഗത്തെ പിടിപ്പുകേട് തുറന്നുകാട്ടുന്നു

*(2-ാം പേജിൽ നിന്ന്)*

ചൈനയുടെ റിക്കവറി റേറ്റ് 95.6 ശതമാനമാണെന്ന് ഓർക്കുക. റിക്കവറി റേറ്റിന്റെ കാര്യത്തിൽ അമേരിക്കയും ഫ്രാൻസുമൊഴികെ ഏതാണ്ട് എല്ലാ രാജ്യങ്ങളും 60 ശതമാനത്തിനു മുകളിലുള്ള നിലയാണ് കാണിക്കുന്നത്. ഹോട്ട് സ്പോട്ടുകളുടെ എണ്ണം കുറയുന്നു, രോഗബാധിത ജില്ലകളുടെ എണ്ണം കുറയുന്നു തുടങ്ങിയ കണക്കുകൾ ഇപ്പോൾ നിരത്തുന്നില്ല; കാരണം അതെല്ലാം ഇപ്പോൾ അന്തമില്ലാതെ വർദ്ധിക്കുകയാണ്. അതതു സമയത്തെ അനുകൂലമായ ചില കണക്കുകൾ എടുത്തുകാട്ടി, മികവുറ്റ പ്രതിരോധപ്രവർത്തനമാണ് നടത്തുന്നതെന്ന് സ്ഥാപിക്കാൻ ദയനീയമായി ശ്രമിക്കുകയാണ് കേന്ദ്രസർക്കാർ.

യഥാർത്ഥത്തിൽ, ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിനുമുമ്പ് സാവകാശം വർദ്ധിക്കാൻ തുടങ്ങിയ രോഗികളുടെ എണ്ണം, നാലുഘട്ടം ലോക്ക് ഡൗൺ പിന്നിട്ട് കഴിയുമ്പോൾ പ്രതിദിനം 9000 ത്തിനുമേൽ എന്ന നിലയിൽ രോഗികളുടെ എണ്ണം കുത്തനെ ഉയരുകയാണ്. കഴിഞ്ഞ ഏപ്രിൽ 24ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വിലയിരുത്തൽ യോഗത്തിൽ കോവിഡ് മാനേജുമെന്റിനായുള്ള എംപവേഡ് കമ്മിറ്റി ഒന്നാം ഗ്രൂപ്പിന്റെ തലവൻ ഡോ.വി.കെ.പോൾ, മെയ് 16 ആകുമ്പോൾ ഇൻഡ്യയിൽ കോവിഡ് കേസുകൾ പൂജ്യമാകുമെന്ന് ഗ്രാഫ് വരച്ചുകാട്ടി സ്ഥാപിച്ചിരുന്നു. എന്നാൽ ഇതേ മെയ് 16നായിരുന്നു ഇൻഡ്യയിൽ അന്നുവരെയുള്ളതിൽ വച്ചേറ്റവും ഉയർന്ന എണ്ണം കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടത്. സർക്കാർ നടത്തുന്ന പ്രചാരണത്തിന്റെ ആധികാരികതയും സത്യസ്ഥിതിയും മനസ്സിലാക്കാൻ ഈയൊരൊറ്റ ഉദാഹരണം മതിയാകും.

ലോകത്ത് ഏറ്റവും കുറഞ്ഞ മരണനിരക്കുള്ളത് (2.9 ശതമാനം) ഇൻഡ്യയിലാണെന്ന വസ്തുതാവിരുദ്ധമായ അവകാശവാദം മേയ് 27ന്റെ പത്രങ്ങളിൽ സർക്കാരിന്റെ അറിയിപ്പായി അച്ചടിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇൻഡ്യയെക്കാൾ മരണനിരക്ക് കുറവുള്ള 49 രാജ്യങ്ങൾ ലോകത്തുണ്ട്. മൂന്നര ലക്ഷം രോഗബാധിതരുള്ള റഷ്യയിൽ 1.02 ശതമാനം മാത്രമാണ് മരണനിരക്ക്. ഇൻഡ്യയുടെ മരണനിരക്കിനേക്കാൾ കുറവാണ് അയൽരാജ്യങ്ങളായ പാക്കിസ്ഥാനിലും(2.07 ശതമാനം) ബംഗ്ലാദേശിലും (1.41 ശതമാനം) ശ്രീലങ്കയിലും (0.85 ശതമാനം). ഉയർന്ന നിലയിൽ രോഗബാധയുണ്ടായിട്ടുള്ള മറ്റൊരു ഏഷ്യൻ രാജ്യമായ സൗദി അറേബ്യയിൽ മരണനിരക്ക് 0.53 ശതമാനം മാത്രമാണ്. മരണനിരക്കിന്റെ കാര്യത്തിലും യാഥാർത്ഥ്യത്തിന് നിരക്കാത്ത അവകാശവാദങ്ങൾ അവതരിപ്പിക്കുകയാണ് സർക്കാർ. യഥാർത്ഥത്തിൽ ഇൻഡ്യയുടെ മരണനിരക്ക് ആശ്വാസത്തിനു വക നൽകുന്ന കാര്യം തന്നെയാണ്. അതോടൊപ്പംതന്നെ നാം മനസ്സിലാക്കേണ്ടുന്ന വസ്തുത കോവിഡിന്റെ ഔദ്യോഗിക മരണനിരക്ക് മൂന്നു ശതമാനത്തിനും ആറു ശതമാനത്തിനുമിടയിലാണ് എന്നതാണ്. മരണനിരക്കിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഓരോ രാജ്യത്തും വ്യത്യസ്തമായിരിക്കും. വൃദ്ധർ രോഗബാധിതരായാൽ മരണനിരക്ക് വളരെ ഉയരുമെന്ന് ഇറ്റലിയും സ്പെയിനും തെളിയിച്ചുകഴിഞ്ഞു. ആയതിനാൽ മരണനിരക്കിനെ മാത്രം അടിസ്ഥാനപ്പെടുത്തി ഒരു രാജ്യത്തിന്റെ മികവിനെയോ പരാജയത്തെയോ വിലയിരുത്താനാവില്ല.

രോഗപ്രതിരോധത്തിന്റെ രംഗത്ത് ഏറ്റവും പ്രധാനമായ ടെസ്റ്റിംഗിന്റെ കാര്യത്തിൽ രാജ്യത്തിന്റെ സ്ഥാനമെന്തെന്നു നമ്മൾ ചർച്ച ചെയ്തു. ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുകയെന്ന പരമപ്രധാനമായ കടമയുടെ നിർവ്വഹണത്തിലും സർക്കാർ പരാജയപ്പെടുകയാണുണ്ടായത്. വിതരണം ചെയ്യുന്ന സുരക്ഷാ ഉപകരണങ്ങളുടെ എണ്ണത്തിന്റെ കണക്ക് അവതരിപ്പിക്കുന്നതുകൊണ്ടു മാത്രം ഈ രംഗത്ത് നേട്ടം സൃഷ്ടിച്ചുവെന്ന് പറയാനാവില്ല. രാജ്യത്തിന്റെ ആകെ ആവശ്യകത എത്രയാണെന്നും അതിന്റെ എത്ര ശതമാനം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നുമാണ് ജനങ്ങളോട് പറയേണ്ടുന്നത്. 'മൂലധനനിക്ഷേപ സാധ്യതകൾ പഠിക്കുന്ന സർക്കാതിര സ്ഥാപനം തയ്യാറാക്കിയ Invest India Report പ്രകാരം ഇൻഡ്യയ്ക്ക് ഏറ്റവും കുറഞ്ഞത് ഉയർന്ന ഇനം 38 ദശലക്ഷം മാസ്കും 62 ലക്ഷം പിപിഇ കിറ്റും ഉടൻ വേണം' (റോയ്ട്ടേഴ്സ്- ഏപ്രിൽ 16) ഇത് ആധികാരികമാണെങ്കിൽ, ഈ സംഖ്യയുടെ എത്ര ശതമാനം സർക്കാർ വിതരണം ചെയ്തിട്ടുണ്ടാകുമെന്ന് അറിയാൻ കഴിഞ്ഞാൽ ഈ രംഗത്ത് നേട്ടം കൈവരിക്കാനായോ എന്ന് സ്ഥിരീകരിക്കാൻ കഴിയും. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ജോയ്ന്റ് സെക്രട്ടറി ലവ് അഗർവാൾ ഏപ്രിൽ 9ന്, 'പിപിഇ കിറ്റിന്റെ ഉൽപ്പാദനത്തിനായി തദ്ദേശീയമായ 20 കമ്പനികളെ ബന്ധപ്പെട്ടിട്ടുണ്ട്. 1.7 കോടി പിപിഇ കിറ്റിന് ഓർഡർ നൽകി. ആരോഗ്യപ്രവർത്തകർക്ക് എല്ലാം പിപിഇ കിറ്റ് വേണമെന്ന ഒരു ഭയം ജനിച്ചിട്ടുണ്ട്. എല്ലാവർക്കും സുരക്ഷാ ഉപകരണങ്ങൾ വേണമെന്നില്ല. അവ യുക്തിഭദ്രമായി ഉപയോഗിക്കണം. ഒരു ദിവസത്തേക്ക് എൻ 95 മാസ്ക് ഒരെണ്ണം മതി..'(എൻഡി റ്റിവി, ഏപ്രിൽ 9) എന്ന് പ്രസ്താവിച്ചിരുന്നു. ഈ പ്രസ്താവനയുടെ സൂചനയെന്താണ്? സുരക്ഷാ ഉപകരണങ്ങൾക്ക് ദൗർലഭ്യം നേരിടുന്നു എന്നുതന്നെയാണ് ഇത് വ്യക്തമാക്കുന്നത്. ആരോഗ്യപ്രവർത്തകർ ആവശ്യപ്പെടുന്ന എണ്ണം സുരക്ഷാ ഉപകരണങ്ങൾ ലഭ്യമല്ല എന്നതിനാലാണ് ബ്യൂറോക്രാറ്റ് മാത്രമായ ഒരാൾ പിപിഇ എല്ലാവരും ഉപയോഗിക്കേണ്ടതില്ല എന്ന് ഉപദേശിക്കുന്നത്. ഈ പ്രസ്താവന ഗൗരവതരമായ മറ്റൊരു കാര്യംകൂടെ വെളിവാക്കുന്നു. ഒന്നാം ലോക്ക് ഡൗൺ അവസാനിക്കാൻ വെറും 5 ദിവസം അവശേഷിക്കുമ്പോൾ മാത്രമാണ് 20 തദ്ദേശീയ ഉൽപ്പാദകരെ ബന്ധപ്പെട്ടിട്ടുള്ളത്. തദ്ദേശീയ ഉൽപ്പാദക ഉറവിടങ്ങളിൽ നിന്നു സുരക്ഷാ ഉപകരണങ്ങൾ ലഭിച്ചുതുടങ്ങിയിട്ടില്ല! 1.7 കോടി പിപിഇക്ക് ഓർഡർ നൽകിയിട്ടേയുള്ളൂ. അതും എത്തിയിട്ടില്ല! രാജ്യത്തിന്റെ പല ഭാഗത്തും സുരക്ഷാഉപകരണങ്ങൾക്കുവേണ്ടി ഡോക്ടർമാരുൾപ്പെടെ ആരോഗ്യപ്രവർത്തകർ നെട്ടോട്ടമോടുകയായിരുന്നു. ചില ആശുപത്രികളുടെ മുമ്പിൽ ആരോഗ്യപ്രവർത്തകർ സുരക്ഷാ ഉപകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമരം നടത്തേണ്ടിവരികപോലുമുണ്ടായി.

മേയ് രണ്ടാം വാരം രാജ്യത്തുടനീളം കാണുന്ന ദൃശ്യം ഡോക്ടർമാരുൾപ്പടെയുള്ള ആരോഗ്യപ്രവർത്തകർക്ക് കോവിഡ് രോഗം സ്ഥിരീകരിച്ചിരിക്കുന്നുവെന്നതായിരുന്നു. ദില്ലിയിൽ മാത്രം വ്യത്യസ്ത ആശുപത്രികളിലെ ഡോക്ടർമാരുൾപ്പടെ 350ഓളം ആരോഗ്യപ്രവർത്തകർ മഹാവ്യാധി പിടിപെട്ട് ചികിൽസയിലാണ്. ദില്ലി സർക്കാരിന്റെ ഡോ.ബാബാ സാഹിബ് അംബേദ്കർ ആശുപത്രിയിലെ നിരവധി ഡോക്ടർമാരുൾപ്പടെ 106 ആരോഗ്യപ്രവർത്തകർ രോഗബാധിതരായി. ജഹാംഗീർപുരിയിലെ ബാബു ജഗജീവൻ റാം മെമ്മോറിയൽ ആശുപത്രിയിലെ 74 പേർ, മാക്സ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ 33 പേർ, ലേഡി ഹാർഡിംഗ് മെഡിക്കൽ കോളേജിലെ 12 പേർ, ദില്ലി സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ 25 പേർ എന്നിങ്ങനെ രോഗബാധിതരുടെ എണ്ണത്തിന്റെ ലിസ്റ്റ് നീളുകയാണ്. ഈ ആശുപത്രികളിലെ നൂറുകണക്കിന് മറ്റു ജീവനക്കാർക്ക് ക്വാറന്റൈനിൽ പോകേണ്ടിയും വന്നു. ഇവയിൽ ഏറിയ പങ്കും സർക്കാർ ആശുപത്രികളാണ്, പലതും കൊറോണ ചികിൽസ നടത്തുന്ന ആതുരാലയങ്ങളുമാണ്. രോഗബാധയെത്തുടർന്ന് ഏതാനും ചില ആശുപത്രികളുടെ പ്രവർത്തനം നിർത്തി വയ്ക്കേണ്ടിയുംവന്നു.

ദില്ലിയിലെയും രാജ്യത്തെയും അതിസങ്കീർണ്ണമായ രോഗബാധയുടെ നിർണ്ണായക സാഹചര്യത്തിൽ ഇത്രയുമധികം ആരോഗ്യപ്രവർത്തകർ സേവനരംഗത്തുനിന്ന് വിട്ടുനിൽക്കാൻ ഇടയാക്കിയതിൽ മറ്റുള്ളവയോടൊപ്പമോ അതിലുമേറെയോ കാരണമായിട്ടുള്ളത് സുരക്ഷാഉപകരണങ്ങളുടെ അഭാവമാണ്. ഈ സാഹചര്യം ചികിൽസാ സംവിധാനത്തിന്റെ മേൽ സൃഷ്ടിക്കുന്ന സമ്മർദ്ദം വളരെവലുതാണ്. കാര്യങ്ങൾ കൈവിട്ടുപോകുന്നതിൽ ഇക്കാരണങ്ങളെല്ലാം ഗൗരവതരമായ പങ്കു വഹിക്കുന്നു. ചികിൽസ ഉറപ്പാക്കാൻ രാജ്യം മുഴുവൻ ആരോഗ്യപ്രവർത്തകർ ഉറക്കമൊഴിഞ്ഞ് കഠിനാദ്ധ്വാനം ചെയ്യുമ്പോൾ സംരക്ഷിക്കാൻ ഒരു പഴുതുമില്ലാത്ത നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ട സർക്കാരാണ് അവരുടെ തലയ്ക്കുമുകളിൽ പുഷ്പവൃഷ്ടി നടത്താൻ കോടികൾ ചെലവഴിക്കുന്നത്. സുരക്ഷാ ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാൽ ചില ഡോക്ടർമാർ മഴക്കോട്ടും ഹെൽമറ്റും ബദലായി ഉപോയഗിക്കുന്നുവെന്ന വാർത്ത നിരവധി അന്തർദ്ദേശീയ മാധ്യമങ്ങളിൽ ചിത്രങ്ങൾ സഹിതം വരികയുണ്ടായി. ബീഹാർ സംസ്ഥാനം 5 ലക്ഷം പിപിഇ കിറ്റുകൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചത് വെറും 4000 എണ്ണം മാത്രമെന്ന റിപ്പാർട്ടും പുറത്തുവന്നത് ഏപ്രിൽ ഒമ്പതിനാണ്. മുംബൈയിൽ 1300 പോലീസുകാർക്ക് ഡ്യൂട്ടിക്കിടയിൽ രോഗബാധയുണ്ടായിരിക്കുന്നു. മതിയായ മുൻകരുതലുകൾ ലഭ്യമാക്കാതെയും വേണ്ടത്ര ധാരണ നൽകാതെയും പോലീസ് സേനയെ ഡ്യൂട്ടിക്ക് അയച്ചതുകൊണ്ടു മാത്രമാണ് ഇത്രയുമധികം പേർക്ക് രോഗബാധയുണ്ടായത്. 55 പോലീസ്ഉദ്യോഗസ്ഥർ ഇതിനകം മരണമടഞ്ഞു.

നേരിടേണ്ടി വരുന്ന യുദ്ധസമാനമായ സാഹചര്യത്തിന്റെ മുഴുവൻ ഗൗരവവും മുൻകൂട്ടി ഉൾക്കൊണ്ട് മികവാർന്ന പ്രൊഫഷനൽ വൈഭവത്തോടെ ഫെബ്രുവരിയിൽത്തന്നെ വൻതോതിൽ ടെസ്റ്റ് കിറ്റുകളും സുരക്ഷാ ഉപകരണങ്ങളും വെന്റിലേറ്ററുകളും സമാഹരിക്കാനും പൊതുജനാരോഗ്യസംവിധാനത്തെ അടിമുടി സജ്ജീകരിക്കാനും കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രതിസന്ധിയെ വലിയൊരളവിൽ മറികടക്കാൻ കഴിയുമായിരുന്നു. സർക്കാരിന്റെ പൂർണ്ണ സജ്ജമായ ഒരു സംവിധാനത്തിന്റെ പിൻബലം തങ്ങൾക്കുണ്ടെന്ന് ബോധ്യമായാൽ അത് ആരോഗ്യപ്രവർത്തകർക്കു നൽകുന്ന ആത്മവിശ്വാസം വളരെ വലുതാകുമായിരുന്നു.

ലോകാരോഗ്യ സംഘടന ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് ജനുവരി 30നാണ്. ഫെബ്രുവരി പതിനൊന്നിന് വീണ്ടും മുന്നറിയിപ്പു നൽകി. എന്നാൽ കേന്ദ്രസർക്കാർ ഡൊണാൾഡ് ട്രംപിനെ സ്വീകരിക്കുന്നതിന്റെയും മധ്യപ്രദേശിൽ കോൺഗ്രസ്സ് സർക്കാരിനെ അട്ടിമറിക്കുന്നതിന്റെയും ഗുജറാത്തിൽ രാജ്യസഭാ തെരഞ്ഞെടുപ്പിനു വേണ്ടി കൂറുമാറ്റം സംഘടിപ്പിക്കുന്നതിന്റെയും തിരക്കിലായിരുന്നു. ഫെബ്രുവരിയിലും മാർച്ചിലും പ്രായോഗിക തലത്തിൽ കാര്യമായി ഒന്നും ചെയ്തില്ല. ചില മന്ത്രിതല യോഗങ്ങളും സർക്കാർ ഉത്തരവുകളും ജനതാ കർഫ്യൂവും ലോക്ക് ഡൗണുമല്ലാതെ. മെയ് മൂന്നാം വാരത്തോടെ ടെസ്റ്റുകളുടെ എണ്ണം പ്രതിദിനം 1 ലക്ഷത്തിലെത്തിയത് നേട്ടമാണെങ്കിലും അപ്പോഴേക്കും കാ

**സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് മികവാർന്ന പ്രൊഫഷനൽ വൈഭവത്തോടെ ഫെബ്രുവരിയിൽത്തന്നെ വൻതോതിൽ ടെസ്റ്റ് കിറ്റുകളും സുരക്ഷാഉപകരണങ്ങളും വെന്റിലേറ്ററുകളും സമാഹരിക്കാനും പൊതുജനാരോഗ്യസംവിധാനത്തെ അടിമുടി സജ്ജീകരിക്കാനും കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രതിസന്ധിയെ വലിയൊരളവിൽ മറികടക്കാൻ കഴിയുമായിരുന്നു.**

*(ശേഷം 4-ാം പേജിൽ)*

# കുടിയേറ്റ തൊഴിലാളികളുടെ ദുരവസ്ഥ: കേന്ദ്രസർക്കാരിന്റേത് കുറ്റകരമായ അനാസ്ഥ

(3-ാം പേജിൽ നിന്ന്)

ര്യങ്ങൾ നിയന്ത്രണം വിട്ടിരുന്നു. എന്തുകൊണ്ടാണ് മാർച്ചുമാസത്തിൽത്തന്നെ ധാരാവിയിൽ പൂൾ ടെസ്റ്റും റാൻഡം ടെസ്റ്റുമുൾപ്പടെ വൻതോതിൽ ടെസ്റ്റുകൾ നടത്താൻ സർക്കാരിനു കഴിയാതെപോയത്? ഇന്ന് മുംബൈ രോഗബാധയുടെ ഭീതികേന്ദ്രമായി മാറിയതിൽ ധാരാവി വലിയൊരു പങ്കുവഹിക്കുന്നു.

**മഹാവ്യാധി സൃഷ്ടിച്ച മനുഷ്യദുരന്തത്തെ നേരിടുന്നതിൽ കേന്ദ്രസർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു**

ഭരണനിർവ്വഹണ രംഗത്തെ കാര്യശേഷി ശരാശരി നിലവാരത്തിൽ നിലനിർത്തിയാൽപ്പോലും ഇപ്രകാരമൊരു പ്രതിസന്ധിയെ നേരിടാനാവില്ല എന്നിരിക്കെയാണ് കേന്ദ്രസർക്കാർ അതിലും താഴേക്കുപോയിരിക്കുന്നത്. ഓരോ മിനിറ്റും ഓരോ മണിക്കൂറും നിർണ്ണായകമായ യുദ്ധമാണിത്. രോഗവ്യാപനത്തിന്റെ തോത് അത്രയുമേറെ വേഗതയിലുള്ളതാണ്. ഓരോ നടപടിയും വസ്തുനിഷ്ഠമായ പരിശോധനയ്ക്കും കാര്യാലോചനയ്ക്കും വിധേയമാക്കേണ്ടതുണ്ട്. ഒരു വിധ പശ്ചാത്തലവുമൊരുക്കാതെ, ഒരു തയ്യാറെടുപ്പുമില്ലാതെയാണ് ഒന്നാം ലോക്ക് ഡൗൺ പ്രഖ്യാപിച്ചതെന്ന് രാജ്യത്തെ മാധ്യമങ്ങളും ആരോഗ്യ-സാമ്പത്തിക വിദഗ്ദ്ധരും ഒരു പോലെ അഭിപ്രായപ്പെടുന്നു. സർക്കാരിന്റെ കുഴലൂത്തുകാർക്കും നീതി ആയോഗ് പോലുള്ള ഏജൻസികൾക്കുമല്ലാതെ മറ്റാർക്കും വ്യത്യസ്തമായ അഭിപ്രായമില്ല. കോവിഡ് പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ സഹജമായിത്തന്നെ ഒരു ഭൗതിക സാഹചര്യവുമില്ലാത്ത, പരമദരിദ്രരായ, രോഗവാഹകരും അല്ലാത്തവരുമായ ലക്ഷക്കണക്കിന് കുടിയേറ്റത്തൊഴിലാളികൾ കഴിഞ്ഞ 60 ദിവസമായി തെരുവുകളിലും ട്രക്കുകളിലും ബസ്സുകളിലുമാണ്. രോഗവ്യാപനത്തിന്റെ തോതിനെ വൻതോതിൽ ഉയർത്താൻ സാധ്യതയുള്ള ഈ സ്ഥിതിവിശേഷം സർക്കാരിന്റെ ആസൂത്രണമില്ലായ്മയുടെയും സർവ്വോപരി മനുഷ്യത്വരാഹിത്യത്തിന്റെയും സൃഷ്ടിയാണ്. സർക്കാരിന്റെ കണക്കിൽ 8 കോടി വരുന്ന ഈ പട്ടിണിപ്പാവങ്ങളെ ഒന്നുകിൽ അവരുടെ ഗ്രാമങ്ങളിലെത്തിക്കാൻ ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിനുമുമ്പുതന്നെ നടപടികൾ സ്വീകരിക്കണമായിരുന്നു. അല്ലെങ്കിൽ ഭക്ഷണവും കുടിവെള്ളവും പണവും പാർപ്പിടവും ആരോഗ്യപരിരക്ഷയും നൽകി സുരക്ഷിതമായി കഴിഞ്ഞുകൂടാൻ മനുഷ്യോചിതമായ സംവിധാനം ഒരുക്കണമായിരുന്നു.

**ലോക് ഡൗൺ കാലത്ത് ഒഴിഞ്ഞു കിടന്നിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ഹാളുകളും ആരാധനാലയങ്ങളും പാർപ്പിടസൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഇൻഡ്യയുടെ അതിബൃഹത്തായ സൈനികശക്തിയുടെ സഹായത്തോടെ നിർദ്ധനരായ കുടിയേറ്റത്തൊഴിലാളികൾക്ക് സാധാരണ മനുഷ്യജീവിതം ഉറപ്പാക്കാൻ സർക്കാർ തുനിഞ്ഞില്ല എന്നത് പിടിപ്പുകേടിനെ മാത്രമല്ല കേന്ദ്രസർക്കാരിന്റെ മനുഷ്യത്വരാഹിത്യത്തെയും വെളിവാക്കുന്നു.**

പതിനായിരക്കണക്കിനു വിദ്യാഭ്യാസസ്ഥാപനങ്ങളും ആയിരക്കണക്കിനു ഹാളുകളും പാർപ്പിടസൗകര്യങ്ങളും ആരാധനാലയങ്ങളും ലോക്ക് ഡൗൺ കാലത്തു ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഇവയെല്ലാം ഉപയോഗപ്പെടുത്തി ഇൻഡ്യയുടെ അതിബൃഹത്തായ സൈനികശക്തിയുടെ സഹായത്തോടെ നിർദ്ധനരായ കുടിയേറ്റത്തൊഴിലാളികൾക്ക് സാധാരണമനുഷ്യജീവിതം ഉറപ്പാക്കാൻ കഴിയുമായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു.

ഇപ്പോൾ മഹാരാഷ്ട്രയിലും ഗുജറാത്തിലും രോഗം സാമൂഹ്യവ്യാപനത്തിന്റെ തലത്തിലേക്ക് എത്തിയപ്പോഴാണ് ശ്രമിക് സ്പെഷ്യൽ ട്രെയിനുകൾ ഏർപ്പെടുത്തി കുടിയേറ്റത്തൊഴിലാളികളെ അവരവരുടെ സംസ്ഥാനങ്ങളിലേക്ക് എത്തിക്കാൻ തീരുമാനിച്ചത്. രോഗവാഹകരാകാനുള്ള സാധ്യത പതിന്മടങ്ങ് ഉയർന്നതിനുശേഷം ഇവർ യാത്രചെയ്യുന്നതിനേക്കാൾ എത്രയോ അപകടരഹിതമായിരുന്നു ലോക്ക് ഡൗൺ പ്രഖ്യാപിക്കാതെ മാർച്ച് അവസാനവാരം ഇവരെ യാത്രചെയ്യാൻ അനുവദിച്ചിരുന്നെങ്കിൽ. അന്നാകട്ടെ സാധാരണ നിലയുള്ള ട്രെയിൻ സർവ്വീസുകൾ നിലനിൽക്കുന്നുണ്ടായിരുന്നു. അവശ്യമെങ്കിൽ സ്പെഷ്യൽ ട്രെയിനുകളും ഓടിക്കാൻ കഴിയുമായിരുന്നു.

ലോക്ക് ഡൗൺ പ്രഖ്യാപിച്ച് ഈ തൊഴിലാളികളോടും സാധാരണജനങ്ങളോടും അവരവർ കഴിയുന്നിടങ്ങളിൽ തുടരുക എന്നാവശ്യപ്പെടുമ്പോൾ എത്ര ദിനങ്ങളിലേക്കു അതു വേണ്ടിവരുമെന്ന് സർക്കാർ ചിന്തിച്ചിരുന്നോ? ഏറിയാൽ ഒരാഴ്ച മാത്രം പിടിച്ചുനിൽക്കാനുള്ള സാമ്പത്തികഭദ്രതയേ ഈ തൊഴിലാളികൾക്കുള്ളൂ എന്ന് മനസ്സിലാക്കാൻ സർക്കാരിനു കഴിയാതെ പോയതെന്തുകൊണ്ടാണ്? ഈ പട്ടിണിപ്പാവങ്ങൾക്ക് രണ്ടു മാസം പിടിച്ചുനിൽക്കാൻ കഴിയുമെന്നും അതിനുശേഷം കോവിഡ്ബാധ കുറയുമെന്നും അപ്പോൾ ഇവർക്ക് പണിയിൽ തിരികെപ്രവേശിക്കാൻ കഴിയുമെന്നാണോ സർക്കാർ കണക്കുകൂട്ടിയത്? 2 മാസത്തിനുള്ളിൽ രോഗത്തിന്റെ തോത് കുറയുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിവില്ലായ്മയുടെ ഒന്നാന്തരം ഉദാഹരണമായി അതിനെ കാണണം. അപ്രകാരം വിലയിരുത്തിയിട്ടില്ലെങ്കിൽ കുടിയേറ്റത്തൊഴിലാളികൾക്ക് അനിശ്ചിതമായി അവർ താമസിക്കുന്ന സ്ഥലങ്ങളിൽ തുടരാൻ കഴിയുമെന്ന നിഗമനത്തിലെത്തണം. അതാകട്ടെ യാഥാർത്ഥ്യബോധം തരിമ്പുമില്ലാത്ത നിഗമനമാണുതാനും. ഇതെല്ലാം പരിഗണിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം സർക്കാർ ഒന്നും ചിന്തിച്ചിരുന്നില്ല എന്നുതന്നെയാണ്. തീർത്തും നിരുത്തരവാദപരമായാണ് സർക്കാർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതെന്ന് ഇത് വ്യക്തമാക്കുന്നു.

നിരന്തരമായ അഭ്യർത്ഥനയെത്തുടർന്ന് ഒടുവിൽ ശ്രമിക് ട്രെയിൻ ഏർപ്പെടുത്തിയപ്പോൾ അതിൽ കയറിപ്പറ്റണമെങ്കിൽ കുടിയേറ്റത്തൊഴിലാളികൾ ടിക്കറ്റ് ചാർജ്ജ് ഒടുക്കണ്ണമെന്ന വാർത്ത കേട്ട് രാജ്യം അക്ഷരാർത്ഥത്തിൽ ഹൃദയമുരുകുകയും പ്രതിഷേധിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനം പിൻവലിക്കാൻ ഈ നിമിഷം വരെയും റെയിൽവേയോ സർക്കാരോ തയ്യാറായിട്ടില്ല.

**കുടിയേറ്റത്തൊഴിലാളികളെയും തൊഴിൽ നഷ്ടപ്പെട്ടവരെയും പൂർണ്ണമായും കൈവെടിഞ്ഞ ഉത്തേജക പാക്കേജ്**

പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ പ്രഖ്യാപിച്ച 20 ലക്ഷം കോടി രൂപയുടെ ഉത്തേജക പാക്കേജ് ധനമന്ത്രി നിർമ്മലാ സീതാരാമൻ മേയ് 14 മുതൽ 5 ഘട്ടമായാണ് വിശദീകരിച്ചത്. ആദ്യം പ്രഖ്യാപിച്ച (മാർച്ച് 26) പാക്കേജിന്റെ 1.7 ലക്ഷം കോടിയുടെ തുക കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് 20.9 ലക്ഷം കോടി തികച്ചിട്ടുള്ളത്. ഈ തുക ഇൻഡ്യയുടെ ജി.ഡി.പിയുടെ 10 ശതമാനമാണെന്ന് ഗണിതപ്രകാരം ശരിയാണെങ്കിലും പ്രയോഗത്തിൽ കേന്ദ്രഖജനാവിൽ നിന്ന് ചെലവഴിക്കുന്നത് വെറും 2 ശതമാനം മാത്രമാണെന്ന് സാമ്പത്തികവിദഗ്ദ്ധരെല്ലാം ഒരുപോലെ ചൂണ്ടിക്കാട്ടുന്നു. അതുമാത്രവുമല്ല ലോക്ക് ഡൗൺ വഴി ഏറ്റവും തകർന്ന സാധാരണതൊഴിലാളികൾക്കും കുടിയേറ്റത്തൊഴിലാളികൾക്കും പട്ടിണിപ്പാവങ്ങൾക്കും നേരിട്ടുപ്രയോജനപ്പെടുന്നതായി വിദൂരമായെങ്കിലും പരിഗണിക്കാവുന്ന തുക ജിഡിപിയുടെ ഒരു ശതമാനം മാത്രമേ വരൂ എന്ന് നീക്കിവച്ചിട്ടുള്ള വിഹിതം പരിശോധിച്ചാൽ വ്യക്തമാകും. ആദ്യം പ്രഖ്യാപിച്ച 1.7 ലക്ഷം കോടിയിൽ സാധാരണ ജനങ്ങൾക്കായി നീക്കിവച്ച തുച്ഛമായ തുകയെ ദേശീയ പ്രമുഖനായ പത്രപ്രവർത്തകൻ പി.സായ്നാഥ് വിശേഷിപ്പിച്ചത് 'അശ്ലീല'മെന്നാണ്. ജൻധൻ അക്കൗണ്ടുള്ള സ്ത്രീകൾക്ക് പ്രതിമാസം 500 രൂപാ(!) വീതം 3 മാസത്തേക്ക്, തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവർക്ക് പ്രതിമാസം 20 രൂപയുടെ(!) വർദ്ധനവ്, എല്ലാവർക്കും 5 കിലോ അരിയും 1 കിലോ ധാന്യവും ഇതായിരുന്നു പ്രഖ്യാപനം. നിലവിൽ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കിസാൻ യോജന പദ്ധതിയുടെ 2000 രൂപ മെയ് മാസത്തിൽ നൽകേണ്ടത് ഏപ്രിൽ മാസത്തിൽ നൽകും(ഇത് കോവിഡ് വ്യാധി സൃഷ്ടിച്ച സാമ്പത്തികത്തകർച്ചയെ പരിഗണിച്ചുള്ളതല്ല). വരുമാനത്തിന്റെ എല്ലാ ഉറവിടവും അടഞ്ഞുപോയ പാവപ്പെട്ട തൊഴിലാളിക്കു നൽകുന്ന സാമ്പത്തിക സഹായമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. രാജ്യത്തെ 65 കോടി ദരിദ്രരിൽ (ലോകബാങ്കിന്റെ പുതിയ കണക്കുപ്രകാരം) എത്രപേർക്കാണ് ജൻധൻ അക്കൗണ്ടുള്ളത്? ഉള്ളവർക്ക് ലഭിക്കുന്ന 500 രൂപ തൊഴിലാളിയെ അപമാനിച്ചും പരിഹസിച്ചും നൽകുന്ന പിച്ചക്കാശു മാത്രമാണ്.

മാർച്ച് 14നു പ്രഖ്യാപിച്ചു തുടങ്ങിയ 20 ലക്ഷം കോടിയുടെ ആത്മനിർഭർ ഭാരത് പാക്കേജിൽ തൊഴിൽ നഷ്ടപ്പെട്ടവർക്കും കുടിയേറ്റത്തൊഴിലാളിക്കും ഒരു ചില്ലിത്തുട്ടുപോലും നേരിട്ടുപണം നൽകുന്നതിനായി നീക്കിവച്ചില്ല. രാജ്യം മുഴുവൻ ഒറ്റക്കെട്ടായി ഉയർത്തിയ ആവശ്യം അതായിരുന്നു. മുഴുപ്പട്ടിണിക്കാർക്കുള്ള ആശ്വാസമെന്ന നിലയിൽ മാത്രമല്ല തകർന്നടിഞ്ഞ സാമ്പത്തികവ്യവസ്ഥയുടെ ചലനത്തിന് അത് അനിവാര്യമാണ് എന്നതിനാലുമാണ് ഈ ആവശ്യം ഉയർന്നുവന്നത്. ഏറ്റവും ന്യായമായ ഈ ആവശ്യം പരിഗണിക്കാൻ കേന്ദ്രസർക്കാർ തയ്യാറായതേയില്ല. 8 കോടി കുടിയേറ്റത്തൊഴിലാളികൾക്ക് 5 കിലോ അരിയും 1 കിലോ കടലയും 2 മാസത്തേക്കു നൽകുമെന്നതാണ് ആത്മനിർഭർ പദ്ധതിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ ഭക്ഷ്യവസ്തുക്കളുടെ മൂല്യം വെറും 250 രൂപയേ വരൂ. അതായത് 20.9 ലക്ഷം കോടി രൂപയിൽ ഒരു കുടിയേറ്റത്തൊഴിലാളിക്കു ലഭിക്കുന്നത് 250 രൂപാ മാത്രമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയ്ക്കായി 40,000 കോടി അധികം നീക്കിവയ്ക്കുമെന്ന് 20 ലക്ഷം കോടിയുടെ പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മടങ്ങിവരുന്ന കുടിയേറ്റത്തൊഴിലാളികൾ സ്വന്തം ഗ്രാമത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ചേരുമ്പോൾ ഈ ആനുകൂല്യം ലഭിക്കുമെന്നാണ് വാഗ്ദാനം. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി രാജ്യത്തു നിലനിൽക്കുമ്പോൾത്തന്നെ ലക്ഷോപലക്ഷം തൊഴിലാളികൾ ഈ പദ്ധതിയുടെ ഭാഗമാകാതെ നഗരങ്ങളിലേക്ക് തൊഴിൽ തേടി പലായനം ചെയ്തതിന്റെ ഒരേയൊരു കാരണം ഈ പദ്ധതിപ്രകാരം ലഭിക്കുന്ന കൂലി പരമതുഛമാണെന്നതും കൂലി വളരെ വൈകിയേ ലഭിക്കൂ എന്നതും തൊഴിൽ ഉറപ്പില്ല എന്നതുമാണ്. അഴിമതിയും കാര്യക്ഷമതയില്ലായ്മയുംകൊണ്ട് രാജ്യം മുഴുവൻ ഈ പദ്ധതി താറുമാറായ നിലയിലാണ് ഇന്നുള്ളത്. അതിലേക്ക് അനുവദിക്കപ്പെടുന്ന 40,000 കോടി രൂപ എപ്രകാരമാണ് കുടിയേറ്റത്തൊഴിലാളിയുടെ കൈവശമെത്തുക? ഈ പ്രഖ്യാപനം പാഴ്വാക്കുമാത്രമായി മാറുമെന്നുറപ്പാണ്. ഏറ്റവും നിരുത്തരവാദപരമായും പിടിപ്പുകെട്ടും ഭരിക്കുന്ന ലോകത്തെ ചില രാജ്യങ്ങളിൽപ്പോലും പ്രഖ്യാപിച്ച ഉത്തേജകപാക്കേജിൽ വലിയ തുകകൾ ജനങ്ങൾക്ക് നേരിട്ടുകൈമാറുന്നതിനായി നീക്കിവച്ചിരുന്നു. മനുഷ്യത്വത്തിന്റെ ലാഞ്ചനപോലുമില്ലാത്ത അമേരിക്കയിൽപ്പോലും തൊഴിൽ നഷ്ടപ്പെട്ടവർക്ക് നീക്കിവച്ചിട്ടുള്ള തുക പ്രതി

(ശേഷം 5-ാം പേജിൽ)

# കോവിഡിനെ മറയാക്കി നടപ്പിലാക്കുന്നത് കൊടിയ ജനദ്രോഹ നയങ്ങൾ

**20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജിലെ സാമ്പത്തികപ്രഖ്യാപനങ്ങൾ മുഴുവൻ വായ്പാമേളയുടെ അറിയിപ്പുമാത്രമാണ്. ആകെ പ്രഖ്യാപിച്ചിട്ടുള്ള തുകയിൽ 8100 കോടി രൂപമാത്രമാണ് സർക്കാർ ഖജനാവിന് ബാധ്യതയായി വരുന്നത്. പണലഭ്യത ഉറപ്പാക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് ബാങ്കുകളോടും ഇതര ധനകാര്യസ്ഥാപനങ്ങളോടുമാണ്.**

*(4-ാം പേജിൽ നിന്ന്)*

ശീർഷം 2000 ഡോളറാണ്. ഫ്രാൻസും ജർമ്മനിയും നൽകുന്നതും ജീവിതം നിലനിർത്താൻ സഹായകരമായ ഭേദപ്പെട്ട തുകകളാണ്. ഏറ്റവും ദരിദ്രർ തിങ്ങിപ്പാർക്കുന്ന നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് മുകളിൽ സൂചിപ്പിച്ച പ്രഖ്യാപനങ്ങളല്ലാതെ നേരിട്ടു പണം കൈമാറുന്ന ഒരുവിധ പദ്ധതിയും ആത്മനിർഭർ ഭാരതിൽ ഉണ്ടായിരുന്നില്ല.

20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജിലെ സാമ്പത്തികപ്രഖ്യാപനങ്ങൾ മുഴുവൻ ഒരു വായ്പാമേളയുടെ അറിയിപ്പുമാത്രമായിരുന്നു. ആകെ പ്രഖ്യാപിച്ചിട്ടുള്ള തുകയിൽ 8100 കോടി രൂപയാണ് നേരിട്ട് സർക്കാർ ഖജനാവിന്റെമേൽ ബാധ്യതയായി വരുന്നതെന്ന ഒരു കണക്ക് ചില വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു(ദ്രി ഹിന്ദു, 21 മെയ് 2020). അത് അനുവദിച്ചിട്ടുള്ളതാകട്ടെ Social Sector Infrastructureൽ സ്വകാര്യനിക്ഷേപം വർദ്ധിപ്പിക്കാനുള്ള viability gap funding 30 ശതമാനമായി ഉയർത്തുന്നതിനുവേണ്ടിയാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് (MSME) 3 ലക്ഷം കോടി രൂപയുടെ വായ്പാ പ്രഖ്യാപനം ഉൾപ്പെടെയുള്ള ഒട്ടുമിക്ക പ്രഖ്യാപനങ്ങളും ലളിതവ്യവസ്ഥകളിലൂടെയും മാർഗ്ഗങ്ങളിലൂടെയും മൂലധന ലഭ്യത ഉറപ്പാക്കി സപ്ലൈയുടെ വശത്തെ മുന്നോട്ടു നീക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. പണലഭ്യതയുടെ കുറവ് (liquidity crunch) എന്ന പ്രശ്നം അവർ ഉൽപ്പാദകരുടെ ഭാഗത്തുമാത്രമേ കാണുന്നുള്ളൂ. ഖജനാവിന് ഒരു ബാധ്യതയും വരുത്താതെ, ഒരു ഈടും വാങ്ങാതെ പണലഭ്യത ഉറപ്പാക്കാൻ അവർ നിർദ്ദേശിച്ചിരിക്കുന്നത് ബാങ്കുകളോടും ഇതര ധനകാര്യസ്ഥാപനങ്ങളോടുമാണ്. എത്ര ചെറുകിട-ഇടത്തരം ഉൽപ്പാദകർ വീണ്ടും വായ്പ വാങ്ങാൻ മുതിരുമെന്നത് കാത്തിരുന്ന് കാണുകതന്നെ വേണ്ടിവരും. വിപണി നിശ്ചലമായിരിക്കുന്നുവെന്നതാണ് അടിസ്ഥാനപ്രതിസന്ധി. അത്തരമൊരു അനിശ്ചിതത്വത്തിന്റെ വേളയിൽ വായ്പയിലൂടെ പണലഭ്യത ഉറപ്പാക്കി ഉൽപ്പാദനത്തിലൂടെ സപ്ലൈയുടെ വശത്തേക്ക് എത്രപേർ ആശങ്കയില്ലാതെ ഇറങ്ങും?

ഇതിനോടകം വമ്പിച്ച പ്രതിസന്ധിയെ നേരിടുന്ന ബാങ്കുകളെ ഇതെങ്ങിനെ ബാധിക്കും എന്നത് നിശ്ചയമായും പ്രവചിക്കാൻ കഴിയും. വായ്പ നൽകുന്ന ഒരു ബാങ്കും തിരിച്ചടവ് പ്രതീക്ഷിക്കേണ്ടതില്ല. ഈ പാക്കേജു തന്നെയായിരിക്കും അതിന്റെ കാരണങ്ങളിലൊന്ന്. ജനങ്ങളുടെ ക്രയശേഷി താൽക്കാലികമായെങ്കിലും ഉയർത്തി, മുതലാളിത്ത യുക്തിപ്രകാരമെങ്കിലും ഡിമാന്റിനെ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ എവിടെയാണ് ഉൽപ്പാദനമേഖലയിൽ ഉത്തേജനമുണ്ടാവുക?

കോവിഡിനുമുമ്പുതന്നെ ജിഡിപി 5 ശതമാനത്തിൽ നിന്നും 4.1 ശതമാനത്തിലേക്കു കൂപ്പുകുത്തിയിരുന്നു. ആട്ടോമൊബൈൽ വ്യവസായം തുടങ്ങി പാർലേ ബിസ്കറ്റ് കമ്പനിവരെ വിപണി പ്രതിസന്ധിയിൽ ആടിഉലയുകയായിരുന്ന വേളയിലാണ് മഹാവ്യാധിയുടെ ആഘാതമുണ്ടായിട്ടുള്ളത്. കോവിഡിനെത്തുടർന്ന് വരുമാനം നഷ്ടപ്പെട്ട കോടിക്കണക്കിനു തൊഴിലാളികൾ ക്രയശേഷി ചുരുങ്ങി, വിപണിയുടെ ഭാഗമേ അല്ലാതായി മാറിക്കഴിഞ്ഞു. പരിമിതമായ ഉണ്ടായിരുന്ന ശമ്പളം പോലും കോവിഡിന്റെ മറയിൽ എല്ലാ സ്വകാര്യകമ്പനികളും വെട്ടിക്കുറച്ചു. 5 സംസ്ഥാന സർക്കാരുകൾ ആരോഗ്യപ്രവർത്തകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ചു. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്ന ഡി.എ 2021 വരെ റദ്ദാക്കി. വിലപേശി ഇതൊക്കെ തിരികെ വാങ്ങാൻ സഹായകരമായ തൊഴിൽ നിയമങ്ങളെല്ലാം ഓർഡിനൻസിലൂടെ കുഴിച്ചുമൂടി. 14 കോടി ജനങ്ങൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ദ് സെന്റർ ഫോർ മോനിറ്ററിംഗ് ഇൻഡ്യൻ ഇക്കണോമിയുടെ പഠനം വ്യക്തമാക്കുന്നു.

രാജ്യാന്തരവിപണിയിൽ പെട്രോളിന്റെ വിലയിടിഞ്ഞതു വഴി ജനങ്ങൾക്കു ലഭിക്കുമായിരുന്ന സാമ്പത്തികാശ്വാസം എക്സൈസ് നികുതി അതിഭീമമായി വർദ്ധിപ്പിച്ച് ജനങ്ങൾക്ക് നിഷേധിച്ചു. തൊഴിലാളികളുടെ ശമ്പളം വെട്ടിക്കുറയ്ക്കരുതെന്ന കേന്ദ്രസർക്കാരിന്റെ ഉത്തരവിനെതിരെ സ്വകാര്യ ഉൽപ്പാദകരുടെ സംഘടന ഹർജി നൽകിയപ്പോൾ, അത് അംഗീകരിച്ചുകൊണ്ട്, ശമ്പളം നൽകാൻ സ്വകാര്യ കമ്പനികളുടെമേൽ ബലം പ്രയോഗിക്കരുതെന്ന് സുപ്രീം കോടതി സർക്കാരിനോട് ആവശ്യപ്പെട്ടു. തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കാൻ ബാധ്യസ്ഥമായ നീതിപീഠവും അവരെ കൈയൊഴിഞ്ഞു. ഇനി എങ്ങിനെയാണ് ഡിമാന്റിന്റെ വശം ശക്തിപ്പെടുന്നതെന്ന് മുതലാളിത്തത്തിന്റെ കുഴലൂത്തുകാർ പറയട്ടെ. അടിയന്തരമായി വിപണിയെ ചലിപ്പിക്കാനുള്ള നടപടികൾ-ജനങ്ങളുടെ കൈവശം പണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ വലിയ തകർച്ചയിലേക്ക് രാജ്യം പതിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഡിമാന്റില്ലാതെ സപ്ലൈ ശക്തിപ്പെടുത്താമെന്ന മോദി സർക്കാരിന്റെ പുതിയ സിദ്ധാന്തം രാജ്യത്തെ വിനാശത്തിലേക്കാണ് നയിക്കുന്നത്. ഉൽപ്പാദകരുടെ പണലഭ്യതയുടെ കുറവിനെക്കുറിച്ച് ആശങ്കപ്പെടുന്ന സർക്കാർ സാധാരണ ജനങ്ങളുടെ കീശ തീർത്തും കാലിയായിരിക്കുന്നുവെന്നത് പരിഗണിക്കുന്നതേയില്ല. സാധാരണജനങ്ങൾക്ക് ഒരണപോലും നൽകാൻ തയ്യാറില്ലാത്ത സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 20 ലക്ഷം കോടിയുടെ ആത്മനിർഭർ പാക്കേജ് രാജ്യത്തിന്റെ ഉൽപ്പാദനവ്യവസ്ഥയ്ക്ക് ഒരു ഉത്തജനവും നൽകില്ല.

### സ്വകാര്യവൽക്കരണത്തിന്റെ അന്തംവിട്ട പ്രയാണം

ഉത്തജക പാക്കേജിന്റെ ഭാഗമായി മാർച്ച് 17നു പ്രഖ്യാപിച്ച നടപടികൾ, അതീവ തന്ത്രപ്രധാനമായ മേഖലകളുടെ അടിമുടിയുള്ള സ്വകാര്യവൽക്കരണത്തിന്റെ നയപ്രഖ്യാപനമായിരുന്നു. വമ്പിച്ച എതിർപ്പിനെ നേരിടേണ്ടി വരുമെന്നറിയാവുന്നതിനാൽ കൊറോണ ഉപയോഗപ്പെടുത്തി ഓർഡിനൻസ് റൂട്ട് സ്വീകരിച്ചുകൊണ്ട് പ്രഖ്യാപിച്ച ആത്മനിർഭർ ഭാരത് അഭിയാൻ പാക്കേജ് രാജ്യത്തെ ഒന്നാകെ വിൽക്കുന്ന കർമ്മപരിപാടിയാണ്. യഥാർത്ഥത്തിൽ ഒരു സാമ്പത്തിക പാക്കേജല്ല, വ്യവസായ പരിഷ്കാരങ്ങളുടെ ഒരു നയരേഖയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. സ്വാശ്രയഭാരതമെന്ന ഈ പദ്ധതിയിൽ ഏറ്റവും പ്രധാനമായത് ആട്ടോമാറ്റിക് റൂട്ട് പ്രകാരമുള്ള പ്രതിരോധവ്യവസായ രംഗത്തേക്കുള്ള വിദേശനിക്ഷേപം 49 ശതമാനത്തിൽ നിന്നും 74 ശതമാനമായി ഉയർത്തി എന്നതാണ്. കാല് സ്വയം തല്ലിയൊടിച്ചതിനുശേഷം സ്വന്തം കാലിൽ നിൽക്കുമെന്നു വീമ്പിളക്കുന്ന വിദ്യ എത്ര അപഹാസ്യമാണ്. കൽക്കരി ഖനന രംഗത്തു വരുമാനം പങ്കിടൽ വ്യവസ്ഥപ്രകാരം വാണിജ്യ ഖനനം അനുവദിക്കുകയും സ്വകാര്യ കമ്പനികൾക്ക് പര്യവേഷണം നൽകാൻ അനുമതി നൽകുകയും ചെയ്തു. ധാതുക്കളുടെ ഖനനം നടത്താൻ 500 ഖനന ബ്ലോക്കുകൾ ലേലം ചെയ്യാനും തീരുമാനിച്ചു. രാജ്യത്തിന്റെ വിലപ്പെട്ട കൽക്കരിയുടെയും അപൂർവ്വ ധാതുക്കളുടെയും കണക്കറ്റ സമ്പത്ത് വിറ്റു കോടികളുടെ ലാഭം സൃഷ്ടിക്കാൻ മുതലാളിമാർക്ക് പാതതെളിക്കുകയാണ് സർക്കാർ. സിവിൽ ഏവിയേഷൻ രംഗത്ത്, എയർ സ്പേസ് ഉപയോഗിക്കുന്നതിലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യും.

സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ ആറു വിമാനത്താവളങ്ങൾ ഉടൻ ലേലം ചെയ്യുക, 12 വിമാനത്താവളങ്ങളിൽ 13,000 കോടിയുടെ സ്വകാര്യനിക്ഷേപം ക്ഷണിക്കുക എന്നിവയാണ് ഈ രംഗത്തെ പ്രധാനമായ മറ്റു തീരുമാനങ്ങൾ. ബാഹ്യാകാശ ഗവേഷണരംഗവും സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കും. അന്യഗ്രഹ പര്യവേഷണവും ബാഹ്യാകാശ യാത്രയുമൊക്കെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആണവോർജ്ജ മേഖലയിൽ മെഡിക്കൽ ഐസോടോപ്പിന്റെ ഉൽപ്പാദനത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കും. കേന്ദ്ര ഭരണപ്രദേശങ്ങളിലെ വൈദ്യുതി സംരംഭങ്ങളും വിതരണവും സ്വകാര്യവൽക്കരിക്കും. സ്വകാര്യ മൂലധന ശക്തികൾക്ക് രാജ്യത്തിന്റെ അവശേഷിക്കുന്ന അഭിമാനകരവും വിലപ്പെട്ടതുമായ സമ്പത്തുകൾ യഥേഷ്ടം കൊള്ളയടിക്കാൻ എല്ലാത്തരം നിയന്ത്രണങ്ങളും എടുത്തുകളയുകയാണ് സർക്കാർ. ഇതിനെല്ലാം പുറമെ ഭക്ഷ്യോൽപ്പന്നങ്ങളുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഉണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും പിൻവലിക്കും. ഇനിമേൽ കോർപ്പറേറ്റ് ശക്തികൾക്ക് കാർഷികോൽപ്പാദന മേഖലകളിൽ നിന്ന് എത്ര അളവിൽ ശേഖരിക്കാനും സൂക്ഷിക്കാനും വില ഭീമമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ട് പിടിച്ചുവയ്ക്കാനും ഏറ്റവും ഉയർന്ന വിലയ്ക്ക് വിൽക്കാനുമുണ്ടായിരുന്ന നിയമപരമായ എല്ലാ തടസ്സങ്ങളും നീക്കിക്കൊടുത്തു. ജനങ്ങളുടെ ഭക്ഷണവും ജീവനും മേലിൽ കേർപ്പറേറ്റു ശക്തികളുടെ കരങ്ങളിൽ അമരും. കൂടിയ വില നൽകി ഭക്ഷ്യവസ്തുക്കൾ വാങ്ങാൻ ശേഷിയില്ലാത്ത പാവപ്പെട്ടവർ കൂട്ടത്തോടെ പട്ടിണി കിടന്നു ചത്തൊടുങ്ങും. നാട് അത്തരമൊരു വിപര്യത്തിലേക്കാണ് നീങ്ങുന്നത്.

കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയുടെ പരിഹാരമെന്ന നിലയിലാണല്ലോ സ്വകാര്യമുതലാളിമാർക്ക് ഇത്രയധികം ഉപഹാരം നൽകിയിട്ടുള്ളത്. കോവിഡാനന്തര പ്രതിസന്ധിയുടെ പരിഹാരം അവിടെ നിൽക്കട്ടെ. ഈ കോവിഡ് വേളയെ തരണം ചെയ്യുന്നതിൽ സ്വകാര്യമൂലധന ശക്തികൾ എന്തുപങ്കാണ് വഹിച്ചിട്ടുള്ളത്? രാജ്യത്തിന്റെ സമ്പത്തും അടിസ്ഥാന സൗകര്യങ്ങളും യഥേഷ്ടം ഉപയോഗിച്ച് കണക്കറ്റ സമ്പത്ത് കുന്നുകൂട്ടിയിട്ടുള്ള ഈ ശക്തികൾ ഈ ദേശീയ പ്രതിസന്ധിയുടെ വേളയിൽ നിർലോഭമായ സഹായങ്ങൾ എന്തെങ്കിലും നൽകിയിരുന്നോ? ഉൽപ്പാദന-സർവ്വീസ് രംഗങ്ങളിൽ കഴിയുന്നത്ര സ്വകാര്യമുതലാളിമാർ വരുന്നതാണ് ജനങ്ങൾക്ക് ഗുണകരമാവുക എന്നത് കോവിഡ് കാലം പ്രത്യേകമായി തെളിയിച്ചോ? ഇല്ല എന്നു മാത്രമല്ല, യഥാർത്ഥത്തിൽ ഇതിനു നേർവിപരീതമായ അനുഭവവും പാഠവുമാണ് കോവിഡിന്റെ ഈ ദുരന്തകാലം നമുക്ക് നൽകിയത്.

ഇൻഡ്യയിൽ 93 ശതമാനം ആശുപത്രികൾ, 64 ശതമാനം കിടക്കകൾ തുടങ്ങിയവ സ്വകാര്യ മുതലാളിമാരുടെ ഉടമസ്ഥതയിലാണുള്ളത്. 80 ശതമാനം ഡോക്ടർമാർ സ്വകാര്യ മേഖലയിലാണ് പണിയെടുക്കുന്നത്. വളരെ നിർണ്ണായകമായ ഈ പ്രതിസന്ധിയുടെ വേളയെ നേരിടുന്നതിൽ അപൂർവ്വം ചിലവ ഒഴികെ, രാജ്യത്തെ സ്വകാര്യ ആശുപത്രികൾ ബഹുഭൂരിപക്ഷവും ഒരു സേവനവും നൽകാൻ തയ്യാറായില്ല. രാജ്യം ഇത്രമേൽ ഒരു വിഷമഘട്ടത്തെ അഭിമുഖീകരിക്കുമ്പോൾ അവർ നിർവ്വികാരമായി, കാഴ്ചക്കാരായി നോക്കി നിൽക്കുകയാണ്. വളരെ ഉയർന്ന ഫീസ് വാങ്ങി രോഗപരിശോധന നട

*(ശേഷം 6-ാം പേജിൽ)*

# ക്ഷേമരാഷ്ട്ര സങ്കൽപം സോഷ്യലിസ്റ്റ് വ്യവസ്ഥയിൽനിന്നു കടംകൊണ്ടത്

**കുരുതികഴിക്കപ്പെടുന്ന ഇടതുരാഷ്ട്രീയം...**

*(1–ാം പേജിൽ നിന്ന്)*

ചെയ്യുന്ന ഗൗരവതരമായ രാഷ്ട്രീയ വിഷയങ്ങളും പാഠങ്ങളും ജനങ്ങൾക്കു പകർന്നുനൽകാൻ ലഭിച്ച ഏറ്റവും നല്ല അവസരമായിരുന്നു ഈ വേള. ലാഭതാൽപ്പര്യം കണികപോലുമില്ലാതെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കിയ മഹത്തായ സോഷ്യലിസ്റ്റ് വ്യവസ്ഥയുമായി താരതമ്യപ്പെടുത്തി ലാഭത്തിനായി എന്തും ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥയുടെ നിർദ്ദയത്വവും ക്രൂരതയും ജനങ്ങളെ ബോധ്യപ്പെടുത്താൻ ലഭിച്ച അവസരമായിരുന്നു അത്. എത്രയോ വമ്പിച്ച പ്രാധാന്യമുള്ള രാഷ്ട്രീയ ദൗത്യങ്ങളായിരുന്നു അവ. എന്നാൽ അത് നിർവ്വഹിക്കുവാൻ സിപിഐ(എം) നേതൃത്വത്തിന് കഴിഞ്ഞില്ല. ഇതിനു നേർവിപരീതമായി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ സങ്കുചിതത്വത്തിനുള്ളിൽ നിന്നുകൊണ്ട് ഇതെല്ലാം തന്റെ സർക്കാരിന്റെ വിജയമെന്നു സ്ഥാപിക്കാൻ മുഖ്യമന്ത്രിയും അനുചരന്മാരും രാപകൽ ശ്രമിക്കുന്നതാണ് നാം കണ്ടത്. ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നതും. നേട്ടങ്ങളെ തന്റെ ക്രെഡിറ്റിന്റെ കണക്കിൽ ചേർത്ത് അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടുപിടിക്കുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമേ മുഖ്യമന്ത്രിയുടെ പ്രചാരണത്തിനുള്ളൂ. പാർലമെന്ററി രാഷ്ട്രീയത്തിന്റെ അല്പത്തരത്തിൽ അഭയം പ്രാപിച്ചുകൊണ്ടു നടത്തുന്ന ഈ അഭ്യാസങ്ങൾക്ക് ഇടതുരാഷ്ട്രീയവുമായി എന്തു ബന്ധമെന്ന് ഇവർക്കു കുഴലൂതി നടക്കുന്നവർ ചിന്തിക്കണം. ബിജെപി നയിക്കുന്ന കേന്ദ്രസർക്കാരിന്റെ അത്യാപൽക്കരമായ തൊഴിലാളി വിരുദ്ധ നയങ്ങൾക്കും കോവിഡ് പ്രതിരോധത്തിൽ സംഭവിച്ച ഗുരുതരമായ വീഴ്ചകൾക്കും കുടിയേറ്റത്തൊഴിലാളികളെ തെരുവാധാരമാക്കിയ നിലപാടിനുമെതിരെ ശക്തവും ശ്രദ്ധേയവുമായ രാഷ്ട്രീയമുന്നേറ്റം വളർത്താൻ ഈ സാഹചര്യത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തണമായിരുന്നു. ഇക്കാര്യത്തിൽ ഒരു ചെറുവിരലനക്കാൻ പോലും ഇടതെന്നു മേനി നടിക്കുന്ന ഇവർക്കായില്ല.

**ക്ഷേമരാഷ്ട്ര സങ്കൽപം കൈവെടിഞ്ഞ്, സ്വകാര്യവൽക്കരണത്തിനുവേണ്ടി മുതലാളിത്തം നടത്തുന്ന പ്രചാരവേലയ്ക്കു മറുപടി നൽകിക്കൊണ്ട് സുശക്തമായ ഒരു പൊതുജനാരോഗ്യ സംവിധാനത്തിന്റെ ആവശ്യകത, കേരളത്തിന്റെ ഉദാഹരണം മുൻനിർത്തി ലോകത്തെ ബോധ്യപ്പെടുത്തുകയായിരുന്നു കേരളത്തിലെ ഇടതുപക്ഷസർക്കാർ ചെയ്യേണ്ടിയിരുന്നത്.**

**കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ ചരിത്രം**

ഓരോ ഗ്രാമത്തിലുമുള്ള ഓരോ പ്രാഥമിക ആരോഗ്യ കേന്ദ്രവും അതിന്റെയും താഴെയുള്ള സബ് സെന്ററുകളും ഫാമിലി വെൽഫെയർ സെന്ററുകളും തുടർന്നു മുകളിലേക്ക് കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളും താലൂക്ക് - ജില്ലാ - ജനറൽ ആശുപത്രികളും മെഡിക്കൽ കോളേജുകളും ചേരുന്നതാണ് കേരളത്തിന്റെ ആരോഗ്യ സംവിധാനം. രാജ്യത്തെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കും (1000 ന് 12) മാതൃമരണ നിരക്കും(ഒരു ലക്ഷത്തിന് 66 പേർ) ഉള്ളത് കേരളത്തിലാണ്. കേന്ദ്ര സർക്കാരിന്റെ റൂറൽ ഹെൽത്ത് സ്റ്റാറ്റിസ്റ്റിക്സ് (2014 -2015) പ്രകാരം ആരോഗ്യരംഗത്തെ എല്ലാ സൂചകങ്ങളിലും കേരളം മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുമ്പിലാണ്. സംസ്ഥാനത്ത് ഒരു വില്ലേജിന് ഒരു പി.എച്ച്.സി ഉള്ളപ്പോൾ മധ്യപ്രദേശിൽ 47 വില്ലേജിനാണ് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമുള്ളത്. കമ്യൂണിറ്റി ഹെൽത്ത് സെന്ററാകട്ടെ കേരളത്തിൽ 5 വില്ലേജിനു ഒരെണ്ണമുള്ളപ്പോൾ മധ്യപ്രദേശിൽ അത് 164 വില്ലേജിനാണ് ഒരെണ്ണമുള്ളത്. ബീഹാറിന്റെ കാര്യം രാജ്യത്തിനു തന്നെ നാണക്കേടാണ്. ഈ കണക്കുകൾ ഇനി നീട്ടേണ്ടതില്ല. വളരെ ഉയർന്ന സാക്ഷരതയും തജ്ജന്യമായ ആരോഗ്യ അവബോധവും ശുദ്ധജല ലഭ്യതയും എല്ലാം കേരളത്തെ ആരോഗ്യപരിപാലന രംഗത്ത് ഒന്നാം സ്ഥാനത്ത് നിലനിർത്തുന്നു.

മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്ത ഈ പൊതുജനാരോഗ്യ സംവിധാനം കേരളത്തിൽ വികസിച്ചുവന്നതെങ്ങിനെയാണ്? നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിനു സുദീർഘമായ ഒരു ചരിത്രമുണ്ട്. ശക്തമായ ഒരു പൊതുവിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെട്ടുവന്ന പ്രക്രിയയാൽ സ്വാധീനിക്കപ്പെട്ടും സഹായിക്കപ്പെട്ടുമാണ് ആരോഗ്യ പരിപാലന സമ്പ്രദായം സംസ്ഥാനത്ത് ഉയർന്നുവന്നത്. ഈ രംഗത്തെ ആദ്യപ്രവർത്തനങ്ങൾ നടത്തിയത് ക്രിസ്ത്യൻ മിഷണറിമാരായിരുന്നു. ചർച്ച് മിഷൻ സൊസൈറ്റിയും ലണ്ടൻ മിഷൻ സൊസൈറ്റിയും ആധുനികവൈദ്യത്തിന്റെ വക്താക്കളും പ്രചാരകരുമായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലാണ് മെഡിക്കൽ മിഷനുകൾ ഇൻഡ്യയിലേക്കു വരുന്നത്. 1838ൽ ഡോ. ആർച്ചിബാൾഡ് റാംസെയുടെ മുൻകൈയിൽ എൽ.എം.എസ് മിഷൻ തെക്കൻ തിരുവിതാംകൂറിലെ നെയ്യൂരിൽ ആദ്യത്തെ മിഷൻ ആശുപത്രി സ്ഥാപിച്ചു. ജാതി-മത ഭേദമെന്യേ ഏവർക്കും സൗജന്യ ചികിൽസ നൽകുന്ന ആതുരാലയമായിരുന്നു അത്. 1861ൽ നെയ്യൂർ ആശുപത്രിയോടു ചേർന്ന് 8 വിദ്യാർത്ഥികളുമായി ആരംഭിച്ച മെഡിക്കൽ സ്കൂൾ, മൂന്നര വർഷം ദൈർഘ്യമുള്ള കോഴ്സിലൂടെ 1926 ആകുമ്പോൾ ആരോഗ്യപരിചരണം നൽകാൻ പരിശീലനം സിദ്ധിച്ച നൂറുകണക്കിനു വ്യക്തികളെ വാർത്തെടുത്തു. ഇതേ സ്ഥാപനത്തിൽ നഴ്സുമാർ, ചികിൽസാസഹായികൾ, കമ്പൗണ്ടർമാർ എന്നിവർക്കുള്ള പരിശീലനവും പിന്നീട് തുടങ്ങി. അവരുടെ സേവനം തിരുവിതാംകൂർ നാട്ടുരാജ്യമെമ്പാടും ലഭ്യമായി. 1861ൽ നെയ്യൂർ ആശുപത്രിക്ക് ആറ്റൂർ, അഗസ്തീശ്വരം, ശാന്തപുരം എന്നിവിടങ്ങളിൽ ശാഖകൾ സ്ഥാപിച്ചു. 1902 ആകുമ്പോൾ കോട്ടയം മുതൽ കന്യാകുമാരി വരെ നെയ്യൂർ മിഷന്റെ (പിന്നീട് സൗത്ത് ട്രാവൻകൂർ മെഡിക്കൽ മിഷൻ എന്ന പേരു സ്വീകരിച്ചു) ആശുപത്രികളുടെ എണ്ണം പതിനേഴായി ഉയർന്നു. ഇവയെല്ലാം സൗജന്യ ചികിസാ കേന്ദ്രങ്ങളായിരുന്നു. തെക്കേ ഇൻഡ്യയിലെ രണ്ടാമത്തെ എക്സ് റേ മെഷീൻ ഇവിടെയാണ് സ്ഥാപിച്ചത്(1923). പുകയില ഉപയോഗം വഴി തിരുവിതാംകൂറിൽ വ്യാപകമായിരുന്ന വായ് കാൻസറിനു ചികിൽസ നൽകുന്നതിനു 1930ൽ ഇൻഡ്യയിലാദ്യമായി റേഡിയം ചികിൽസ ആരംഭിച്ചതും നെയ്യൂർ ആശുപത്രിയിലാണ്. ഈ പ്രവർത്തനങ്ങൾ എൽ.എം.എസ് മിഷന്റെ മാത്രമാണ്. സമാന്തരമായി മധ്യകേരളത്തിൽ സിഎംഎസ് മിഷണറിമാരും ആതുരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. സിഎംഎസ് മിഷണറി റവ. നോർട്ടന്റെ നേതൃത്വത്തിൽ 1931ൽ ആലപ്പുഴയിൽ മിഷൻ ആശുപത്രി സ്ഥാപിച്ചു. വള്ളത്തിൽ പ്രവർത്തിക്കുന്ന ഒരു മൊബൈൽ ഡിസ്പൻസറിയും അവർ സ്ഥാപിച്ചു. ബ്രിട്ടീഷ് അധികാരത്തിൻ കീഴിലായിരുന്ന മലബാറിൽ കാര്യമായ പ്രവർത്തനങ്ങൾ നടന്നതായി രേഖകളില്ല.

ശുചിത്വബോധവും ആരോഗ്യകരമായ ജീവിതത്തിന്റെ ശീലങ്ങളും സ്വായത്തമാക്കാൻ ജനങ്ങളെ പഠിപ്പിച്ചതിൽ കേരളത്തിന്റെ നവോത്ഥാനമുന്നേറ്റം വലിയ പങ്കുവഹിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴേത്തലങ്ങളെ വരെ സ്പർശിക്കുന്ന ഒരു ജനകീയ പ്രസ്ഥാനമായി അതു വളരുകയുണ്ടായി. വലിയൊരളവുവരെ അന്ധമായ വിശ്വാസങ്ങളെയും ചികിൽസാ രീതികളെയും തള്ളിക്കളഞ്ഞ്, പിന്നീടുവന്ന വാക്സിനേഷനുൾപ്പടെയുള്ള ആധുനിക വൈദ്യത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളെ ഒരു വൈമുഖ്യവും കൂടാതെ സ്വീകരിക്കാൻ നവോത്ഥാന മുന്നേറ്റം നൽകിയ മനോഘടന ഇടയാക്കി. ആധുനിക വിദ്യാഭ്യാസ

*(ശേഷം 7–ാം പേജിൽ)*

## മഹാവ്യാധിയുടെ രാഷ്ട്രീയ പാഠങ്ങൾ

*(5–ാം പേജിൽ നിന്ന്)*

ത്താൻ അനുമതി നേടിയ സ്വകാര്യ ലാബുകളും ആശുപത്രികളും ആ കച്ചവടം നന്നായി നടത്തുന്നുണ്ട്. ഈ സ്വകാര്യമുതലാളിമാരെയാണ് ജനങ്ങളുടെ ചെലവിൽ തേനും പാലും നൽകി കേന്ദ്രസർക്കാർ ഊട്ടുന്നത്.

**ജനങ്ങൾ ജനാധിപത്യ ജാഗ്രതയോടെ നിലകൊള്ളുക**

കോവിഡിനെ മറയാക്കി കൊടിയ ജനദ്രോഹനയങ്ങളും നടപടികളുമാണ് ഒന്നിനു പിറകെ മറ്റൊന്നായി വന്നുകൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്കെതിരെയും പൗരാവകാശപ്രവർത്തകർക്കുനേരെയും ജനാധിപത്യ സമരപ്രവർത്തകർക്കുനേരെയും ഭരണകൂട വേട്ടയാണ് നടക്കുന്നത്. ജനാധിപത്യക്രമത്തിന്റെ അനിവാര്യഘടകമായ പ്രതിപക്ഷപ്രവർത്തനവും ജനങ്ങളുടെ സംഘടിതമായ ജനാധിപത്യപ്രവർത്തനങ്ങളും കോവിഡ് പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ കാരണം പൂർണ്ണമായും വിലക്കപ്പെട്ടിരിക്കുകയാണ്. സാധാരണനിലയിലുള്ള കോടതി പ്രവർത്തനങ്ങൾ പോലും അസാധ്യമായിരിക്കുന്നു. ഭരണകൂടത്തിനും അതിനെ നയിക്കുന്നവർക്കും മാത്രം പ്രവർത്തിക്കാൻ പറ്റുന്ന ഒരു സാഹചര്യത്തിൽ ഉഭയചർച്ചകളിലൂടെ മാത്രം തീരുമാനിക്കേണ്ടുന്ന നിർണ്ണായക നയനടപടികളിൽ നിന്നും ജനാധിപത്യമര്യാദയുടെ അടിസ്ഥാനത്തിൽ സർക്കാർ വിട്ടുനിൽക്കുകയാണ് ചെയ്യേണ്ടത്. തൊഴിലാളികളുടെ പ്രവൃത്തി സമയം 12 മണിക്കൂറാക്കുന്നതും പ്രതിരോധ വ്യവസായ രംഗത്തേക്ക് 74 ശതമാനം വിദേശമൂലധനം അനുവദിക്കുന്നതും ഒരു കൂടിയാലോചനയുമില്ലാതെ ഏകപക്ഷീയമായി തീരുമാനിക്കാവുന്ന കാര്യമാണോ? എതിർക്കാനുള്ള സാഹചര്യം നിരോധിക്കപ്പെട്ടിരിക്കുമ്പോൾ അതിനെ അവസരമാക്കി മാറ്റുകയല്ല, മറിച്ച് എല്ലാ ജനാധിപത്യകക്ഷികൾക്കും അവരുടെ പങ്ക് നിർവ്വഹിക്കുവാനുള്ള അവകാശം അംഗീകരിക്കുകയും അനുവദിക്കുകയുമാണ് നിശ്ചയമായും ചെയ്യേണ്ടത്. അതിനു സർക്കാർ തയ്യാറാല്ലെന്നു മാത്രമല്ല, വിയോജിപ്പിന്റെ ശബ്ദങ്ങളെ അമർച്ച ചെയ്യുകയുമാണ്.

സർക്കാർ ഏർപ്പെടുത്തുന്ന ക്വാറന്റൈൻ സംവിധാനത്തിന് ഫീസ് നൽകണമെന്ന് പ്രവാസികളോട് കേരള സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

സ്വകാര്യ ആശുപത്രികളിൽ ചെയ്യുന്ന കോവിഡ് പരിശോധനയുടെ ഫീസിന്റെ പരിധി കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതായി ഞെട്ടിപ്പിക്കുന്ന വാർത്ത ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. വിയോജിപ്പുള്ളവരും വ്യത്യസ്ത അഭിപ്രായമുള്ളവരും പ്രതിരോധ മാർഗ്ഗനിർദ്ദേശമുള്ളതിനാൽ എതിർപ്പുരേഖപ്പെടുത്താതെ, നിശബ്ദമായി അംഗീകരിക്കണമെന്നാണ് സർക്കാരുകളുടെ നിലപാട്. കേരളത്തിലെ എൽഡിഎഫ് സർക്കാരും ഇതേ പാതയിൽത്തന്നെയാണ്. എല്ലാ പ്രതിരോധ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് കേന്ദ്രസർക്കാരിന്റെ ഓഫീസിന്റെ മുമ്പിൽ കുടിയേറ്റത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉയർത്തി പ്രതിഷേധിച്ച എസ്.യു.സി.ഐ (സി) പ്രവർത്തകർക്കുമേൽ പിണറായി സർക്കാരിന്റെ പോലീസ് വ്യാപകമായി കേസ് എടുക്കുകയുണ്ടായി. ഇത് അടിയന്തരാവസ്ഥയ്ക്കു സമാനമായ അവസ്ഥയാണ്.

ജനങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ പല മടങ്ങ് വർദ്ധിച്ചിരിക്കുന്ന ഇത്തരമൊരു സാഹചര്യത്തിൽ പ്രബുദ്ധമായ നിതാന്ത ജാഗ്രതയോടെ നിലകൊള്ളണമെന്നും അനുകൂലമായ അന്തരീക്ഷത്തിൽ പ്രസ്തുത ജാഗ്രതയെ ശക്തമായ ജനകീയ പ്രക്ഷോഭമാക്കി വളർത്തണമന്നും ജനങ്ങളോടും തൊഴിലാളികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# പൊതുജനാരോഗ്യ സംവിധാനത്തെ സംരക്ഷിച്ചുനിർത്തിയത് ജനങ്ങളുടെ ജാഗ്രതയും ഇടപെടലുകളും

(6-ാം പേജിൽ നിന്ന്)

ത്തിന്റെ സ്വാധീനം ഈ മനോഘടനയെ കൂടുതൽ ദൃഢമാക്കി. ഈ അടിത്തറയിൻമേലാണ് കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം പണിതുയർത്തിയത്.

തിരുവിതാംകൂർ, കൊച്ചി നാട്ടുരാജാക്കന്മാർ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകിയും, അവയുടെ മാതൃക സ്വീകരിച്ചും, ആരോഗ്യപരിപാലനത്തിന്റെ പാശ്ചാത്യ സമ്പ്രദായം ഇവിടെ നടപ്പാക്കാൻ മുൻകൈയെടുത്തു. കൊച്ചി രാജ ഭരണം 1845ലാണ് എറണാകുളം ജനറൽ ആശുപത്രി സ്ഥാപിക്കുന്നത്. തിരുവിതാംകൂറിലെ ആദ്യത്തെ സർക്കാർ ആശുപത്രിയായ തിരുവനന്തപുരം ജനറൽ ആശുപത്രി, ആയില്യം തിരുനാൾ രാമവർമ്മ സ്ഥാപിക്കുന്നത് 1865ൽ ആണെന്ന് ബ്രിട്ടീഷ് ലൈബ്രറിയിലെ രേഖകൾ വ്യക്തമാക്കുന്നു. ഇതേ വർഷം തന്നെയാണ് ഇദ്ദേഹം വാക്സിനേഷൻ പ്രവർത്തനങ്ങൾക്കായി ഒരു സർക്കാർ വകുപ്പ് ആരംഭിക്കുന്നതും. 1875ൽ നെയ്യൂർ ആശുപത്രിക്കും മെഡിക്കൽ സ്കൂളിനും വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുത്ത് നടപ്പാക്കിയതും ഇദ്ദേഹം തന്നെയായിരുന്നു. 1879-ൽ വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും തടവുകാർക്കും വാക്സിനേഷൻ നിർബ്ബന്ധമാക്കി. കേരളത്തിലെ ആദ്യത്തെ സിസേറിയൻ നടന്ന തിരുവനന്തപുരം തൈക്കാട് അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനം തുടങ്ങിയത് 1914ൽ ആണ്. ഈ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റായി നിയമനം ലഭിച്ച(1916) ഡോ.മേരി പുന്നൻ ലൂക്കോസിനെയാണ് 1938ൽ തിരുവിതാംകൂർ രാജഭരണം ട്രാവൻകൂർ സർജൻ ജനറലായി പിന്നീട് നിയമിക്കുന്നത്. ഇൻഡ്യയിലെ ആദ്യത്തെ വനിതാ സർജൻ ജനറലായിരുന്ന അവർ, ചുമതലയേൽക്കുമ്പോൾ തിരുവിതാംകൂറിൽ 32 സർക്കാർ ആശുപത്രികളും 40 സർക്കാർ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ടായിരുന്നു. കോഴിക്കോട് ബീച്ച് ആശുപത്രി പ്രവർത്തനം തുടങ്ങുന്നത് ഐക്യകേരളത്തിനും മുമ്പാണ്. 1947 ആയപ്പോൾ 32 സർക്കാർ ആശുപത്രികൾക്കു പുറമെ 108 സർക്കാർ ഡിസ്പൻസറികളും സർക്കാർ സഹായം സ്വീകരിക്കുന്ന 20 സ്വകാര്യ ആശുപത്രികളും തിരുവിതാംകൂറിലുണ്ടായിരുന്നു. ധർമ്മാശുപത്രികളെന്നറിയപ്പെട്ടിരുന്ന അന്നത്തെ സർക്കാർ ആശുപത്രികളുടെ എണ്ണം ഇൻഡ്യയിലെ പല നാട്ടുരാജ്യങ്ങളെക്കാളും വളരെ മുമ്പിലായിരുന്നു. 1956 ൽ ഐക്യകേരളം രൂപപ്പെടുമ്പോൾ മുഴുവൻ പൗരന്മാർക്കും ആരോഗ്യ പരിരക്ഷ ലഭ്യമാകത്തക്കവിധം സംവിധാനം സൃഷ്ടിക്കുന്നതിനുള്ള ഒരടിത്തറ നിലവിൽ വന്നുകഴിഞ്ഞിരുന്നു. രാജ്യത്തെ ഒരു സംസ്ഥാനത്തിനും അവകാശപ്പെടാനാവാത്ത ഒരു സാഹചര്യമായിരുന്നു അത്.

### സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ സ്വാധീനം ക്ഷേമരാഷ്ട്ര സമീപനം സ്വീകരിക്കാൻ സർക്കാരുകളെ പ്രേരിപ്പിച്ചു

ജനേച്ഛയെ പ്രതിനിധാനം ചെയ്തുകൊണ്ട് കേരളപ്പിറവിക്കുശേഷം അധികാരത്തിൽ വന്ന സർക്കാരുകൾ ഈ അടിത്തറയിൻമേൽ ശക്തമായ പൊതുജനാരോഗ്യ സംവിധാനം പടുത്തുയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. മഹത്തായ സോഷ്യലിസ്റ്റ് വ്യവസ്ഥ മുന്നോട്ടുവച്ച ക്ഷേമരാഷ്ട്ര സമീപനം അന്ന് ലോകമെമ്പാടുമുള്ള ഭരണവ്യവസ്ഥകളുടെ നയരൂപീകരണത്തിലെ ഒരു സ്വാധീനഘടകമായിരുന്നു. സോഷ്യലിസ്റ്റ് നയസമീപനങ്ങളാൽ ആകൃഷ്ടരാകുന്ന ജനങ്ങൾ സ്വന്തം രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കെതിരെ കലാപത്തിനിറങ്ങുമെന്ന് അറിയാവുന്ന മുതലാളിത്ത രാജ്യങ്ങളിലെ വലതുപക്ഷ സർക്കാരുകൾപോലും ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തെ കൈയൊഴിയാതെ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യസുരക്ഷാ മേഖലകളിൽ പണം ചെലവഴിക്കാൻ നിർബ്ബന്ധിതരായി. സ്വതന്ത്ര ഭാരതത്തിലെ ആദ്യത്തെ ആരോഗ്യ കമ്മീഷനായിരുന്ന ഭോർ കമ്മിറ്റിയിലെ ശുപാർശകളിൽ സോഷ്യലിസ്റ്റ് അനുഭവങ്ങളുടെ വൻതോതിലുള്ള സ്വാധീനം നമുക്ക് കാണാം. അന്നത്തെ ദേശീയസർക്കാരിന്റെ നയങ്ങളിലും ഇതിന്റെ പ്രതിഫലനം കാണാം. മറ്റു സംസ്ഥാനങ്ങളിൽ നിന്നു വിഭിന്നമായി മുകളിൽ സൂചിപ്പിച്ച നിരവധി ചരിത്രഘടകങ്ങൾ ഒത്തുചേർന്ന് പ്രവർത്തിച്ചതു വഴി കേരളത്തിൽ രൂപപ്പെട്ട സാമൂഹ്യമനോഭാവവും ജനാഭിലാഷവും ഒരു ഭൗതികയാഥാർത്ഥ്യമായിരുന്നതിനാൽ അതിനെ കണക്കിലെടുത്തും പ്രതിനിധാനം ചെയ്തും മാത്രമേ വലതുപക്ഷ സർക്കാരുകൾക്കുൾപ്പെടെ പ്രവർത്തിക്കാനാകുമായിരുന്നുള്ളൂ. കർഷകത്തൊഴിലാളികളുടെയും സാധാരണജനങ്ങളുടെയും പ്രക്ഷോഭങ്ങളുടെ അടിത്തറയെ ആധാരമാക്കി ഉയർന്നുവന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളാകട്ടെ, ഇന്നത്തേതിൽനിന്നും വ്യത്യസ്തമായി ഇടതുസമീപനവും ജനതാൽപ്പര്യവും അന്ന് പ്രദർശിപ്പിച്ചിരുന്നു. ഈ പ്രസ്ഥാനങ്ങൾ നേതൃത്വം നൽകിയ സർക്കാരുകളെല്ലാംതന്നെ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യസുരക്ഷാ രംഗങ്ങളിലെ ഗണനീയമായ മുതൽമുടക്കിന് തയ്യാറായി. സംസ്ഥാനത്തിന്റെ ആകെ റവന്യൂ ചെലവിന്റെ 14 മുതൽ 8 ശതമാനം വരെയുള്ള തുക ആരോഗ്യമേഖലയ്ക്കായി വ്യത്യസ്ത സമയങ്ങളിൽ നീക്കിവച്ചു. ഏതാണ്ട് 70കൾ വരെ ഈ സ്ഥിതി തുടരുകയും ചെയ്തു. അങ്ങിനെ 1956നും 1980നുമിടയിൽ വലിയ മുന്നേറ്റങ്ങൾ നേടിക്കൊണ്ട് എല്ലാ ആരോഗ്യ സൂചകങ്ങളിലും കേരളം ഒന്നാം സ്ഥാനത്ത് എത്തി. ഐക്യകേരളത്തിനും നൂറിലധികം വർഷംമുമ്പു തുടക്കംകുറിക്കുകയും 1980വരെ തുടരുകയും ചെയ്ത ഒരു ദീർഘപ്രക്രിയയിലൂടെ രൂപംകൊണ്ട പൊതുജനാരോഗ്യ സംവിധാനം ഒന്നു മാത്രമാണ് ഈ പ്രതിസന്ധിയുടെ വേളയിൽ നമുക്ക് തുണയായത്.

### സുഘടിതവും അതിബൃഹത്തുമായ ആരോഗ്യപരിപാലന സംവിധാനം കോവിഡ് പ്രതിരോധത്തിന് കേരളത്തെ പ്രാപ്തമാക്കി

കേരളത്തിൽ നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനത്തെ, പിഴവുകളോടെയും പരാധീനതകളോടെയും ആണങ്കിലും ഏകോപിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് കോവിഡ് പ്രതിരോധത്തിന്റെ രംഗത്ത് സർക്കാരിന്റെ നേട്ടം. ഒരു ഉത്തരവ് പുറപ്പെടുവിച്ചാൽ ചലിക്കാൻ സന്നദ്ധമായ സുഘടിതവും അതിബൃഹത്തുമായ ആരോഗ്യപരിപാലന സംവിധാനം നിലനിൽക്കുന്നതിനാലാണ് ഈ ഏകോപനം സാധ്യമായത്. പകർച്ച വ്യാധിയെ നേരിടുന്നതിൽ വൈദഗ്ദ്ധ്യമുള്ള സമർപ്പിതരായ ഒരു വലിയ നിര പ്രൊഫഷണലുകൾ നമുക്കുണ്ട്. പ്രൈമറി, സെക്കന്ററി, ടെർഷ്യറി തലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള പൊതുജനാരോഗ്യ സംവിധാനത്തിലൂടെ വാർഡുതലം തൊട്ടുള്ള ആരോഗ്യ പരിചരണം മുതൽ ഉയർന്നതല ആസൂത്രണംവരെ സാധ്യമാകുന്നു. ആയിരക്കണക്കിനു ഡോക്ടർമാരും നേഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും ഇതര ജീവനക്കാരും ഹെൽത്ത് ഇൻസ്പെക്ടർമാരും ആശാവർക്കർമാരും ശുചീകരണത്തൊഴിലാളികളും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കോവിഡിനെ നേരിടുന്നതിൽ സംസ്ഥാനം കൈവരിച്ച നേട്ടം പ്രധാനമായും ഇവർ സൃഷ്ടിച്ചതാണ്. എന്നാൽ കൂടുതൽ ആത്മവിശ്വാസത്തോടെയും സമർപ്പിതമായും പ്രവർത്തിക്കാൻ മുഴുവൻ ആരോഗ്യ പ്രവർത്തരെയും സജ്ജമാക്കുന്നതിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും സർക്കാർ ഗൗരവതരമായ വീഴ്ചകൾ വരുത്തുകയുണ്ടായി. അവരുടെ ശമ്പളം വെട്ടിക്കുറച്ചു. എങ്കിലും സേവനസന്നദ്ധതയോടെ രാപകൽ പണിയെടുക്കാൻ ആരോഗ്യപ്രവർത്തകർ ഒരു വൈമുഖ്യവും കാട്ടിയില്ല.

**കേന്ദ്രസർക്കാർ പ്രഖ്യാപിച്ച എൻ.ആർ.എച്ച്.എം ഉം നഗര ആരോഗ്യപദ്ധതിയും ആരോഗ്യ മേഖലയിൽ നിന്നും ക്രമേണ സർക്കാർ പിൻവാങ്ങുന്നതിനായി നടപ്പാക്കിയ ആഗോളവൽക്കരണ പദ്ധതികളായിരുന്നു. അടിമുടിയുള്ള കരാർവൽക്കരണവും ഇൻഷ്വറൻസ്വൽക്കരണവുമാണ് ഈ പദ്ധതികൾ ലക്ഷ്യമിടുന്നത്. ഇതിന്റെ കേരള പതിപ്പിന്റെ പേരാണ് ആരോഗ്യകേരളം.**

### ഉദാരവൽക്കരണ നയങ്ങൾ പൊതുജനാരോഗ്യ മേഖലയെ ദുർബ്ബലപ്പെടുത്തി

കഴിഞ്ഞ 3 പതിറ്റാണ്ടായി നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി പൊതുജനാരോഗ്യരംഗത്തേക്കുള്ള മുതൽ മുടക്ക് ഗണ്യമായി കുറഞ്ഞുവരികയാണ്. സംസ്ഥാനത്ത് അധികാരത്തിൽ വന്നിട്ടുള്ള വലതു-ഇടതു മുന്നണികൾ ഇക്കാര്യത്തിൽ ഒരേ സമീപനം തന്നെയാണ് തുടർന്നിട്ടുള്ളത്. 1995ൽ ആരോഗ്യരംഗത്തിനുള്ള പ്ലാൻ ചെലവ് 13.8 ശതമാനമായിരുന്നത് എങ്ങിനെയാണ് 2001ൽ 7.2 ശതമാനമായി കുത്തനെ ഇടിഞ്ഞത്? 1986നു മുമ്പ് കേരളത്തിൽ സർക്കാർ ആശുപത്രികളിൽ ഏതൊരാൾക്കും സൗജന്യമായി ചികിൽസ ലഭിക്കുമായിരുന്നതിന്റെ സ്ഥാനത്ത് ഇപ്പോൾ എ.പി.എൽ വിഭാഗത്തിനു അതു നിഷേധിക്കുന്ന സ്ഥിതി ഇല്ലേ? പരിശോധനകൾക്കും ചികിൽസയ്ക്കും എന്തിനും ഏതിനും ആശുപത്രി വികസന സമിതിയുടെ പേരിൽ ഫീസ് പിരിക്കുന്ന ഏർപ്പാട് പുതിയ പൊളിച്ചെഴുത്തുകളുടെ ഭാഗമായി വന്നതല്ലേ? കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എൻ.ആർ.എച്ച്.എം ഉം നഗര ആരോഗ്യപദ്ധതിയും ആരോഗ്യ മേഖലയിൽ നിന്നും ക്രമേണ സർക്കാർ പിൻവാങ്ങുന്നതിനായി നടപ്പാക്കിയ ആഗോളവൽക്കരണ പദ്ധതികളായിരുന്നു. അടിമുടിയുള്ള കരാർവൽക്കരണവും ഇൻഷ്വറൻസ്വൽക്കരണവുമാണ് ഈ പദ്ധതികൾ ലക്ഷ്യമിടുന്നത്. ഇതിന്റെ കേരള പതിപ്പിന്റെ പേരാണ് ആരോഗ്യകേരളം. ആരോഗ്യകേരളം പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത് വി.എസ്.അച്ച്യുതാനന്ദന്റെ സർക്കാരാണ്. രോഗിക്കും ചികിൽസകനുമിടയിൽ എന്തിനാണ് ഒരു ഇൻഷ്വറൻസ് കമ്പനിയെന്നു കോവിഡിനു മുമ്പിൽ പരാജയപ്പെട്ട രാജ്യങ്ങളിൽ നിന്നെല്ലാം ചോദ്യമുയരുകയാണ്. ലോകജനതയുടെ ആരോഗ്യത്തിനു മുമ്പിലെ ഗൗരവതരമായ പ്രശ്നമായി ഇൻഷ്വറൻസ്വൽക്കരണം മാറുമ്പോൾ ഇൻഷ്വറൻസിനുവേണ്ടിയുള്ള പ്രചാരവേലയാണ് ആരോഗ്യകേരളം നടത്തുന്നത്. ആരോഗ്യമേഖലയ്ക്കു നീക്കിവയ്ക്കുന്ന വിഹിതം വർഷംതോറും വെട്ടിക്കുറയ്ക്കുന്ന, കേന്ദ്രസർക്കാർ നടപ്പാക്കുന്ന എൻ.ആർഎച്ച്.എം ഉം നഗര ആരോഗ്യ പദ്ധതിയും എങ്ങിനെയാണ് പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന പദ്ധതികളാകുന്നത്? ഇതു പൊതുജനാരോഗ്യ സംവിധാനത്തെ ദുർബ്ബലപ്പെടുത്താനുള്ള പദ്ധതികളാണെന്ന തിരിച്ചറിവുപോലും ഇടതെന്ന് അഭിമാനിക്കുന്നവർക്കില്ലാതെ പോകുന്നത് ഖേദകരംതന്നെ. ഈ ആരോഗ്യകേരളം പദ്ധതിയെയാണ് കോവിഡ് വിജയത്തിന്റെ കാരണമായ ഒറ്റമൂലിയായി അവതരിപ്പിക്കുന്നത്. എൻആർഎച്ച്എം ഉൾപ്പെടെയുള്ള ആഗോളവത്ക്കരണ നയങ്ങളിലൂടെ ആരോഗ്യമേഖലയെ തകർക്കാൻ ശ്രമങ്ങളുണ്ടായപ്പോഴെല്ലാം അതിനെ ചെറുത്തുകൊണ്ട് കാവലായി നിന്ന ജനജാഗ്രതയാണ് സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനത്തെ ഇപ്രകാരമെങ്കിലും നിലനിർത്താൻ ഇടയാക്കിയിട്ടുള്ളത്.

(ശേഷം 8-ാം പേജിൽ)

# മാതൃകാതൊഴിൽ ദാതാവും തൊഴിൽനിയമ സംരക്ഷകനുമാണ് സർക്കാർ എന്നത് സാലറിചലഞ്ച് നിരാകരിക്കുന്നു

(7–ാം പേജിൽ നിന്ന്)

**കേന്ദ്രത്തിന്റെ 20 ലക്ഷം കോടിയും സംസ്ഥാനത്തിന്റെ ഇരുപതിനായിരം കോടിയും: പാക്കേജുകളുടെ അത്ഭുതകരമായ സാദൃശ്യം**

കേന്ദ്രസർക്കാരിന്റെ 20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജിന്റെ വിശദാംശങ്ങൾ മറ്റൊരു ലേഖനത്തിൽ നൽകിയിട്ടുള്ളതിനാൽ അതിന്റെ ഉള്ളടക്കത്തിലേക്കു കടക്കുന്നില്ല. എങ്കിലും താരതമ്യത്തിനായി ചില കാര്യങ്ങളിലേക്കു കടക്കാതിരിക്കാനാവില്ല. ആദ്യം പ്രഖ്യാപിച്ചത് സംസ്ഥാനത്തിന്റെ പാക്കേജായിരുന്നതിനാൽ അതിന്റെ സ്വാധീനമാണോ കേന്ദ്രത്തിന്റെപാക്കേജിൽ കാണുന്നതെന്ന് ന്യായമായും സന്ദേഹമുണ്ട്. കേന്ദ്ര സർക്കാരിന്റെ പാക്കേജിലെ പ്രഖ്യാപനങ്ങളിൽ ഒരു ഭാഗം ബജറ്റ് പ്രഖ്യാപനങ്ങളോ നേരത്തെ പ്രഖ്യാപിച്ച പദ്ധതികളോ ആണ്. കേരളത്തിന്റെ പാക്കേജിലെ 14,000 കോടിരൂപ സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ പ്രവൃത്തികൾ നടത്തി, ബില്ല് സമർപ്പിച്ച കരാറുകാരുടെ കുടിശ്ശിക തീർക്കാനാണ് നീക്കിവച്ചിട്ടുള്ളത്. പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്ന ഏപ്രിൽ മാസത്തിൽ ഈ തുക നൽകാമെന്ന് ധനമന്ത്രി നിയമസഭയിലടക്കം പ്രഖ്യാപിച്ചതാണ്. ഇതിന് കൊറോണയുമായി എന്തു ബന്ധം? തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ള 1000 കോടിയും ഈ വർഷം സ്വാഭാവികമായും നൽകേണ്ട തുകയാണ്. അതും കോവിഡിന്റെ കണക്കിൽപ്പെടുത്തി. ആറുമാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുള്ളപ്പോൾ 2 മാസത്തെ ഒരുമിച്ചു നൽകുന്നുവെന്നുമാത്രം. കോവിഡ് മഹാമാരി ഇല്ലെങ്കിലും ഈ തുക എപ്പോഴെങ്കിലും നൽകാനുള്ളതു തന്നെയല്ലേ. കേന്ദ്രത്തിന്റെ പാക്കേജിലും ഈ തട്ടിപ്പ് നമുക്ക് കാണാം. കിസാൻ യോജന പ്രകാരം മേയ് മാസത്തിൽ ഓരോ കർഷകനും നൽകേണ്ട 2000രൂപ ഏപ്രിൽ മാസത്തിൽ നൽകും. കേന്ദ്രത്തിന്റെ പ്രഖ്യാപനം ഒരു വായ്പാ മേളയായിരുന്നല്ലോ. കുടുംബശ്രീ വഴി 2000 കോടി രൂപ വായ്പ നൽകുമെന്ന സമാനമായ പ്രഖ്യാപനം കേരള പാക്കേജിലുമുണ്ട്. പക്ഷേ പലിശ ഇളവ് നൽകാൻ ഒരു രൂപപോലും നീക്കിവച്ചിട്ടില്ല. നിർമ്മാണത്തൊഴിലാളികൾക്ക് നൽകുമെന്നു പ്രഖ്യാപിച്ചിട്ടുള്ള 1000 രൂപ, വായ്പ മാത്രമാണ്. തൊഴിലാളികളുടെ വിഹിതത്തിൽ നിന്നും അത് പിന്നീട് തിരിച്ചുപിടിക്കും. ഇതിനുപുറമെ പ്രഖ്യാപിച്ചിട്ടുള്ളത് ഒരു ക്ഷേമപെൻഷനും ലഭിക്കാത്തവർക്ക് 1000 രൂപ നൽകുമെന്നതാണ്. ഇതുവരെ അതിനുവേണ്ടി ചെലവായിട്ടുള്ളത് 140 കോടി രൂപ മാത്രമാണ്. 20,000 കോടി രൂപയുടെ പാക്കേജിൽ ജനങ്ങൾക്കു നേരിട്ടു ലഭിക്കുന്നത് മൂന്നു മാസത്തെ സൗജന്യ റേഷനും 1000 രൂപ വിലയുള്ള പലവ്യഞ്ജന കിറ്റും 14 ലക്ഷം പേർക്ക് 1000 രൂപയും മാത്രമാണ്. സന്നദ്ധ സംഘടനകളും സാമൂഹ്യ സംഘടനകളും പണം നൽകി പ്രവർത്തിപ്പിച്ച സാമൂഹ്യ അടുക്കളകളും സർക്കാരിന്റെ കണക്കിൽപ്പെടുത്തി പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത്. തൊഴിലും വരുമാനവും തകർന്ന തൊഴിലാളികളുടെ കൈവശം പണമെത്തിക്കാൻ ഒരു നടപടിയും സ്വീകരിക്കാത്ത പാക്കേജുകൾ പ്രഖ്യാപിച്ച് ജനങ്ങളെ കബളിപ്പിക്കുകയാണ് ഇരു സർക്കാരുകളും ചെയ്യുന്നത്.

**കേരളത്തിന്റെ 20000 കോടിയുടെ പാക്കേജിൽ 14,000 കോടിരൂപ സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ പ്രവൃത്തികൾ നടത്തി, ബില്ല് സമർപ്പിച്ച കരാറുകാരുടെ കുടിശ്ശിക തീർക്കാനാണ് നീക്കിവച്ചിട്ടുള്ളത്. പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്ന ഏപ്രിൽ മാസത്തിൽ ഈ തുക നൽകാമെന്ന് ധനമന്ത്രി നിയമസഭയിലടക്കം പ്രഖ്യാപിച്ചതാണ്. ഇതിന് കൊറോണയുമായി എന്തു ബന്ധം?**

**ജീവനക്കാരുടെ ശമ്പളം പിടിച്ചെടുക്കാനുള്ള ഓർഡിനൻസ്: ഇടതുരാഷ്ട്രീയത്തിനേറ്റ കനത്ത ആഘാതം**

തെരഞ്ഞെടുപ്പ് ലക്ഷ്യംവച്ചുള്ള സമർത്ഥമായ രാഷ്ട്രീയ പ്രചാരവേലയാണ് കോവിഡിന്റെ പേരിൽ കേരളത്തിൽ എൽ.ഡി.എഫ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിലനിൽക്കുന്ന പൊതുജനാരോഗ്യ സംവിധാനത്തെ പ്രവർത്തിപ്പിക്കാനുള്ള ഭരണപരമായ നടപടികളും അതിന്റെ പ്രചാരവേലയും മാറ്റി നിർത്തിയാൽ സർക്കാരിന്റെ ഭരണനയങ്ങളിലും നടപടികളിലും പ്രതിഫലിക്കുന്നത് തികഞ്ഞ വലതുപക്ഷ രാഷ്ട്രീയമാണ്. അതിന്റെ ഏറ്റവും നല്ല ഉദാഹരണം ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം പിടിച്ചെടുക്കാൻ സർക്കാർ അനുവർത്തിച്ച തൊഴിലാളി വിരുദ്ധതയും ധാർഷ്ട്യവുമാണ്. ഇടതുപക്ഷ രാഷ്ട്രീയത്തിനും തൊഴിലാളിവർഗ്ഗത്തിന്റെ അവകാശപ്പോരാട്ടത്തിനും ഈ നടപടികൾ സൃഷ്ടിച്ച ആഘാതം കോവിഡ് വിജയത്തിന്റെ പി.ആർ പ്രവർത്തനം കൊണ്ട് മറയ്ക്കാനാവില്ല. ദീനാനുകമ്പയുടെയോ മനുഷ്യകാരുണ്യത്തിന്റെയോ ഒരു വിഷയമായി ശമ്പളം പിടിച്ചെടുക്കുന്നതിനെ അവതരിപ്പിച്ചുകൊണ്ട് പ്രചാരവേല നടത്തിയ എൻജിഒ യൂണിയനും ഇടതു സുഹൃത്തുക്കളും രാഷ്ട്രീയബോധനിലവാരത്തിന്റെ ദയനീയ പതനത്തെയാണ് വ്യക്തമാക്കിയത്. കുടുക്കയിൽ സൂക്ഷിച്ചുവച്ച ചില്ലറകൾ സംഭാവന ചെയ്യുന്ന കുട്ടികളുടെ ചിത്രവും ആടിനെ വിറ്റു ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുന്ന വീട്ടമ്മയുടെ ചിത്രവും ദിനംപ്രതി അച്ചടിച്ച് ദേശാഭിമാനിയാകട്ടെ ഫലത്തിൽ രാഷ്ട്രീയ അശ്ലീല പ്രചാരണത്തിലേക്കു തരംതാഴ്ന്നു. ശമ്പളം വിട്ടുനൽകാൻ തയ്യാറാകാത്തവരും ഉത്തരവ് കത്തിച്ചവരും കൊടുംക്രൂരന്മാരും സാമൂഹ്യദ്രോഹികളും ഇതൊന്നും ചെയ്യാത്ത തങ്ങൾ തികഞ്ഞ മനുഷ്യസ്നേഹികളും കോവിഡ് ദുരിതത്തിൽ വേദനിക്കുന്നവരുമാണത്രേ! കോൺഗ്രസ്സ് സംഘടനയെ ആക്ഷേപിച്ചാൽ ഈ വിഷയത്തിൽ ഉയർത്തിയ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമായെന്ന നിലയിൽ സായൂജ്യമടയുകയല്ല ഇടതുസുഹൃത്തുക്കൾ ചെയ്യേണ്ടത്. എതിരാളികളുടെ വാദമുഖങ്ങളിൽ ദുർബ്ബലമായത് സൗകര്യപൂർവ്വം സ്വീകരിക്കുകയല്ല, വാദമുഖങ്ങളിൽ കൃത്യവും ശക്തവുമായതിനെ ധീരമായി തെരഞ്ഞെടുത്ത് മറുപടി പറയണം. അതാണ് താർക്കികമര്യാദയുടെ ആരോഗ്യകരമായ സമീപനം. അതോടൊപ്പം അടിയുറച്ച ഇടതുരാഷ്ട്രീയകാഴ്ചപ്പാടിൽ ഉയർത്തപ്പെടുന്ന ചോദ്യങ്ങൾക്കും മറുപടി പറയണം. ശമ്പളം വെട്ടിക്കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ സിപിഐ(എം)ന്റെ നേതൃത്വത്തിൽ നടത്തിയ ശക്തമായ തൊഴിലാളിവിരുദ്ധ പ്രചാരവേല ദർശിച്ചതുകൊണ്ടുമാത്രമാണ് ഇതു സൂചിപ്പിക്കുന്നത്. ഇത്തരമൊരു പ്രചാരണം ആത്യന്തികമായി തൊഴിലാളി രാഷ്ട്രീയത്തിനു എത്രമേൽ വിനാശകരമാണെന്ന് തിരിച്ചറിയണമെന്ന് ഈ പ്രസ്ഥാനങ്ങളിലെ സത്യസന്ധരായ അണികളോട് അഭ്യർത്ഥിക്കുന്നു.

ശരിയായ തൊഴിലാളിവർഗ്ഗ വീക്ഷണമുള്ള പ്രസ്ഥാനങ്ങൾ ശമ്പളം പിടിച്ചെടുത്തതിനെതിരെ നിലപാടെടുത്തത് തൊഴിൽദാതാവിന് ഏകപക്ഷീയമായി ശമ്പളം നിശ്ചയിക്കാനോ വെട്ടിക്കുറയ്ക്കാനോ അവകാശമില്ല എന്നതിനാലാണ്. എന്തുകാരണത്തിന്റെ പേരിലായാലും അത്തരമൊരു നടപടി അനുവദിക്കാനാവില്ല. അത്തരമൊരു കീഴ്വഴക്കം സൃഷ്ടിക്കപ്പെട്ടാൽ ഭാവിയിൽ അത് ഗുരുതരമായ വെല്ലുവിളികൾ തൊഴിലാളികൾക്കുനേരെ ഉയർത്തും. ശമ്പളം വെട്ടിക്കുറയ്ക്കാൻ ചൂണ്ടിക്കാട്ടുന്ന കാരണങ്ങളുടെ ന്യായയുക്തത തൊഴിലുടമ നിർണ്ണയിക്കുകയും നാളെ എന്തു കാരണം ചൂണ്ടിക്കാട്ടിയും ഇതു ചെയ്യാമെന്നും വരില്ലേ? അങ്ങിനെ ശമ്പളവും പെൻഷനും തൊഴിലുടമയുടെ ദയാദാക്ഷണ്യത്തിൽ അമരാൻ സാഹചര്യമൊരുക്കുന്നുവെന്നതാണ് സർക്കാരിന്റെ ശമ്പളം പിടിച്ചെടുക്കലിന്റെ അതീവ ഗുരുതരമായ പ്രത്യാഘാതം. മാതൃകാതൊഴിൽ ദാതാവും തൊഴിൽനിയമങ്ങളുടെ സംരക്ഷകനും നടത്തിപ്പുകാരനുമായ സർക്കാർ ഇപ്രകാരം ചെയ്താൽ സ്വകാര്യ മുതലാളിമാർ നാളെ തൊഴിലാളികളോട് ഇതിലും കൊടിയദ്രോഹം പ്രവർത്തിക്കുമെന്നുറപ്പാണ്. ഇപ്പോൾതന്നെ തൊഴിൽ നിയമങ്ങൾക്കു പുല്ലുവിലപോലും കൽപ്പിക്കാതെ അവ യഥേഷ്ടം ലംഘിക്കുന്ന മുതലാളിമാർക്ക് ഈ നടപടി നൽകുന്ന സന്തോഷം വളരെ വലുതാണ്. കോവിഡ് കാലത്ത് സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ സ്ഥാപനങ്ങളും ശമ്പളം വെട്ടിക്കുറയ്ക്കുകയുണ്ടായി. അപൂർവ്വം ചില സ്വകാര്യ ആശുപത്രികളൊഴികെ എല്ലാ സ്ഥാപനങ്ങളും നേഴ്സുമാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളം മൂന്നിലൊന്നായിവരെ വെട്ടിക്കുറച്ചു. കേരളത്തിലെ ഇടതു സർക്കാരും അവരെ ചുമക്കുന്ന ട്രേഡ് യൂണിയനുകളും വെറും കാഴ്ചക്കാരായി നോക്കിനിന്നു. കോടതിയുടെ ഉത്തരവിനെ മറികടക്കാൻ ഓർഡിനൻസ് പുറപ്പെടുവിച്ച് ഏകപക്ഷീയമായി ശമ്പളം പിടിച്ചെടുക്കുന്ന സർക്കാരിനു കാഴ്ചക്കാരാവുകയല്ലാതെ മറ്റെന്ത് ചെയ്യാൻ കഴിയും?

കോവിഡിന്റെ പേരിൽ കേന്ദ്ര ബിജെപി സർക്കാർ കേന്ദ്ര ജീവനക്കാരുടെ 2021 വരെയുള്ള 4 ഡി.എ പൂർവ്വകാലപ്രാബല്യത്തോടെ റദ്ദാക്കി. ജീവനക്കാരുടെ തികച്ചും ന്യായമായ പ്രതിഷേധത്തെ പ്രതിനിധീകരിച്ചുകൊണ്ട് സിഐടിയു, എഐയുറ്റിയുസി തുടങ്ങിയ കേന്ദ്ര ട്രേഡ് യൂണിയനുകൾ പ്രസ്താവന പുറപ്പെടുവിച്ചു. ശമ്പളം ഏകപക്ഷീയമായി പിടിച്ചെടുക്കാൻ ഓർഡിനൻസ് പുറപ്പെടുവിച്ച കേരള സർക്കാരിനെ നയിക്കുന്ന സിപിഐ(എം), സിപിഐ പാർട്ടികളുടെ ദേശീയ നേതൃത്വവും ഈ നടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. കേന്ദ്രസർക്കാർ കൈക്കൊണ്ട തൊഴിലാളി വിരുദ്ധ നടപടിയുടെ അതേ മാതൃക തന്നെയല്ലേ കേരള സർക്കാരിന്റെ നടപടിയും. കേന്ദ്രത്തിന്റേത് തൊഴിലാളി ദ്രോഹവും കേരളത്തിന്റേത് ദീനാനുകമ്പയുമാകുന്നത് എന്തുകൊണ്ടാണെന്ന് സംസ്ഥാനസർക്കാരിനുവേണ്ടി ചന്ദ്രഹാസമിളക്കിയ എൻജിഒ യൂണിയൻ തൊഴിലാളി നേതാക്കൾക്ക് വിശദീകരിക്കാനാവുമോ. ഇരുണ്ടു വെളുക്കുന്ന നേരത്തിനുള്ളിൽ സർവ്വതൊഴിൽ നിയമങ്ങളും കുഴിച്ചുമൂടിയ, 4ഗഡു ഡി.എ മരവിപ്പിച്ച ബിജെപിയുടെ തൊഴിലാളിദ്രോഹ നയങ്ങൾക്കെതിരെയുള്ള പ്രക്ഷോഭത്തെ തളർത്തുകയും തകർക്കുകയുമാണ് സംസ്ഥാനത്തെ ശമ്പളം വെട്ടിക്കുറയ്ക്കൽ നടപടി. ഭരണ മുതലാളി വർഗ്ഗത്തോടുള്ള കൂറും ബാധ്യതയും ആവർത്തിച്ചു പ്രഖ്യാപിക്കൽ മാത്രമാണ് പിണറായി സർക്കാരിന്റെ ഈ നടപടി.

**രോഗികളുടെ വ്യക്തിപരമായ വിവരങ്ങൾ ശേഖരിക്കാൻ സ്വകാര്യകമ്പനിയായ സ്പ്രിംഗ്ലർക്ക് നൽകിയ അനുമതി**

വ്യക്തിസ്വാതന്ത്ര്യം പോലെ തന്നെ പരമപ്രധാനമാണ് വ്യക്തികളുടെ സ്വകാര്യതയും സ്വകാര്യവിവരങ്ങളുടെ സംരക്ഷണവും. പരിഷ്കൃത ജനാധിപത്യസമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് പൗരന്റെ മൗലികാവകാശങ്ങളും സംരക്ഷിക്കപ്പട്ടേ മതിയാകൂ. എന്നാൽ, കോവിഡ്–19 വ്യാപനത്തെ തടയാനെന്ന പേരിൽ കേന്ദ്രസർക്കാർ ആരംഭിച്ച ആരോഗ്യസേതു ആപ്പിലൂടെ ഇന്ത്യാക്കാരുടെ മൊബൈൽ ഫോണിലെ ജി.പി.എസ് ലൊക്കേഷൻ ഉപയോഗിച്ച്, ആപ്പ് ഡൗൺലോഡ് ചെയ്തവരുടെ ഏത് നീക്കത്തെയും നിരീക്ഷിക്കുന്നതിന് കഴിയുന്നുവെന്ന ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുന്നു. കേന്ദ്രഭരണകൂടത്തിന് പൗരന്മാരെ പിന്തുടരാം എന്നത് മാത്രമല്ല, ലോകത്തെ ഏ

(ശേഷം 9–ാം പേജിൽ)

# ഔപചാരിക വിദ്യാഭ്യാസത്തിന് ബദലായി ഓൺലൈൻ വിദ്യാഭ്യാസം ലോകബാങ്ക് നിർദ്ദേശത്തിന്റെ ഭാഗം

*(8-ാം പേജിൽ നിന്ന്)*

ത് സൈബർ കമ്പനിക്കും ഹാക്കർമാർക്കും അതേ വിവരങ്ങൾ വളരെയെളുപ്പം ചോർത്താൻ കഴിയും. സമാനമായ നടപടിയാണ് കേരളത്തിലെ രോഗികളുടെ വ്യക്തിപരമായ വിവരങ്ങളും ആരോഗ്യവിവരങ്ങളും ശേഖരിക്കാൻ സ്വകാര്യ കമ്പനിയായ സ്പ്രിംഗ്ലർക്ക് അനുമതി നൽകിയതിലൂടെ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും ചെയ്തിരിക്കുന്നത്. കോവിഡ് ബാധിതരായിട്ടുള്ളവരുടെയും ക്വാറന്റൈനിൽ കഴിയുന്ന ആളുകളുടെയും സകലമാനവിവരങ്ങളും അവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ കൂടി ഉപയോഗിച്ച് പ്രോസസ്സ് ചെയ്യാനാണ് സ്പ്രിംഗ്ലർ കമ്പനിക്ക് സംസ്ഥാന ഐ.ടി വകുപ്പ് അനുമതി നൽകിയത്. കേരളത്തിൽ രോഗവ്യാപനം ആരംഭിക്കുന്നതിന് മുമ്പ്, മാർച്ച് 15-ാം തീയതിയാണ് സംസ്ഥാന ഗവൺമെന്റ് ഇതുസംബന്ധമായ തീരുമാനം എടുക്കുന്നത്. ഉടനെതന്നെ, മാർച്ച് 26 മുതൽ രോഗികളുടെ വിവരങ്ങൾ കമ്പനിക്ക് ശേഖരിക്കാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ, കമ്പനിയുമായി സർക്കാർ ഒരു കരാറിൽ ഏർപ്പെടുന്നതാകട്ടെ വിവാദങ്ങൾക്കിടയിൽ ഏപ്രിൽ മാസവും. കരാർ പ്രകാരം, റേഷൻകാർഡിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രോഗസാധ്യതയുള്ളവരുടെ മാപ്പിംഗ് പൂർത്തീകരിക്കാനുള്ള ചുമതലയും സ്പ്രിംഗ്ലർ കമ്പനിക്ക് കൈമാറി. 80.92 ലക്ഷം റേഷൻ കാർഡുടമകളാണ് കേരളത്തിലാകെയുള്ളത്. അവരിൽ എത്ര ലക്ഷം ആളുകളുടെ വിവരങ്ങൾ ഇതിനകം കൈമാറ്റം ചെയ്യപ്പെട്ടുകഴിഞ്ഞുവെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

ഇത്തരമൊരു അതിപ്രധാനമായ കാര്യം കൈകാര്യം ചെയ്യാൻ സംസ്ഥാന സർക്കാർ അമേരിക്ക ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കുപ്രസിദ്ധമായ സ്വകാര്യകമ്പനിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്തായിരുന്നു, പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ടെൻഡറിൽപ്പോലും പങ്കെടുപ്പിക്കാതിരുന്നത് എന്തുകൊണ്ടാണ്? മന്ത്രിസഭയിൽപോലും ചർച്ച ചെയ്യാതെ രഹസ്യമായി സ്പ്രിംഗ്ലറുമായി കരാറൊപ്പിടുകയും വ്യവസ്ഥകൾ മറച്ചുവയ്ക്കുകയും ചെയ്തത് എന്തുകൊണ്ടാണ് സ്പ്രിംഗ്ളർ കമ്പനിയെ സംബന്ധിച്ച് ഇതിനകം പുറത്ത് വന്നിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വാസ്യത തീരെയില്ലെന്ന് ഐടി രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിച്ചിട്ടും പരിഗണിക്കാൻ തയ്യാറാകാതെ കരാറുമായി മുന്നോട്ടുപോകാൻ ഏകപക്ഷീയമായി സർക്കാർ തീരുമാനിച്ചത് എന്തുകൊണ്ട്? തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും തൃപ്തികരമായ വിശദീകരണങ്ങൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. എന്നാൽ, ഹൈക്കോടതിയുടെ ഇടപെടലിനെത്തുടർന്ന് സർക്കാരിന് നടപടിയിൽനിന്നും പിൻവാങ്ങേണ്ടി വന്നു.

### മദ്യം കുത്തിയൊഴുക്കി കോവിഡ് പ്രതിരോധ നിർദ്ദേശങ്ങളെ കാറ്റിൽപ്പറത്തി

കേരളത്തിൽ കോവിഡ് മഹാവ്യാധിയുടെ പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായി ജനങ്ങൾ ഒത്തുചേരുന്ന എല്ലാ പരിപാടികളും (mass gatherings) നിരോധിച്ചുകൊണ്ട് മാർച്ച് 10 സർക്കാർ ഉത്തരവിറക്കി. ഏഴാം ക്ലാസ്സുവരെയുള്ള സ്കൂളുകളും അടച്ചുപൂട്ടി. സർക്കാർ 'ബ്രേക്ക് ദ് ചെയിൻ' പ്രചാരണം തുടങ്ങുന്നത് മാർച്ച് 15 നാണ്. മാർച്ച് 16ന് മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാളുകൾ, തിയേറ്ററുകൾ, ജിംനേഷ്യങ്ങൾ ഇവയൊക്കെ അടച്ചുപൂട്ടി. മാർച്ച് 20ന് എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ സംസ്ഥാനചരിത്രത്തിൽ ആദ്യമായി റദ്ദാക്കി. അങ്ങിനെ ഒന്നിനു പിറകെ മറ്റൊന്നായി ലോക്ക്ഡൗണിനു 15 ദിവസം മുമ്പുതന്നെ കേരളത്തിൽ ആളുകൾ കൂട്ടം കൂടുന്ന എല്ലാ പ്രവർത്തനങ്ങളും അവസാനിപ്പിച്ചിട്ടും ഒരു വിഘ്നവുമില്ലാതെ സംസ്ഥാനമെമ്പാടും പ്രവർത്തിച്ച സ്ഥാപനങ്ങൾ മദ്യശാലകളായിരുന്നു. അവിടെ ശാരീരിക അകലം പാലിക്കുക എന്നത് തീർത്തും അസാദ്ധ്യമായിരുന്നു. വിവേകവും തിരിച്ചറിവും ഉത്തരവാദിത്തബോധവും ഉള്ള ഒരു വ്യക്തിക്കു മാത്രമല്ലേ പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ കഴിയൂ. മദ്യപിച്ച് ലക്കുകെടുന്ന ഒരു വ്യക്തിക്ക് എങ്ങിനെയാണ് ഈവക കാര്യങ്ങൾ കാര്യബോധത്തോടെ നിറവേറ്റാൻ കഴിയുക. അതായത് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ ലംഘിക്കാൻ സർക്കാർ തന്നെ മദ്യവിതരണത്തിലൂടെ വഴിയൊരുക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. പകർച്ചവ്യാധിയുടെ വേളയിൽ ജനങ്ങൾ കൂടുതൽ ആരോഗ്യവാന്മാരായി നിലനിൽക്കാൻ മദ്യപാനം വെടിയണമെന്ന് വിദഗ്ദ്ധർ ഒറ്റക്കെട്ടായി അഭിപ്രായപ്പെടുന്നു. ഹൃദയം, കരൾ, വൃക്ക തുടങ്ങിയ ആന്തരികാവയവങ്ങൾക്ക് രോഗമുള്ളവർ വളരെ വേഗം കോവിഡിനു ഇരകളാകുമെന്നതിനാൽ അവരുടെ ആരോഗ്യം നിലനിർത്താൻ മദ്യത്തിന്റെ ലഭ്യത താൽക്കാലികമായെങ്കിലും തടയാൻ സർക്കാരിനു ബാധ്യതയുണ്ട്.

സുമനസ്സുകൾ ദീർഘകാലമായി ഉയർത്തുന്ന മദ്യവിരുദ്ധതയുടെ മുദ്രാവാക്യങ്ങൾ നിങ്ങൾ വിസ്മരിച്ചേക്കുക. എന്നാൽ മഹാവ്യാധിയുടെ പ്രതിരോധ നിർദ്ദേശങ്ങൾ പാലിക്കാനെങ്കിലും മദ്യശാലകൾ അടച്ചുപൂട്ടണമായിരുന്നു. ഐ.എം.എ പോലുള്ള സംഘടനകൾ നിരന്തരം ആവശ്യപ്പെട്ടിട്ടും സർക്കാർ തയ്യാറായില്ല. ഒടുവിൽ വലിയ ജനകീയ സമ്മർദ്ദത്തിനൊടുവിൽ മാർച്ച് 25നു മദ്യശാലകൾ പൂട്ടി. പക്ഷേ കൃത്യം നാലു ദിവസം പിന്നിട്ടപ്പോൾ സർക്കാർ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്കു മദ്യം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള വിചിത്രമായ ഉത്തരവ് എക്സൈസ് വകുപ്പ് പുറപ്പെടുവിച്ചു. ഡോക്ടർമാരുടെ സംഘടനയുടെ പ്രതിഷേധത്തെത്തുടർന്ന് അതും പിൻവലിക്കേണ്ടി വന്നു. നാട്ടുകാർക്കു മദ്യം ലഭ്യമാക്കാൻ കഴിയാത്തതിലുള്ള ഹൃദയവേദന മന്ത്രിമാരുടെ പ്രസ്താവനകളിലൂടെ സർക്കാർ പ്രകടിപ്പിച്ചുകൊണ്ടേയിരുന്നു. മദ്യാസക്തിക്ക് അടിപ്പെട്ടവരുടെ കൂട്ടമരണം ഉണ്ടാകുമെന്നായിരുന്നു പ്രവചനം; പിന്നെ വ്യാജമദ്യം ഒഴുകുമെന്നും. ഇപ്പറഞ്ഞതൊന്നുമുണ്ടായില്ല. 5ൽ താഴെപ്പേരുടെ മരണം മാത്രമാണുണ്ടായത്. ഡി അഡിക്ഷൻ സെന്ററുകളിൽ മൂന്നാഴ്ച കഴിഞ്ഞപ്പോൾ മദ്യപാനരോഗികൾ ആരും വരാതായി. മദ്യപാന രോഗത്തിന് അടിപ്പെട്ടവർപോലും വളരെ വേഗം സാധാരണനിലയിലെത്തുകയും ഇനി മദ്യപാനമില്ലാതെ ജീവിക്കാനാണ് ആഗ്രഹമെന്നു താൽപ്പര്യപ്പെടുകയും ചെയ്തു. ലഭ്യതയില്ലാതായാൽ മദ്യപാനശീലം വെടിയുമെന്നു പ്രഖ്യാപിച്ചവരുമുണ്ടായിരുന്നു. എന്നാൽ ഇവരെയെല്ലാവരെയും കുടിപ്പിച്ചേ അടങ്ങൂ എന്നു നിർബ്ബന്ധമുള്ള സർക്കാർ മെയ് അവസാനത്തോടെ ബാറുകളിലൂടെ മദ്യം വിതരണം ചെയ്യാൻ തീരുമാനിച്ചു. അങ്ങിനെ ഓൺലൈൻ ബുക്കിംഗ്, വെർചൽ ക്യൂ, ബെവ് ക്യൂ ആപ്പ് തുടങ്ങി ഇപ്പോൾ കാണുന്ന പുകിലുകളെല്ലാം എവ്വിധവും മദ്യം ഉറപ്പാക്കാനുള്ള സർക്കാരിന്റെ ശുഷ്കാന്തിയുടെ പേരുകളാണ്. ഇതു നിർദ്ദോഷമായ ഒരു ശുഷ്കാന്തിയായി കാണരുത്. കോടികളുടെ ഇടപാടുകൾ കൂടിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് പകൽ പോലെ വ്യക്തം. ലോക്ക് ഡൗണിന്റെ മറയിൽ എത്ര പുതിയ ബാറുകൾക്ക് ലൈസൻസ് ലഭിച്ചുവെന്ന കണക്ക് വരാനിരിക്കുന്നതേയുള്ളൂ. കോവിഡ് പ്രതിരോധ വിജയത്തിന്റെ വീമ്പുപറച്ചിൽ പുറമേക്കു നടത്തിക്കൊണ്ട് അകമേ ചെയ്തു കൂട്ടിയ പാതകങ്ങളിൽ ഒന്ന് മദ്യം കുത്തിയൊഴുക്കുന്നതിനു സ്വീകരിച്ച നടപടികളായിരുന്നു.

### ഉന്നതവിദ്യാഭ്യാസരംഗത്തെ പൊളിച്ചടുക്കുന്ന ഏപ്രിൽ ഒന്നിന്റെ ഉത്തരവ്

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അസാധാരണമായ പ്രതിസന്ധിയിലേക്ക് എടുത്തെറിഞ്ഞ സർക്കാർ ഉത്തരവ് ഇറങ്ങിയത് കോവിഡ് വിജയ ഗാഥയുടെ ബഹളത്തിന്നിടയിൽ ഏപ്രിൽ ഒന്നിനാണ്. സ്ഥിരാധ്യാപക തസ്തികകൾ പരിമിതപ്പെടുത്തുകയും കരാർ അധ്യാപനത്തെ ശക്തമായി ഉറപ്പിക്കുകയുമാണ് ഈ ഉത്തരവിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സ്ഥിരാധ്യാപക നിയമനത്തിന്റെ മാനദണ്ഡമായിരുന്നത് ആഴ്ചയിൽ 16 മണിക്കൂർ അധ്യാപനമെന്നതായിരുന്നു. നിലനിന്നിരുന്ന സമ്പ്രദായപ്രകാരം, അധികമായി വരുന്ന ഒൻപത് മണിക്കൂർ അധ്യാപനത്തിനു മറ്റൊരു നിയമനവും നടത്താൻ കഴിയുമായിരുന്നു. ഏപ്രിൽ ഒന്നിന്റെ ഉത്തരവിൽ ഈ മാനദണ്ഡം മാറ്റി മറ്റൊരു 16 മണിക്കൂറിന്റെ അധ്യാപനം ഉണ്ടെങ്കിൽ മാത്രമേ രണ്ടാമത്തെ നിയമനം നടത്താനാവൂ എന്ന രീതി ആവിഷ്കരിച്ചു. ഇതിനും പുറമെ വന്നിട്ടുള്ള കൂടുതൽ അപകടകരമായ മറ്റൊരു മാറ്റം പോസ്റ്റ് ഗ്രാജുവേഷൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ലഭിച്ചിരുന്ന വെയ്റ്റേജ് പിൻവലിച്ചു എന്നതാണ്. 10 മണിക്കൂർ പി.ജി.വിദ്യാർത്ഥികളെ പഠിപ്പിച്ചാൽ അതു 15 മണിക്കൂർ അധ്യാപനമായി പരിഗണിക്കുന്നതായിരുന്നു നിലവിലുള്ള രീതി. പി.ജി. വിദ്യാർത്ഥികൾക്ക് ഗവേഷണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനും ഗഹനമായ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനും കൂടുതൽ അധ്വാനം ആവശ്യമായിരുന്നതിനാലാണ് ഈ വെയ്റ്റേജ് നൽകിയിരുന്നത്. ഏപ്രിൽ ഒന്നിന്റെ ഉത്തരവ് പ്രകാരം പി.ജി. വെയ്റ്റേജ് സമ്പ്രദായം എടുത്തുകളഞ്ഞതോടെ യു.ജി-പി.ജി വ്യത്യാസമില്ലാതെ 16 മണിക്കൂർ അധ്യാപനം നടത്തിയാൽ മാത്രമേ ഒരു തസ്തിക സൃഷ്ടിക്കപ്പെടുകയുള്ളൂ. ചുരുക്കത്തിൽ ഈ ഉത്തരവ് പ്രയോഗത്തിൽ വരുന്നതോടെ ഉന്നത വിദ്യാഭ്യാസരംഗത്തു ഏതാണ്ട് പത്തു വർഷത്തേക്ക് നിയമന നിരോധനം നടപ്പാകും. അധ്യാപനരംഗത്തേക്കുള്ള ആയിരക്കണക്കിനു ഉദ്യോഗാർത്ഥികളുടെ ഭാവി ഇതോടെ ഇരുൾ നിറയുകയാണ്. ദേശീയ വിദ്യാഭ്യാസ നയവും യുജിസി നിർദ്ദേശങ്ങളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശുപാർശകളും എല്ലാം ലക്ഷ്യമിടുന്നത് അടിമുടിയുള്ള കരാർ നിയമനമാണ്. സ്ഥിരാദ്ധ്യാപകർ ഇല്ലാതാവുന്നതോടെ ഗവേഷണ രംഗത്ത് ഗൈഡുകൾ ഇല്ലാതാവുകയും ഫലത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ അസ്തമിക്കുകയും ചെയ്യും. പഠനത്തോടൊപ്പം ജോലിയും എന്ന പദ്ധതി വലിയ ഒരു ചതിയായി മാറുകയാണ്. കോർപ്പറേറ്റുകൾക്കു കുറഞ്ഞ കൂലിക്ക് മനുഷ്യാധ്വാനം ഉറപ്പാക്കുന്നതോടൊപ്പം മനുഷ്യനെ വാർത്തെടുക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ഉന്നതമായ ലക്ഷ്യം, തൊഴിൽ നൈപുണിയുള്ള മനുഷ്യവിഭവത്തെ സൃഷ്ടിക്കുക എന്നതിലേക്കും മാറുകയും ചെയ്യും. വൈജ്ഞാനിക-സാമൂഹ്യ രംഗങ്ങളിൽ ഇതു ഗുരുതരമായ ഭവിഷ്യത്ത് സൃഷ്ടിക്കും.

കോവിഡ് മഹാമാരിയുടെ മറവിൽ കോളജുകളിൽ ഏകപക്ഷീയവും ചട്ടവിരുദ്ധവുമായി സമയമാറ്റവും കൊണ്ടുവ

*(ശേഷം 10-ാം പേജിൽ)*

**ജനാധിപത്യ വിദ്യാഭ്യാസത്തെ തകർത്ത് വാണിജ്യ വിദ്യാഭ്യാസക്രമത്തിലേയ്ക്കുള്ള ചുവടുമാറ്റമാണ് ഓൺലൈൻ വിദ്യാഭ്യാസം. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മൂന്നിലൊന്ന് അധ്യാപക തസ്തികകൾ ഒഴിവാക്കാം എന്ന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ പറഞ്ഞു കഴിഞ്ഞു. ഇരുപത്തിയഞ്ചുശതമാനം ക്ലാസ്സുകൾ ഓൺലൈൻ ആക്കണം എന്ന് യുജിസിയും നിർദ്ദേശിച്ചിരിക്കുന്നു.**

# ഇടതു – ജനാധിപത്യ ശക്തികൾ അടിയന്തരമായി ഒരുമിക്കുക

(9–ാം പേജിൽ നിന്ന്)

ന്നിരിക്കുന്നു. രാവിലെ 8.30 മുതൽ 1.30വരെയാണ് പുതിയ സമയക്രമം. കോളജുകളുടെയും സർവകലാശാലകളുടെയും വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഉച്ചയ്ക്കുശേഷം കച്ചവടകോഴ്സുകൾക്കായി തുറന്നുകൊടുക്കാമെന്നതാണ് ഒരു താൽപര്യം.

പഠനത്തോടൊപ്പം ശമ്പളമെന്ന മോഹനവാഗ്ദാനം പ്രചരിപ്പിച്ചുകൊണ്ട് തുച്ഛമായ ശമ്പളത്തിൽ തൊഴിലവകാശങ്ങളൊന്നുമില്ലാത്ത ഒരു വലിയ തൊഴിൽശക്തിയായി വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്താൻ സാധിക്കും. സ്ഥിരം തൊഴിലെന്ന സങ്കൽപംതന്നെയില്ലാതെയാക്കുവാനും വിദ്യാർത്ഥികൾക്കു നൽകേണ്ട സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഫെലോഷിപ്പുമൊക്കെ ക്രമേണ എടുത്തുകളയാനുമുള്ള സാഹചര്യവും ഇത് സൃഷ്ടിക്കും.

**ഔപചാരിക വിദ്യാഭ്യാസത്തിനു ബദലായി ഓൺലൈൻ വിദ്യാഭ്യാസത്തെ സ്ഥാപിക്കാനുള്ള നീക്കങ്ങൾ**

സ്കൂൾതലം മുതൽ ഉന്നത തലംവരെ നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസത്തെ ഓൺലൈൻ വിദ്യാഭ്യാസംകൊണ്ട് മാറ്റി പ്രതിഷ്ഠിക്കാനുള്ള ആസൂത്രിതമായ നീക്കങ്ങളാണ് നടക്കുന്നത്. ജൂൺ ഒന്നിന് ആരംഭിച്ച ഓൺലൈൻ ക്ലാസ്സിനെ സ്കൂളുകളിൽ നടക്കേണ്ടിയിരുന്ന യഥാർത്ഥ അധ്യാപനത്തിനു പകരമാണെന്ന വമ്പിച്ച പ്രചാരണം നൽകാൻ സർക്കാർ മുതിർന്നത് കോവിഡാനന്തരം ഓൺലൈൻ വിദ്യാഭ്യാസത്തെ ബദലാക്കി മാറ്റാനുള്ള ലക്ഷ്യം വച്ചുകൊണ്ടാണ്. ദേവിക എന്ന വിദ്യാർത്ഥിനിയെ ആത്മഹത്യയിലേക്ക് നയിച്ചത് സർക്കാരിന്റെ ഈ പ്രചാരണമാണ്.

ഓൺലൈൻ വിദ്യാഭ്യാസമെന്ന സങ്കൽപം കോവിഡ് കാലത്ത് രംഗപ്രവേശം ചെയ്ത ഒന്നല്ല. ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സമ്പൂർണമായ കച്ചവടവത്ക്കരണം ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കിയ ലോക ബാങ്കിന്റെ റൂസ പദ്ധതി ഓൺലൈൻ വിദ്യാഭ്യാസക്രമത്തിന്റെ വമ്പിച്ച വിപണി സാധ്യതകൾകൂടെ ഉൾക്കൊള്ളുന്ന ഒന്നായിരുന്നു. MOOC (massive open online courses) വർച്വൽ യൂണിവേഴ്സിറ്റി, സ്വയം എന്നീ സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി നിലവിൽവന്നിരുന്നു. കുറഞ്ഞ ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച് കൃത്യമായ മോണിറ്ററിംഗ് ഉള്ള വിപുലമായ വിദ്യാഭ്യാസവ്യാപാരമാണ് ഓൺലൈൻ വിദ്യാഭ്യാസക്രമം. കോവിഡ് സാഹചര്യം ഈ സംവിധാനത്തിന് വേഗത്തിൽ വേരുറപ്പിക്കാനുള്ള അവസരമായി എന്നുമാത്രം. കോവിഡ് അനന്തര വിദ്യാഭ്യാസത്തെ വിഭാവനം ചെയ്തുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ രേഖയിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മൂന്നിലൊന്ന് അധ്യാപകതസ്തികകൾ ഒഴിവാക്കാം എന്ന് പറയുന്നുണ്ട്. യുജിസി ആകട്ടെ ഇരുപത്തിയഞ്ചു ശതമാനം ക്ലാസ്സുകൾ ഓൺലൈൻ ആക്കണം എന്ന നിർദ്ദേശവും രാജ്യത്തെ സർവ്വകലാശാലകൾക്ക് നൽകി. അതായത് ജനാധിപത്യ വിദ്യാഭ്യാസത്തെ തകർത്തുകൊണ്ട് പൂർണമായ വാണിജ്യ വിദ്യാഭ്യാസ ക്രമത്തിലേയ്ക്കുള്ള ചുവടുമാറ്റമാണ് ഓൺലൈൻ വിദ്യാഭ്യാസം വ്യവസ്ഥാപിതമാകുന്നതിലൂടെ സംഭവിക്കുന്നത്. സ്കൂൾ തലത്തിലെ ഓൺലൈൻ ക്ലാസ്സുകൾക്ക് നൽകുന്ന വമ്പിച്ച പ്രചാരണങ്ങളുടെ മറവിൽ ഉന്നതവിദ്യാഭ്യാസമേഖലയിലെ ഈ മാറ്റങ്ങൾ ചർച്ചയാകാതെ പോകുന്നു. മനുഷ്യനെ വാർത്തെടുക്കുന്ന പ്രക്രിയയുടെ എല്ലാ ഘടകങ്ങളോടെയും വികസിച്ചുവന്ന, കാലം തെളിയിച്ച ആധുനിക വിദ്യാഭ്യാസത്തിനു വേണ്ടി നിലകൊള്ളാൻ ഇടതു ശക്തികൾ തയ്യാറാകണം.

**ഇടതു -ജനാധിപത്യ ശക്തികൾ അടിയന്തരമായി ഒരുമിക്കുക**

രാഷ്ട്രീയ നയവും നിലപാടും ഗൗരവതരമായ വിഷയങ്ങളായിവന്ന എല്ലാ കാര്യത്തിലും കേരളത്തിലെ പിണറായി വിജയൻ സർക്കാർ കൈക്കൊണ്ടത് ഇടതുരാഷ്ട്രീയത്തിന് കടകവിരുദ്ധമായ സമീപനങ്ങളായിരുന്നുവെന്ന് പറയാതിരിക്കാനാവില്ല. പകർച്ചവ്യാധിയുടെ പ്രതിരോധ പ്രവർത്തനത്തിനുവേണ്ടുന്ന ഭരണനടപടികൾ സ്വീകരിക്കുന്നത് ഒരു മന്ത്രവിദ്യയോ അത്ഭുതമോ അല്ല. പ്രത്യേകിച്ചും സർവ്വസജ്ജമായ ഒരു സംവിധാനം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത്. എന്നാൽ ഒരു ഇടതുപക്ഷ സർക്കാർ ഈ ഭരണനടപടികളും ഏകോപനവും ഫലപ്രദമായി ചെയ്യുന്നതിനോടൊപ്പം നിർവ്വഹിക്കേണ്ടുന്ന ഗൗരവതരമായ രാഷ്ട്രീയ ദൗത്യങ്ങൾ ഉണ്ട്. അത് ഇടതുസർക്കാരിനു മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. അവ നിറവേറ്റുന്നതിൽ കേരളത്തിലെ എൽ.ഡി.എഫ് ഭരണവും അതിനെ നയിക്കുന്ന രാഷ്ട്രീയ നേതൃത്വവും പരാജയപ്പെട്ടത് എവിടെയെന്ന് ചൂണ്ടിക്കാണിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്.

കോവിഡിന്റെ മറവിൽ ദേശീയ തലത്തിൽ ജനങ്ങൾക്കെതിരെ വന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ എല്ലാ സീമകളും ലംഘിക്കുകയാണ്. ഈ പ്രതിസന്ധിയിൽ ഏറ്റവും വില നൽകേണ്ടി വന്നവർ തൊഴിലാളികളും സാധാരണക്കാരുമാണ്. കേന്ദ്രസർക്കാരിന്റെ ആക്രമണങ്ങൾ ഒന്നാകെ ഇതേ തൊഴിലാളികൾക്കും പട്ടിണിപ്പാവങ്ങൾക്കുമെതിരെയാണ്; പൗരാവകാശപ്രവർത്തകർക്കു നേരെയാണ്. ജനാധിപത്യഘടനയ്ക്കു നേരെയാണ്.

ഈ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയെ നിലനിർത്താൻ മനുഷ്യോചിതമായ ജീവിതാവകാശങ്ങൾ സംരക്ഷിക്കാൻ ഇടതു-ജനാധിപത്യ ശക്തികൾ അടിയന്തരമായി ഒരുമിച്ചേ പറ്റൂ. കോവിഡ് മഹാവ്യാധി നൽകുന്ന പരമപ്രധാനമായ രാഷ്ട്രീയ പാഠം ഇതാണ്. യോജിപ്പിക്കാവുന്ന മുഴുവൻ ശക്തികളെയും അണിനിരത്തിക്കൊണ്ടുള്ള രാജ്യവ്യാപകമായ ജനാധിപത്യ പ്രക്ഷോഭം ഒരു നിമിഷനേരത്തേക്കുപോലും വൈകാനാവില്ല. എന്നാൽ ഈ പ്രക്ഷോഭം ജനങ്ങളുടെ വലിയ പിന്തുണനേടി മുന്നോട്ടുപോകണമെങ്കിൽ അതിന്റെ രാഷ്ട്രീയ ധാർമ്മികതയും സത്യസന്ധതയും ജനങ്ങൾക്ക് ബോധ്യപ്പെടണം. പുറമേയ്ക്കു ഉയർത്തപ്പെടുന്ന മുദ്രാവാക്യങ്ങളോട് പ്രയോഗത്തിൽ നീതിപുലർത്തുന്ന സമീപനമാണ് ഈ രാഷ്ട്രീയ ധാർമ്മികത. പ്രത്യേകിച്ചും ഇടതുപ്രസ്ഥാനങ്ങൾ അധികാരത്തിൽ വരുന്ന സന്ദർഭങ്ങളിൽ ഭരണനയങ്ങൾ അതിനിണങ്ങുന്നതാകണം.ഈ പ്രക്ഷോഭത്തിന്റെ അകക്കാമ്പായി വരേണ്ടുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. എന്നാൽ മുഖ്യധാരാ ഇടതു പ്രസ്ഥാനങ്ങൾക്ക്, ഇന്ന് ഈ രാഷ്ട്രീയ സത്യസന്ധതയും ധാർമ്മികതയും വൻതോതിൽ ചോർന്നുപോയിരിക്കുന്നു. അതു വീണ്ടെടുത്തുകൊണ്ടു മാത്രമേ മുന്നോട്ടു പോകാനാവൂ. കോവിഡ് കാലത്തും ഈ പ്രസ്ഥാനങ്ങൾ അനുവർത്തിച്ച ഇടതു രാഷ്ട്രീയത്തിനു വിരുദ്ധമായ നിലപാടുകൾ തിരുത്തേണ്ടത് അടിയന്തര ആവശ്യകതയാണ്. രാജ്യം ഒരു ദശാസന്ധിയെ നേരിടുകയാണ്. മാനവരാശി ഒരു വെല്ലുവിളിയെയും. ഈ കടമകൾ ഏറ്റെടുക്കാൻ ഇടതു-ജനാധിപത്യശക്തികളോട് ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ■

## മദ്യശാലകൾ എന്നെന്നേയ്ക്കുമായി അടച്ചിടുക

മദ്യശാലകൾ തുറന്ന് 48 മണിക്കൂറിനകം 5 കൊലപാതകങ്ങളാണ് കേരളത്തിൽ നടന്നത്. നിത്യേന കൊലപാതകങ്ങളും അക്രമങ്ങളും റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മദ്യശാലകൾ എന്നെന്നേയ്ക്കുമായി അടച്ചുപൂട്ടണമെന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരികസംഘടന സംസ്ഥാന കമ്മിറ്റിആവശ്യപ്പെട്ടു ലോക്ക്ഡൗൺ കാലത്ത് കേരളത്തിലെ മദ്യശാലകൾ അടച്ചിടാനുള്ള തീരുമാനം, ആശങ്കപ്പെട്ടതുപോലെ ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടില്ലായെന്നതും, വളരെയേറെപ്പേർ ഈ കാലയളവിൽ മദ്യവിമുക്തി നേടിക്കൊണ്ടിരിക്കുന്നുവെന്നതും ശ്രദ്ധേയമായ കാര്യമാണ്.




എഐഎംഎസ്എസ് കോട്ടയത്ത് നടത്തിയ ധർണയിൽ ജില്ലാ സെക്രട്ടറി സഖാവ് ആശാരാജ് പ്രസംഗിക്കുന്നു

ഔദ്യോഗിക കണക്കനുസരിച്ച് ലോക്ഡൗൺകാലയളവിൽ ചികിത്സ വേണ്ടിവന്നത് 2454 പേർക്കുമാത്രമാണ്. അതിൽ കിടത്തി ചികിത്സവേണ്ടിവന്നത് 203പേർക്കുമാത്രമാണ്. ബാക്കിയുള്ളവർ ഒ.പികൊണ്ടും കൗൺസിലിംഗ്കൊണ്ടും ഭേദപ്പെട്ടവരാണ്. ജനങ്ങളുടെ മദ്യാസക്തി മദ്യം ലഭിച്ചില്ലെങ്കിൽ മാറാവുന്നതേയുള്ളൂ എന്നാണ് ഇത് തെളിയിക്കുന്നത്. മദ്യ വിപത്തിൽ നിന്ന് നാടിനെ മുക്തമാക്കാൻ മദ്യവർജ്ജന മല്ല, ലഭ്യത ഇല്ലാതെയാക്കുകയാണ് വേണ്ടതെന്ന് ലോക് ഡൗൺ തെളിയിച്ചിരിക്കുന്നു. കുടുംബങ്ങളിൽ നഷ്ടപ്പെട്ടുപോയിരുന്ന സമാധാനം തിരികെ കൊണ്ടുവരാനും ഈ നടപടി സഹായകമായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ സ്ത്രീകളും, ഒരു വലിയ വിഭാഗം മദ്യപൻമാരും ബഹുജനങ്ങളും ഈ കാര്യം ശരിവയ്ക്കുന്നു. വാഹനാപകടങ്ങളും, വാക്കേറ്റവും, ആക്രമണങ്ങളുമെല്ലാം മാറി നിന്ന ഒരു സാംസ്കാരിക, സാമൂഹ്യ അന്തരീക്ഷം തുടർന്നും പുലർന്നു കാണണമെന്ന് കേരള സമൂഹം ആഗ്രഹിക്കുന്നുണ്ട്.

മദ്യമുതലാളിമാർക്കുവേണ്ടിയാണ് ബാറുകൾ തുറന്നത് എന്ന് വ്യക്തമാക്കുന്നതാണ് മദ്യശാലകൾ തുറന്നതിനുശേഷം പുറത്തുവരുന്ന വാർത്തകൾ തെളിയിക്കുന്നത്. കച്ചവടം ഏറെയും നടക്കുന്നത് ബാറുകളിലാണ്. സർക്കാരിന്റെ മദ്യാസക്തി ജനങ്ങളെ കൊലയ്ക്കൊടുക്കുന്ന ഈ സാഹചര്യത്തിൽ മദ്യശാലകൾ അടച്ചുപൂട്ടാൻ അതിശക്തമായ ബഹുജനപ്രക്ഷോഭണം അനിവാര്യമായിരിക്കുന്നു. ■

## മെയ് 25 വഞ്ചനാദിനം

സംസ്ഥാനത്ത് മദ്യശാലകൾ തുറക്കുവാനുള്ള തീരുമാനത്തിനെതിരെയും പുതിയ ബാറുകൾ തുറക്കുവാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചും എഐഡിഎസ്ഒ എഐഎംഎസ്എസ്, മദ്യവിരുദ്ധ ജനകീയ സമരസമിതി, മദ്യനിരോധന സമിതി തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ മെയ് 25 വഞ്ചനാദിനമായി ആചരിച്ചു.

ബ്രേക്ക് ദ ബോട്ടിൽ എന്ന ഹാഷ് ടാഗോടെ മദ്യശാലകൾ അടഞ്ഞുതന്നെ കിടക്കട്ടെ എന്ന മുദ്രാവാക്യം ഉയർത്തി വിദ്യാർത്ഥിസംഘടന എഐഡിഎസ്ഒയുടെ മുൻകൈയിൽ നടന്ന ഓൺലൈൻ ക്യാമ്പയിൻ വലിയ ചലനം സൃഷ്ടിച്ചു. ■



വഞ്ചനാദിനത്തോടനുബന്ധിച്ച് മുളന്തുരുത്തിയിൽ നടന്ന പ്രതിഷേധ പരിപാടി

# കോളജ് അധ്യാപക തസ്തികകൾ വെട്ടിക്കുറയ്ക്കരുത് – എഐഡിഎസ്ഒ

കോളജ് അധ്യാപക തസ്തികകൾ ഗണ്യമായി കുറയ്ക്കാൻ കാരണമാകുന്ന സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഏപ്രിൽ ഒന്നിന്റെ ഉത്തരവ് പിൻവലിക്കണമെന്ന് എഐഡിഎസ്ഒ ആവശ്യപ്പെട്ടു. ആഴ്ചയിൽ പതിനാറ് മണിക്കൂർ അധ്യാപനത്തിന് ഒരു അധ്യാപക തസ്തികയാണ് നിലവിലുള്ളത്. അധികമായി വരുന്ന ഒൻപത് മണിക്കൂറിന് അധ്യാപക തസ്തികകൾ ഉണ്ടാകണമെന്നതാണ് നിലവിലുണ്ടായിരുന്ന രീതി. ഇതു കൂടാതെ പിജി ക്ലാസുകളിലെ അധ്യാപനത്തിന് അധിക വെയ്റ്റേജും നൽകിയിരുന്നു. അതായത് പിജി ക്ലാസുകളിലെ ഒരു മണിക്കൂർ അധ്യാപനം ഒന്നര മണിക്കൂറായി കണക്കാക്കിയിരുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിലവിലുണ്ടായിരുന്ന അധ്യാപക തസ്തികകൾ അനുപേക്ഷണീയമാണ്. എന്നാൽ സാമ്പത്തിക ബാധ്യതയുടെ പേരുപറഞ്ഞ് ഈ സമ്പ്രദായം കീഴ്മേൽ മറിക്കുന്നതാണ് ഏപ്രിൽ ഒന്നിന് സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഉത്തരവ്.

ഇനിമുതൽ പതിനാറു മണിക്കൂറുണ്ടെങ്കിൽ മാത്രമേ തസ്തികകൾ ഉണ്ടാകുകയുള്ളൂ. പിജി വെയിറ്റേജ് ഉണ്ടാകുകയുമില്ല. തത്ഫലമായി രണ്ടായിരത്തോളം തസ്തികകൾ ഇല്ലാതെ വരാൻ സാധ്യതയുണ്ട്. ഭാഷാ വിഷയങ്ങളിൽ പ്രത്യേകം കോഴ്സില്ലെങ്കിൽ കൂടി ഡിഗ്രി വിദ്യാർത്ഥികൾക്കു ഫസ്റ്റ് ലാംഗ്വേജ്, സെക്കന്റ് ലാംഗ്വേജ് ക്ലാസുകളിലേക്കുള്ള അധ്യാപകരുടെ തസ്തികകൾ നിലവിലുള്ള സ്ഥാപനങ്ങളിൽ ഉണ്ട്. ഈ തസ്തികകളും ഇതോടെ ഇല്ലാതാകും. പോളിടെക്നിക്ക് ഉൾപ്പടെയുള്ള ഭാഷാ വിഷയങ്ങളിൽ ഡിഗ്രി-പിജി കോഴ്സുകളില്ലാത്ത കോളജുകളിൽ ഭാഷാധ്യാപനം ആഴ്ചയിൽ പതിനാറു മണിക്കൂറുണ്ടാകുക ചുരുക്കമാണ്. ഇത്തരം ഏകാധ്യാപക ഡിപ്പാർട്ട്മെന്റുകളില്ലാതാകും.

അധ്യാപനത്തെ കൂടാതെ കേന്ദ്രീകൃത മൂല്യനിർണയം, പരീക്ഷാ ഡ്യൂട്ടി, ഇന്റേണൽ വാലുവേഷന്റെ പ്രവർത്തനങ്ങൾ തുടങ്ങി നിരവധി ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടവരാണ് അധ്യാപകർ. കൂടാതെ അക്കാദമിക സെമിനാറുകളിലെ പങ്കാളിത്തം പുതിയ പഠനങ്ങളും പ്രോജക്റ്റുകളും ഏറ്റെടുക്കുക, പബ്ലിക്കേഷൻസ് തയ്യാറാക്കുക തുടങ്ങിയ വൈജ്ഞാനിക പ്രവർത്തനങ്ങൾകൂടി അധ്യാപകരുടെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവ് നടപ്പിലായാൽ അധ്യാപകരുടെ ജോലിഭാരം വർദ്ധിക്കുകയും വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സർവകലാശാലകൾക്കുകൂടി ബാധകമായ ഉത്തരവാണിത്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇതുമൂലം സൃഷ്ടിക്കപ്പെടും.




ഏപ്രിൽ 1ന്റെ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ടയിൽ എഐഡിഎസ്ഒ സംഘടിപ്പിച്ച പ്രതിഷേധ പരിപാടി സംസ്ഥാന പ്രസിഡന്റ് ബിനു ബേബി ഉദ്ഘാടനം ചെയ്യുന്നു

അധികമായി വരുന്ന ടീച്ചിംഗ് അവേഴ്സിലേക്ക് ഗസ്റ്റ് അധ്യാപകരെ നിയമിക്കാനാണ് സർക്കാർ നിർദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ തൊഴിൽ ചൂഷണത്തിന്റെ ഇരകളാണ് ഗസ്റ്റ് അധ്യാപകർ. തൊഴിലാവകാശങ്ങളൊന്നുമില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കൂലിപ്പടയെ സൃഷ്ടിക്കുന്നതിനു പകരം സ്ഥിരം തൊഴിലിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുകയാണ് വേണ്ടത്.

സ്ഥിരം തസ്തികകൾ പരമാവധി വെട്ടിക്കുറയ്ക്കാനും കോൺട്രാക്ട് ലേബറിനെ വ്യവസ്ഥാപിതമാക്കാനുമുള്ള നീതി ആയോഗിന്റെയും പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെയും ശുപാർശകളാണ് ഏപ്രിൽ ഒന്നിന്റെ ഉത്തരവിലൂടെ നടപ്പിലാക്കുവാൻ പോകുന്നത്. നെറ്റ് ക്വാളിഫിക്കേഷനും പിഎച്ച്ഡിയുമുള്ള നിരവധി ചെറുപ്പക്കാർ കൊളിജിയേറ്റ് പരീക്ഷയ്ക്കായി പ്രതീക്ഷയോടെ തയ്യാറെടുക്കുമ്പോഴാണ് തസ്തികകൾ ഇല്ലാതാക്കിക്കൊണ്ടുള്ള സർക്കാർ തീരുമാനം. കൊറോണ പ്രതിസന്ധിയുടെയും ലോക്ഡൗണിന്റെയും കാലത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് അപ്രഖ്യാപിത നിയമന നിരോധനത്തിനു കാരണമാകുന്ന ഉത്തരവ്, പ്രതിഷേധങ്ങളൊന്നുമില്ലാതെ നടപ്പിലാക്കുവാനുള്ള നിന്ദ്യമായ ശ്രമമാണ് സർക്കാർ നടത്തുന്നത്. ഇതിനെതിരെ വിദ്യാർത്ഥികളും അധ്യാപകരും ഉദ്യോഗാർത്ഥികളും വിദ്യാഭ്യാസ സ്നേഹികളും സംഘടിതമായി രംഗത്ത് വരണമെന്നു എഐഡിഎസ്ഒ ആവശ്യപ്പെട്ടു. ഉന്നതവിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ ഉത്തരവ് നിരുപാധികം പിൻവലിക്കണമെന്നും എല്ലാ സർക്കാർ-എയ്ഡഡ് കോളജുകളിലും ഒഴിഞ്ഞു കിടക്കുന്ന എല്ലാ തസ്തികകളിലേക്കും പി.എസ്.സി മുഖേന എത്രയും വേഗം നിയമനം നടത്തണമെന്നും എഐഡിഎസ്ഒ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു. ■

# എഐഡിഎസ്ഒ പ്രതിഷേധിച്ചു

മലപ്പുറത്ത് സ്കൂൾവിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ പ്രതിഷേധിച്ച് എഐഡിഎസ്ഒ സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ ധർണ്ണ എഐഡിഎസ്ഒ തിരുവനന്തപുരം ജില്ലാസെക്രട്ടറി എമിൽ ബിഎസ് ഉദ്ഘാടനം ചെയ്തു. ഓൺലൈൻ ക്ലാസ്സുകൾ ഔപചാരിക വിദ്യാഭ്യാസത്തിന് പകരമായി അവതരിപ്പിച്ചുകൊണ്ടുള്ള സർക്കാരിന്റെ പ്രചാരണമാണ് ദേവികയുടെ മരണത്തിന് കാരണമായതെന്നും മഹാമാരിയുടെ കാലത്ത് ഓൺലൈൻ ക്ലാസ്സുകൾ നടന്നുവെന്ന പ്രതീതി സൃഷ്ടിച്ച് ഔപചാരിക വിദ്യാഭ്യാസത്തെ അട്ടിമറിച്ചുകൊണ്ട് ഓൺലൈൻ വിദ്യാഭ്യാസം വ്യവസ്ഥാപിതമാക്കാനുള്ള സർക്കാരിന്റെ നീക്കമാണ് ഇതിലൂടെ വ്യക്തമാകുന്നതെന്നും എമിൽ അഭിപ്രായപ്പെട്ടു. ■




എഐഡിഎസ്ഒ തിരുവനന്തപുരം ജില്ലാസെക്രട്ടറി ബി.എസ്.എമിൽ ധർണ ഉദ്ഘാടനം ചെയ്യുന്നു

## ഓൺലൈൻ വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസത്തിന് ബദലല്ല – സേവ് എഡ്യൂക്കേഷൻ കമ്മിറ്റി

ഔപചാരിക വിദ്യാഭ്യാസത്തിന് ബദലായി ഓൺലൈൻ വിദ്യാഭ്യാസം നടപ്പിലാക്കരുത്, ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സേവ് എഡ്യൂക്കേഷൻ കമ്മിറ്റി മെയ് 23ന് അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു. "അധ്യാപകർ വിദ്യാർത്ഥികൾക്ക് മുഖാമുഖം അറിവ് പകർന്നു നൽകുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ടിവി ചാനലുകൾക്കോ സ്മാർട്ട് ഫോണുകൾക്കോ ആ ധർമം നിർവഹിക്കാൻ കഴിയില്ല. കേരളത്തിൽ പോലും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ, നെറ്റ് സൗകര്യങ്ങൾ ലഭ്യമല്ല. അവ ലഭ്യമായാലും അതിലൂടെ വിദ്യാഭ്യാസം നൽകാൻ കഴിയുമെന്ന് കരുതുന്നത് മിഥ്യയാണ്. ഓൺലൈൻ ക്ലാസുകൾ ഔപചാരിക വിദ്യാഭ്യാസത്തിനു ഉപോദ്ബലകം മാത്രമാണ്.




പ്രതിഷേധദിനത്തോടനുബന്ധിച്ച് തൃശൂരിൽ നടന്ന പരിപാടി

രാജ്യത്തെ മുഴുവൻ കൊറോണക്കെതിരെ പോരുമ്പോഴും ലോക്ഡൗൺ ഏൽപ്പിച്ച ദുരിതത്തിൽ നിന്നും ജീവിതം സാധാരണ നിലയിലെത്തിക്കാൻ കഷ്ടപ്പെടുമ്പോഴും, കേന്ദ്രസർക്കാർ ഏകപക്ഷീയമായി വിദ്യാഭ്യാസ വിരുദ്ധ ജനവിരുദ്ധ നടപടികൾ കൈക്കൊള്ളുന്നത് ദൗർഭാഗ്യകരമാണ്." സേവ് എഡ്യൂക്കേഷൻ സംസ്ഥാനസെക്രട്ടറി എം.ഷാജർഖാൻ അഭിപ്രായപ്പെട്ടു. മെയ് 30 ന് വിദ്യാഭ്യാസ പ്രവർത്തകർ പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചു. ■

# കൂത്തുപറമ്പിൽ നാലാം ക്ലാസ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച അധ്യാപകന് മാതൃകാപരമായ ശിക്ഷ ഉറപ്പു വരുത്തുക – എഐഡിഎസ്ഒ

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ നാലാം ക്ലാസ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച അധ്യാപകൻ പത്മരാജന് മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്തണമെന്ന് എഐഡിഎസ്ഒ ആവശ്യപ്പെട്ടു.

പോക്സോ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഇരുപത്തിയഞ്ച് ദിവസങ്ങൾ കഴിഞ്ഞിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാതിരുന്ന അലംഭാവം ആവർത്തിക്കരുത്. കേസന്വേഷണത്തിന്റെ പ്രാഥമിക തലത്തിൽ സംശയാസ്പദമായ നിലപാടുകളെടുത്ത അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയെടുക്കാനും കുറ്റമറ്റ വിധത്തിൽ അന്വേഷണം പൂർത്തിയാക്കി പ്രതിക്ക് കർശന ശിക്ഷ ഉറപ്പുവരുത്തുവാനും ആഭ്യന്തരവകുപ്പ് തയ്യാറാകണം.

വാളയാർ കേസിലേതുപോലെ പ്രതികൾക്കനുകൂലമായി കേസ് അട്ടിമറിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ പൊതു സമൂഹവും ജാഗ്രത പുലർത്തണം. ■



തോട്ടപ്പള്ളിയിലെ കരിമണൽ ഖനനത്തിനെതിരെ ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ ആലപ്പുഴ കളക്ട്രേറ്റിനുമുന്നിൽ നടന്ന പ്രതിഷേധ ധർണ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ടി.ബി.വിശ്വനാഥൻ ഉദ്ഘാടനംചെയ്യുന്നു.

# അമേരിക്കയുടെ വീഥികളിൽ പ്രതിഷേധാഗ്നി ആളിക്കത്തുന്നു

**അമേരിക്കയുടെ വീഥികൾ തിളച്ചുമറിയുകയാണ്. രാജ്യമാസകലം പ്രതിഷേധാഗ്നി ആളിക്കത്തുന്നു. പോയ നൂറ്റാണ്ടിൽ അറുപതുകൾക്കിപ്പുറം ഇവ്വിധമൊന്ന് അമേരിക്കയിൽ സംഭവിച്ചിട്ടില്ല. അറുപതുകളിൽ അമേരിക്കയിൽ പൗരാവകാശ പ്രക്ഷോഭണങ്ങൾ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. അതേസമയംതന്നെയാണ് വിയറ്റ്നാമിൽ അമേരിക്ക നടത്തിക്കൊണ്ടിരുന്ന യുദ്ധത്തിനെതിരെയുള്ള പ്രക്ഷോഭണവും പൊട്ടിപ്പുറപ്പെട്ടത്. 2011ൽ നടന്ന 'വാൾ സ്ട്രീറ്റ് പിടിച്ചെടുക്കൽ' പ്രക്ഷോഭം, റോഡ്നി കിംഗ് എന്ന ആഫ്രോ അമേരിക്കൻ വംശജനെ ക്രൂരമായി മർദ്ദിച്ച വെള്ളക്കാരായ നാലുപോലീസുകാരെ വെറുതെവിട്ടതിനെത്തുടർന്നുണ്ടായ പ്രതിഷേധവുമെല്ലാം ഇക്കാലയളവിനിടയിൽ നടന്നതും ശ്രദ്ധേയവുമായ ചില പ്രക്ഷോഭങ്ങളാണ്. റോഡ്നി കിംഗ് സംഭവത്തെത്തുടർന്നുണ്ടായ പ്രക്ഷോഭം ഏതാനും ദിവസങ്ങൾകൊണ്ട് കെട്ടടങ്ങി. വാൾ സ്ട്രീറ്റ് പ്രക്ഷോഭമാകട്ടെ ചുരുക്കംചില പ്രധാനനഗരങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് നടന്നത്.**

**ഡോ.എം.സുബ്രമണി**
*റിട്ട.പ്രൊഫസർ, വൻഡർബിൽട് യൂണിവേഴ്സിറ്റി, യുഎസ്എ, മുൻ തിരുവനന്തപുരം ജില്ലാസെക്രട്ടറി, എസ്‌യുസിഐ(സി)*

**ജോ**ർജ്ജ് ഫ്ളോയ്ഡ് എന്ന നാൽപ്പത്തിയാറുവയസ്സുകാരനായ ഒരു ആഫ്രോ-അമേരിക്കൻ വംശജനെ, വെള്ളക്കാരായ മൂന്ന് പോലീസുകാരും ഹമംഗ് വംശജനായ മറ്റൊരു പോലീസുകാരനും ചേർന്ന് മെയ് 25ന് പൈശാചികമായി കൊലപ്പെടുത്തിയ സംഭവത്തെത്തുടർന്നാണ് ഇന്ന് കാണുംവിധമുള്ള ഒരു പ്രതിഷേധം അമേരിക്കയിൽ പൊട്ടിപ്പുറപ്പെട്ടത്. മിനസോട്ട സംസ്ഥാനത്തിൽ മിനിയപോളീസ് എന്ന സ്ഥലത്ത്, കടയിൽനിന്ന് സാധനംവാങ്ങി കള്ളനോട്ട് നൽകാൻ ശ്രമിച്ചു എന്നതാണ് ജോർജ്ജ് ഫ്ളോയ്ഡിനുനേരെ ആരോപിക്കപ്പെട്ട കുറ്റം. സംഭവത്തെ സംബന്ധിച്ച് പ്രചരിപ്പിക്കപ്പെടുന്ന വീഡിയോ ദൃശ്യങ്ങളിൽ, തറയിൽ കമിഴ്ന്നു കിടക്കുന്ന ജോർജ്ജ് ഫ്ളോയ്ഡിന്റെ കഴുത്തിൽ കാൽമുട്ടമർത്തിനിൽക്കുന്ന പോലീസുദ്യോഗസ്ഥനെയും സമീപത്ത് മറ്റ് രണ്ടുപോലീസ് ഉദ്യോഗസ്ഥരെയും കാവൽ നിൽക്കുന്ന നാലാമനെയും വ്യക്തമായി കാണാം. ഏതാണ്ട് പത്തുമിനിട്ടോളം ഈ ക്രൂരകൃത്യം തുടരുന്നു എന്നതും വീഡിയോ ദൃശ്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. 'എനിക്കു ശ്വാസം മുട്ടുന്നു', 'നിങ്ങൾ എന്നെ കൊല്ലാൻ പോകുകയാണ്', 'അമ്മേ, അമ്മേ' എന്നിങ്ങനെ ജോർജ്ജ് ഫ്ളോയ്ഡ് നിലവിളിക്കുന്നതും ക്രമേണ നിശബ്ദനും നിശ്ചലനുമാകുന്നതും വീഡിയോ ദൃശ്യങ്ങളിൽനിന്ന് വ്യക്തമാണ്. ഫ്ളോയ്ഡിന് പൾസ് നിലച്ചുപോയിരിക്കുന്നു എന്ന് ഒരു മെഡിക്കൽ ടെക്നീഷ്യൻ അഭിപ്രായപ്പെടുന്നതും പോലീസ് ഉദ്യോഗസ്ഥർ ആ അഭിപ്രായം തള്ളിക്കളയുന്നതും വീഡിയോയിൽ കാണാം. പൈശാചികവും കഠോരവുമായ ഈ കൃത്യത്തിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലായതിനെത്തുടർന്ന് മിനിയപോളീസിലും സെന്റ് പോളിലും ജനങ്ങൾ തെരുവിലേയ്ക്ക് ഒഴുകിയെത്തി. ഒട്ടുംവൈകിയില്ല അമേരിക്കയിലെ നൂറുകണക്കിന് നഗരങ്ങളിൽ ജോർജ്ജ് ഫ്ളോയ്ഡിന് നീതി ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ ആയിരങ്ങളായി തെരുവിലിറങ്ങി.

ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ളവർ സ്ത്രീപുരുഷഭേദമെന്യേ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവരിൽ കറുത്തവർഗ്ഗക്കാരും വെള്ളക്കാരും ഏഷ്യൻ, സ്പാനിഷ് വംശജരും ഉണ്ടായിരുന്നു. ആയിരങ്ങളായി, പതിനായിരങ്ങളായി അവർ ഒത്തുചേർന്നു. അവർ, കുപിതരും വികാരവിക്ഷുബ്ധരുമായിരുന്നു. വെള്ളക്കാരായ പോലീസുകാരിൽനിന്ന് ജോർജ്ജ് ഫ്ളോയ്ഡ് എന്ന കറുത്തവർഗ്ഗക്കാരനായ ചെറുപ്പക്കാരന് നേരിടേണ്ടിവന്ന അനീതിക്കെതിരായ പ്രതിഷേധമാണ് അവരെ ഒരുമിപ്പിച്ച ഘടകം. ജനകീയ പ്രതിഷേധത്തിനുമുന്നിൽ വീര്യം നഷ്ടപ്പെട്ട ഭരണകൂടത്തിന് വാഷിംഗ്ടൺ ഡിസിയിലടക്കം ഇരുപത്തിമൂന്ന് സംസ്ഥാനങ്ങളിലും നാഷണൽ ഗാർഡിന്റെ സഹായം തേടേണ്ടിവന്നു.

സമാധാനപരമായി നടന്ന പ്രതിഷേധങ്ങളെ റബ്ബർ ബുള്ളറ്റും ടിയർ ഗ്യാസും കൂട്ട അറസ്റ്റുംകൊണ്ടാണ് അധികാരികൾ നേരിട്ടത്. നഗരങ്ങളിൽ വൻതോതിൽ പോലീസും നാഷണൽ ഗാർഡും വിന്യസിക്കപ്പെട്ടു. പലവൻനഗരങ്ങളിലും രാത്രികാലകർഫ്യൂ ഏർപ്പെടുത്തി. പ്രതിഷേധം ഇത്രമേൽ ശക്തമായിരുന്നിട്ടും നാലുദിവസങ്ങൾക്കുശേഷമാണ് കുറ്റക്കാരനായ പോലീസ് ഉദ്യോഗസ്ഥനെതിരെ കേസെടുത്തതും അറസ്റ്റ് ചെയ്തതും. ബാക്കിയുള്ള മൂന്നുപേർക്കെതിരെ കേസെടുത്തതാകട്ടെ സംഭവം നടന്ന് ഒമ്പതുദിവസങ്ങൾക്കുശേഷവും.

പ്രകടനങ്ങൾ, ധർണകൾ, യോഗങ്ങൾ, കർഫ്യൂലംഘനങ്ങൾ, അറസ്റ്റുവരിക്കൽ അങ്ങനെയുള്ള സമാധാനപരമായ പ്രതിഷേധ പരിപാടികൾക്കൊപ്പം അക്രമവും വിധ്വംസകപ്രവർത്തനങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. മിനിയപോളീസ് സിറ്റി പോലീസ് സ്റ്റേഷനു പ്രക്ഷോഭകാരികൾ തീവച്ചു. കടകൾ കൊള്ളയടിച്ച സംഭവങ്ങളും




**പൊരുതുന്ന അമേരിക്കൻ ജനതയ്ക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് കൽക്കട്ടയിൽ നടന്ന ഐക്യദാർഢ്യ കൂട്ടായ്മയ്ക്ക് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് ചണ്ഡിദാസ് ഭട്ടാചാര്യ നേതൃത്വം നൽകുന്നു**

ന്യൂയോർക്ക്, ചിക്കാഗോ, ലോസ് ഏഞ്ചലസ് തുടങ്ങിയ നഗരങ്ങളിലും മറ്റ് പല നഗരങ്ങളിലും ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടു.

നഗരങ്ങളെ വംശീയ വേർതിരിവിൽനിന്ന് മോചിപ്പിക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു അറുപതുകളിലെ പൗരാവകാശ പ്രക്ഷോഭമെങ്കിലും വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന സാമ്പത്തിക അസമത്വം ജനങ്ങൾക്കിടയിലെ വിടവ് രൂക്ഷമാക്കുകയാണ് ഉണ്ടായത്. അവഗണനയും തന്മൂലമുണ്ടാകുന്ന മുരടിപ്പും തുടങ്ങി എല്ലാത്തരം ജീർണ്ണതകളും നഗരങ്ങളിൽ പലയിടങ്ങളിലും വ്യാപകമാകുമ്പോഴും അതേ നഗരങ്ങളിൽത്തന്നെ ആഡംബര ഹോട്ടലുകളും റെസ്റ്റോറന്റുകളും വൻകിടഷോപ്പിംഗ് കോംപ്ളക്സുകളും ഉണ്ട്. അസമത്വം ഏറ്റവും പ്രകടമായ ഒരു സമൂഹമാണ് യുണൈറ്റഡ് സ്റ്റേറ്റ്സിൽ കാണാനാകുക.

ലോകമൊന്നാകെ കൊറോണ വൈറസിന്റെയും കോവിഡ്-19ന്റെയും പിടിയിലമർന്നിരിക്കുന്ന സാഹചര്യത്തിലാണ് അമേരിക്കയിൽ ഈ പ്രക്ഷോഭം പടർന്നു പിടിച്ചിരിക്കുന്നത്. ഇതിനകം ലോകത്താകെ എഴുപതുലക്ഷം ആളുകൾ അസുഖബാധിതരായിരിക്കുന്നു. 4ലക്ഷത്തിലേറെയാളുകൾ മരണപ്പെടുകയുംചെയ്തിരിക്കുന്നു. ഒരുലക്ഷത്തി പതിനായിരത്തിലേറെ മരണവും 20ലക്ഷം രോഗബാധിതരുമായി അമേരിക്കതന്നെയാണ് മുന്നിൽ. രോഗവ്യാപനത്തെ പ്രതിരോധിക്കുവാൻ ശാരീരിക അകലംപാലിക്കുവാനുള്ള നിർദ്ദേശങ്ങൾ നിലനിൽക്കുമ്പോഴും, പല സംസ്ഥാനങ്ങളും മാർച്ച്, ഏപ്രിൽ മാസങ്ങളിലായി തുടർന്നുവരുന്ന നിയന്ത്രണങ്ങൾ ക്രമേണ ഇളവുചെയ്തുകൊണ്ടുവരികയാണ്. നിയന്ത്രണങ്ങളെത്തുടർന്ന് വ്യവസായ ശാലകൾ അടച്ചിടപ്പെട്ടതുമൂലം 4 കോടയിലേറെപ്പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിലില്ലായ്മ 3.5 ശതമാനത്തിൽ നിന്നും 15 ശതമാനത്തിലേയ്ക്ക് ഉയർന്നു.

## അടിമത്തവും നിരോധനവും

1776ലാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് രൂപംകൊള്ളുന്നത്. അതിനുമുമ്പ് 1600കൾമുതൽതന്നെ വടക്കേ അമേരിക്കയിലേയ്ക്ക് ആഫ്രിക്കയിൽനിന്നും കറുത്തവർഗ്ഗക്കാരായ അടിമകളെയും കൊണ്ട് കപ്പലുകൾ വന്നിരുന്നു. 1610ലാണ് ആദ്യകപ്പൽ 'ഹാഫ് മൂൺ' ബ്രിട്ടീഷ് കോളനിയുടെ തീരത്ത് അടുക്കുന്നത്, രണ്ടാമത്തേത് 1619ലും. ഡച്ചുകാരാണ് വടക്കേ അമേരിക്കയിലെ അടിമക്കച്ചവടത്തിന് ആരംഭം കുറിച്ചതെങ്കിലും പിന്നീട് 1700കളിൽ ബ്രിട്ടൺ കച്ചവടം ത്വരിതപ്പെടുത്തി. സ്ത്രീകളും പുരുഷൻമാരും കുട്ടികളും ഇപ്രകാരം കച്ചവടം ചെയ്യപ്പെട്ടിരുന്നു. അടിമകൾക്കു പിറക്കുന്ന കുട്ടികൾ സ്വാഭാവികമായും അടിമകളായി ഗണിപ്പെട്ടുപോന്നു. അതിന് ഉപോത്ബലകമായ കോടതിവിധി 1600കളിൽത്തന്നെയുണ്ടായിരുന്നു.

അമേരിക്ക സ്വതന്ത്രമാകുന്നതിന് ഒരു വർഷംമുമ്പ് 1775ലാണ് ആദ്യമായി അടിമത്തവിരുദ്ധ സൊസൈറ്റി രൂപംകൊള്ളുന്നത്. 'പെൻസിൽവാനിയ സൊസൈറ്റി ഫോർ പ്രോമോട്ടിംഗ് ദി അബോളിഷൻ ഓഫ് സ്ലേവറി'(പിഎഎസ്) എന്നായിരുന്നു സംഘടനയുടെ പേര്. 1700കളുടെ പകുതിയോടെ ചില വടക്കൻ സംസ്ഥാനങ്ങൾ അടിമത്തം നിരോധിക്കുകയും അടിമകളെ സ്വതന്ത്രരാക്കുകയും ചെയ്തു. സെന്റ് ഡോമിങ് ദ്വീപിൽ ഉണ്ടായ അടിമകലാപം ഫ്രഞ്ചുകാരുടെ പരാജയത്തിനും ഹയ്തി എന്ന സ്വതന്ത്രരാജ്യത്തിന്റെ ഉദയത്തിനും ഇടയാക്കി. 1804ൽ ഹയ്തി കറുത്തവർഗ്ഗക്കാരുടെ സ്വതന്ത്രരാജ്യം എന്ന നിലയിൽ ഉദയം കൊണ്ടു. ഇത് അമേരിക്കയിലെ കറുത്തവർഗ്ഗക്കാർക്ക് പ്രചോദനമായി. ഹയ്തിയുടെ സ്വാതന്ത്ര്യം അമേരിക്കയിലെ സ്വതന്ത്രരായ കറുത്ത വംശജർ ആഘോഷമാക്കി. സ്വതന്ത്രരായ കറുത്തവർഗ്ഗക്കാർ അമേരിക്കയിൽനിന്ന് ആഫ്രിക്കയിലേയ്ക്ക് മടങ്ങിപ്പോകുവാൻ തുടങ്ങി. 1824ൽ അമേരിക്കയിൽനിന്ന് സ്വതന്ത്രരായി ആഫ്രിക്കയിലേയ്ക്ക് മടങ്ങിയ കറുത്ത വംശജർ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്ത് ലൈബീരിയ എന്ന സ്വതന്ത്രരാജ്യം സ്ഥാപിച്ചു.

1860ൽ എബ്രഹാം ലിങ്കൺ അമേരിക്കയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. തെക്കൻ സംസ്ഥാനങ്ങൾ അമേരിക്കൻ കോൺഫെഡെറേറ്റ് സ്റ്റേറ്റ്സ് രൂപീകരിക്കുന്നതിൽനിന്നും വിട്ടുനിന്നു. അടിമത്തം നിരോധിക്കപ്പെട്ട വടക്കൻ സംസ്ഥാനങ്ങളും അടിമത്തം നിലനിൽക്കുന്ന തെക്കൻ സംസ്ഥാനങ്ങളും തമ്മിലുള്ള ആഭ്യന്തരയുദ്ധത്തിന് ഇത് ഇടയൊരുക്കി.

1863ൽ ഏബ്രഹാം ലിങ്കൺ കോൺഫെഡറേറ്റ് സ്റ്റേറ്റ്സ് ഓ

*(ശേഷം 13-ാം പേജിൽ)*

(12-ാം പേജിൽ നിന്ന്)

ഫ് അമേരിക്കയിൽ അടിമത്തം നിരോധിച്ചതായി വിളംബരം പുറപ്പെടുവിച്ചു. ആഭ്യന്തരയുദ്ധം അതിന്റെ യുക്തിപരമായ പരിസമാപ്തിയിലെത്തി. വടക്കൻ സംസ്ഥാനങ്ങൾക്ക് 1865ൽ സൈനികവിജയവും നേടാനായി. യുഎസ് ഭരണഘടനയിലെ പതിമൂന്നാമത്തെ ഭേദഗതി, അടിമത്തം നിരോധിച്ചുകൊണ്ടുള്ള ഭേദഗതിയും ആ വർഷംതന്നെ പാസ്സായി. 1867ൽ വാഷിംഗ്ടൺ ഡിസിയിൽ കറുത്ത വർഗ്ഗക്കാർക്ക് വോട്ടവകാശവും അനുവദിക്കപ്പെട്ടു. തുടർന്ന് 1868ൽ രാജ്യം മുഴുവൻ കറുത്തവംശജർക്ക് പൗരത്വം അനുവദിക്കപ്പെടുകയും 1870 ആയപ്പോഴേയ്ക്കും എല്ലാവർക്കും വോട്ടവകാശം ലഭ്യമാകുകയും ചെയ്തു.

**പൗരാവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണം.**

1875ൽ യുഎസ് കോൺഗ്രസ്, 'സിവിൽ റൈറ്റ്സ് ആക്ട്' പാസ്സാക്കി. ഇതിൻപ്രകാരം എല്ലാ അമേരിക്കക്കാർക്കും വംശ-വർണ്ണ ഭേദമെന്യേ, റെസ്റ്റോറന്റുകൾ, തീയേറ്ററുകൾ, ട്രയിൻ, ബസ്, ജുഡീഷ്യറിയിൽ പ്രവർത്തിക്കാനുള്ള അവകാശം തുടങ്ങിയവ അനുവദിക്കപ്പെട്ടു. ദൗർഭാഗ്യവശാൽ ഇത് നടപ്പിലാക്കപ്പെട്ടില്ല. 1883ൽ സുപ്രീം കോടതി ഈ നിയമം ഭരണഘടനാ വിരുദ്ധമാണ് എന്ന് പ്രഖ്യാപിച്ചു. ഇതേ കോടതി തന്നെ പ്രഖ്യാപിച്ച 'സെപറേറ്റ് ബട്ട് ഈക്വൽ' തത്വം തുടർന്ന് അമേരിക്കയിലുനീളം വൻതോതിലുള്ള വംശീയ വേർതിരിവിന് (ജിം ക്രോ പ്രാക്ടീസസ്)ഇടയൊരുക്കി. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തോടുകൂടി ഏതാണ്ട് എല്ലാസംസ്ഥാനങ്ങളും ജിം ക്രോ പ്രാക്ടീസസ് സംസ്ഥാന നിയമനിർമ്മാണ സഭകളിലൂടെ നിയമമാക്കിയെടുത്തു. തെക്കൻ സംസ്ഥാനങ്ങളിലെ സ്കൂളുകളിലും കോളജുകളിലും യൂണിവേഴ്സിറ്റികളിലും എന്തിന് പൊതുഗതാഗത സംവിധാനങ്ങളിൽവരെ ഈ ചേരിതിരിവ് പ്രകടമായി.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമുടനീളം വെള്ളക്കാർ സംഘമായിചേർന്ന് നിരവധി നഗരങ്ങളിൽ ആയിരക്കണക്കിന് കറുത്ത വംശജരെ കൊലചെയ്യുകയും അവരുടെ വീടുകൾ നശിപ്പിക്കുകയും വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്തു. കറുത്ത വർഗ്ഗക്കാരെ ഭയപ്പെടുത്തി വരുതിക്ക് കൊണ്ടുവരുവാനും തങ്ങളുടെ മേധാവിത്വം അംഗീകരിപ്പിച്ചെടുക്കാനും വെള്ളക്കാർ ആസൂത്രിതമായി നടത്തിയ കലാപങ്ങളായിരുന്നു അവ. ഏതാണ്ട് 5000ത്തോളം കറുത്തവംശജരാണ് ഇപ്രകാരം കൊലചെയ്യപ്പെട്ടത്. 1880കളിലും 1960കളിലുമൊക്കെ അരങ്ങേറിയ ഈ കലാപങ്ങൾക്കും കൂട്ടക്കൊലകൾക്കും ഒളിഞ്ഞും തെളിഞ്ഞും നിയമത്തിന്റെ പിന്തുണയുമുണ്ടായിരുന്നു. ഈ കൂട്ടക്കൊലകൾപലതും സമയവും സ്ഥലവും പത്രങ്ങളിലൂടെയോ നോട്ടീസുകളിലൂടെയോ മുൻകൂട്ടി പരസ്യപ്പെടുത്തി പ്രദർശനങ്ങളായിത്തന്നെ നടത്തുന്നവയായിരുന്നു. ഈ കൂട്ടക്കൊലകൾ അരങ്ങേറുന്ന പൊതുസ്ഥലങ്ങളിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള കാഴ്ചക്കാരുടെ സംഘം ഹൃദ്യമായ തെന്തോ കാണുന്ന ഭാവത്തിൽ കൂട്ടമായി എത്തിയിരുന്നു.

ആതിഷ് തസീർ എന്ന പത്രപ്രവർത്തകൻ ചൂണ്ടിക്കാട്ടുന്നതുപോലെ ആൾക്കൂട്ടക്കൊലയ്ക്ക് കാഴ്ചക്കാരുടെ സദസ്സ് നിർബന്ധമാണ്. ഇതിലൂടെ നിലവിലുള്ള നിയമങ്ങൾക്ക് സ്വന്തം പൗരന്മാരെ സംരക്ഷിക്കാനാകില്ല എന്നത് ഭൂരിപക്ഷം അഥവാ വെളുത്തവർഗ്ഗക്കാർ, അപമാനിതരും വ്രണിതഹൃദയരുമായ ന്യൂനപക്ഷക്കാരെ ഓർമ്മപ്പെടുത്തുന്നു. ഈ കൂട്ടക്കശാപ്പുകളിലൂടെ ന്യൂനപക്ഷത്തെ വരച്ചവരയിൽ നിർത്താനും ഭയപ്പെടുത്തി കീഴ്പ്പെടുത്താനും ഭൂരിപക്ഷം ശ്രമിക്കുന്നു.

1954ൽ സുപ്രീംകോടതി 'ബ്രൗൺ വേഴ്സസ് ബോർഡ് ഓഫ് എഡ്യുക്കേഷൻ' എന്ന കേസിലെ നിർണായകമായ വിധിപ്രസ്താവത്തിലൂടെ പബ്ലിക് സ്കൂളുകളിലെ വർണ്ണ വിവേചനം നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. അമ്പതുകളും അറുപതുകളും കണ്ടത് പൗരവാകാശപ്രക്ഷോഭങ്ങളും കറുത്തവർഗ്ഗക്കാരുടെ ഉശിരൻ സമരങ്ങളും ശക്തമായി അലയടിച്ചുയരുന്നതാണ്. മാർട്ടിൻ ലൂഥർകിംഗ് ജൂണിയർ, മാൽകം എക്സ് തുടങ്ങിയ നേതാക്കൻമാർ ഈ പ്രക്ഷോഭത്തിലൂടെ ഉയർന്നുവന്നു. ഈ പ്രക്ഷോഭങ്ങളെത്തുടർന്ന് അമേരിക്കൻ കോൺഗ്രസ് കറുത്തവർഗ്ഗക്കാർക്കും വോട്ടവകാശം അനുവദിച്ചുകൊണ്ടും വിദ്യാഭ്യാസരംഗം, പൊതുഗതാഗതം ഉൾപ്പെടെ എല്ലാ പൊതുരംഗങ്ങളിലും വിവേചനം അവസാനിപ്പിച്ചുകൊണ്ടും പൗരാവകാശ നിയമം പാസ്സാക്കി. 1967ൽ സുപ്രീംകോടതി കറുത്തവർഗ്ഗക്കാരും വെളുത്തവർഗ്ഗക്കാരുംതമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന് അമേരിക്കയിലെ പലസംസ്ഥാനങ്ങളിലുമുണ്ടായിരുന്ന നിരോധനം എടുത്തുകളഞ്ഞു. അമ്പതുകളിലും അറുപതുകളിലുമായി എമെറ്റ് ടിൽ, ജോൺ റീസ്, വയോള ലിയുസോ തുടങ്ങി നിരവധി പൗരാവകാശ പ്രവർത്തകരും മെഡ്ഗാർ ഇവേഴ്സ്, വാർലെസ്റ്റ് ജാക്സൺ തുടങ്ങിയ നിരവധി നേതാക്കന്മാരും ക്ലൂ, ക്ലസ്, ക്ലാൻ എന്ന വർണവെറിയൻമാരുടെ സംഘടനയാൽ കൊല ചെയ്യപ്പെട്ടു. 1965ൽ 'നാഷൻ ഓഫ് ഇസ്ലാം' എന്ന സംഘടനയുടെ മാൽകം എക്സിനെ കൊലപ്പെടുത്തി. മാർട്ടിൻ ലൂഥർ കിംഗ് ജൂണിയർ 1968ൽ ജയിംസ് റേ എന്ന വർണവെറിയനാൽ കൊലചെയ്യപ്പെട്ടു.

**ജോർജ്ജ് ഫ്ളോയ്ഡിന് നീതിആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭം ക്രമാനുഗതമായി മുന്നേറുന്ന മുറയ്ക്ക് വർണവിവേചനം, വംശീയത, പോലീസ് അതിക്രമങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്കും വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പാർപ്പിടം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കും കാരണമായ സാമൂഹ്യഘടനയും സമ്പ്രദായങ്ങളുംവരെ മാറ്റത്തിന് വിധേയമാക്കപ്പെട്ടേക്കാവുന്നത്ര പ്രാധാന്യം ഈ പ്രക്ഷോഭത്തിനുണ്ട്.**

**വെള്ളക്കാരും കറുത്തവർഗ്ഗക്കാരും തമ്മിലുള്ള അന്തരം**

330 മില്യൺ വരുന്ന അമേരിക്കൻ ജനസംഖ്യയിൽ 76 ശതമാനം വെള്ളക്കാരും 13.4ശതമാനം കറുത്തവംശജരും ആഫ്രോ അമേരിക്കൻ വംശജരുമാണ്. ഇപ്പോൾ അമേരിക്കയിൽ 45 മില്യൺ കറുത്തവർഗ്ഗക്കാരാണ് ഉള്ളത്. വെള്ളക്കാന്റെ വരുമാനത്തിന്റെ പത്തിലൊന്നു പോലും കറുത്തവർഗ്ഗക്കാരനില്ല. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ ഈ വിടവ് അധികരിച്ചിട്ടുമുണ്ട്. 2017ലെ കണക്കനുസരിച്ച് കറുത്തവർഗ്ഗക്കാരിൽ 80 ശതമാനവും വർണവിവേചനം സമൂഹത്തിലെ ഏറ്റവും ഗുരുതരമായ പ്രശ്നമായി കാണുമ്പോൾ വെളുത്തവർഗ്ഗക്കാരിൽ പകുതിയാളുകൾപോലും അപ്രകാരം കണക്കാക്കുന്നില്ല. കറുത്തവർഗ്ഗക്കാർക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുന്നു എന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, തുടങ്ങി ജീവിതത്തിന്റെ എല്ലാമേഖലകളിലും തങ്ങൾ തിരസ്കരിക്കപ്പെടുന്നു എന്ന ശക്തമായ ബോധ്യം കറുത്തവർഗ്ഗക്കാർക്ക് ഉണ്ടുതാനും. കറുത്തവർഗ്ഗക്കാർക്കില്ലാത്ത പല സവിശേഷ അവകാശങ്ങളും വെള്ളക്കാർ അനുഭവിക്കുന്നു എന്നുകരുതുന്നവരാണ് തൊണ്ണൂറുശതമാനത്തോളം കറുത്തവംശജരും. ഈ ആനുകൂല്യങ്ങളുടെ ഉറവിടം വെള്ളക്കാരുടെ വിശേഷാവകാശം തന്നെയാണ്. ഇതാകട്ടെ, ഉയർന്ന സാമൂഹ്യ സാമ്പത്തിക പദവി, രാഷ്ട്രീയാധികാരം, മറ്റ് ഉന്നത ബന്ധങ്ങൾ എന്നിവയുടെ സംയോഗത്തിലൂടെ ഉണ്ടാകുന്നതുമാണ്.

കറുത്ത വംശജരിൽ 14 ശതമാനവും അനാരോഗ്യംമൂലമുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. എന്നാൽ ഇത് വെള്ളക്കാരിൽ 8 ശതമാനം മാത്രമാണ്. മരണനിരക്ക് വെള്ളക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ 17 ശതമാനം കൂടുതലാണ്. കോവിഡ്-19ന്റെ കാര്യത്തിലും ഇത് പ്രകടമാണ്. ജനസംഖ്യയിൽ 13 ശതമാനം മാത്രമുള്ള ആഫ്രിക്കൻ അമേരിക്കൻ വംശജരാണ് കോവിഡ് മൂലം മരണപ്പെടുന്നതിൽ നാലിലൊന്നും. മിനസോട്ടയിൽ കറുത്ത വംശജർ 6 ശതമാനംമാത്രമാണുള്ളത്. എന്നാൽ കൊറോണ പോസിറ്റീവ് കേസിൽ 30 ശതമാനവും കറുത്തവംശജരാണ്. തടവിലാക്കപ്പെടുന്ന കറുത്തവംശജരുടെ എണ്ണം അവിശ്വസനീയമാംവിധം ഉയർന്നതാണ്. 1000 കറുത്തവർഗ്ഗക്കാരിൽ 15പേർ തടവിലാണ്. എന്നാൽ വെള്ളക്കാരാകട്ടെ 1000ത്തിന് 2.6 എന്നതാണ് കണക്ക്.

കറുത്തവർഗ്ഗക്കാരനായ ഒരുവൻ പോലീസിന്റെ കൈകളാൽ കൊലചെയ്യപ്പെടാനുള്ള സാധ്യത വെളുത്തവർഗ്ഗക്കാരുമായി താരതമ്യപ്പെടുത്തിയാൽ മൂന്നിരട്ടിയാണ്. 45 മില്യൺ വരുന്ന ആഫ്രിക്കൻ അമേരിക്കൻ വംശജരിൽ പകുതിവരുന്ന പുരുഷൻമാരിൽ 22,500 പേർ പോലീസിന്റെ കൈകളാൽ കൊല്ലപ്പെടാനുള്ളവരാണ് എന്നാണ് ഈ കണക്കു പറയുന്നത്! പ്രതിവർഷം ശരാശരി 1000പേർ പോലീസിന്റെ കൈകളാൽ കൊല്ലപ്പെടുന്നു. 2019ൽ അത് 1100 ആയി ഉയർന്നു. അതിൽ 24 ശതമാനവും കറുത്തവർഗ്ഗക്കാരാണ്. ജനസംഖ്യയുടെ 13 ശതമാനം മാത്രം വരുന്ന വിഭാഗമാണ് അമേരിക്കയിലെ കറുത്തവർഗ്ഗക്കാർ എന്നോർക്കുക. 2013-19 കാലഘട്ടത്തിൽ നടന്ന പോലീസ് അതിക്രമങ്ങളിൽ 99 ശതമാനം കേസുകളിലും പോലീസിനെതിരെ കേസ് എടുത്തിട്ടില്ല.

**ബ്ലാക് ലൈവ്സ് മാറ്റർ (ബിഎൽഎം) മൂവ്മെന്റ്**

ബിഎൽഎം പ്രക്ഷോഭം ആരംഭിച്ചത് 2013ലാണ്. ട്രേവൻ മാർട്ടിൻ എന്ന കറുത്തവംശജനായ സ്കൂൾവിദ്യാർത്ഥിയെ കൊലപ്പെടുത്തിയ ജോർജ്ജ് സിമ്മർമാനെ വെറുതെ വിട്ടതിൽ പ്രതിഷേധിച്ച് ഉയർന്നുവന്ന പ്രസ്ഥാനമാണ് ബിഎൽഎം. വെള്ളക്കാരുടെ ആധിപത്യം അവസാനിപ്പിക്കുക, കറുത്തവംശജർക്ക് ആത്മബലംപകരുക തുടങ്ങിയവയാണ് ബിഎൽഎം ലക്ഷ്യം വയ്ക്കുന്നത്. ബിഎൽഎം വർണവിവേചനത്തിനെതിരെ നിലകൊള്ളുന്നു. ഭരണകൂടത്തിന്റെ ഭാഗത്തുനിന്നോ വർണ്ണവിവേചനത്തെ പിന്തുണയ്ക്കുന്ന മറ്റ് സംഘടനകളുടെ ഭാഗത്തുനിന്നോ കറുത്തവർഗ്ഗക്കാർക്കുനേരെയുണ്ടാകുന്ന ആക്രമണങ്ങളിൽ ബിഎൽഎം ആവശ്യമായ ഇടപെടലുകൾ നടത്തുകയും പോരാട്ടങ്ങളിൽ അവരെ പിന്തുണയ്ക്കുകയും ചെയ്യുന്നു. അലിഷ്യാ ഗാർഷ്യ, പട്രീസ് കുള്ളേഴ്സ്, ഒപ്പാൽ തിമോത്തി എന്നീ മൂന്നുപേരാണ് സംഘടനയുടെ സ്ഥാപകർ. സെന്റ് ലൂയിസിന് സമീപം ഫെർഗൂസനിൽ മൈക്കിൾ ബ്രൗൺ കൊലചെയ്യപ്പെട്ടതിനെത്തുടർന്നുണ്ടായ പ്രതിഷേധത്തിലൂടെയും എറിക് ഗാർനർ എന്ന കറുത്തവർഗ്ഗക്കാരനെ ന്യൂയോർക്ക് സിറ്റിയിൽ പോലീസ് കഴുത്തുഞെരിച്ചു കൊന്നതിനെത്തുടർന്നുണ്ടായ പ്രതിഷേധത്തിലൂടെയും ബിഎൽഎം കറുത്തവർഗ്ഗക്കാരുടെ വിശ്വാസമേറ്റുവാങ്ങിയ പ്രസ്ഥാനമായി. 'എനിക്ക് ശ്വാസംമുട്ടുന്നു' എന്ന് മരിക്കുന്നതിന് മുമ്പ് എറിക് ഗാർനറും പറയുകയുണ്ടായി.

ജോർജ്ജ് ഫ്ളോയ്ഡിന്റെ മരണത്തെത്തുടർന്ന് 'എനിക്ക് ശ്വാസംമുട്ടുന്നു' എന്ന മുദ്രാവാക്യം അമേരിക്കയുടെ തെരുവുകളെ പ്രകമ്പനം കൊള്ളിക്കുകയാണ്. 'നോ ജസ്റ്റിസ്, നോ പീസ്', 'നിലനിൽപ്പിനെ ആദരിക്കുക അല്ലെങ്കിൽ പ്രതിരോധം പ്രതീക്ഷിക്കുക'(Respect Existence or Expect Resistance), 'അടുത്തത് എന്റെ മകനോ?'(Is my son next?) 'വെള്ളക്കാരുടെ നിശ്ശബ്ദതതന്നെ അക്രമമാണ്'(White silence is violence). 'ബ്ലാക്ക് ലൈവ്സ് മാറ്റർ' തുടങ്ങിയ മുദ്രാവാക്യങ്ങളും ജനങ്ങൾ നെഞ്ചേറ്റുവാങ്ങിയിരിക്കുന്നു. തമീർ റൈസ്, ലക്വൻ മക്ഡൊണാൾഡ്, കോറിൻ ഗയിൻസ്, ആൽഫ്രഡ് ഒലങ്കോ,

(ശേഷം 14-ാം പേജിൽ)




**കൊല്ലത്തു നടന്ന കൂട്ടായ്മയ്ക്ക് സഖാവ് ഷൈല കെ.ജോൺ നേതൃത്വം നൽകുന്നു**

# ലോകമെമ്പാടുമുള്ള ചൂഷിതർ അമേരിക്കൻ ജനതയുടെ പോരാട്ടത്തിന് അഭിവാദ്യമർപ്പിക്കുന്നു

(13-ാം പേജിൽ നിന്ന്)

ജോക്വസ് ക്ലെമൻസ് ആൽട്ടൺ സ്റ്റെർലിങ്, ഫിലാൻഡോ കാസിൽ, ബ്രെയോണ ടെയ്‌ലർ, അഹമ്മദ് ആർബറി തുടങ്ങി കറുത്തവർഗ്ഗക്കാർ പോലീസിന്റെയോ മറ്റ് വർണവെറിയൻ സംഘടനകളുടെയോ കൈകളാൽ കൊലചെയ്യപ്പെട്ട നിരവധി സംഭവങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ ബിഎൽഎം ഇടപെട്ടുകൊണ്ടാണിരിക്കുന്നത്.

ജോർജ്ജ് ഫ്ളോയ്ഡിന്റെ മരണത്തിന് ഇടയാക്കിയ പോലീസ് ക്രൂരതയുടെ വീഡിയോ കാണുവാനിടയായവരിൽ ഉളവായ വേദനയുടെയും അമർഷത്തിന്റെയും സ്വാഭാവിക പൊട്ടിത്തെറിയെന്നവണ്ണമാണ് ജനങ്ങൾ തെരുവിലിറങ്ങിയത്. ഇരട്ട നഗരങ്ങളെന്നറിയപ്പെടുന്ന മിനിയപോളീസിലും സെന്റ് പോളിലും ജനങ്ങൾ തെരുവിലിറങ്ങിയപ്പോൾ അതിവേഗതയിൽ നൂറുകണക്കിന് മറ്റ് നഗരങ്ങളിലേയ്ക്കും പ്രതിഷേധം പടർന്നുപിടിച്ചു. പൊതുവേ സമാധാനപരമായിരുന്ന പ്രതിഷേധങ്ങളിൽ ചില്ലറ അതിക്രമങ്ങളും അരങ്ങേറി. കൊള്ളയും കൊള്ളിവയ്പും നടന്നു. വംശവെറിയെ പ്രോത്സാഹിപ്പിക്കുന്ന ഏതാനും വെള്ളക്കാർ പ്രകടനങ്ങളിൽ നുഴഞ്ഞുകയറിയതായും അതിക്രമങ്ങൾക്ക് നേതൃത്വം നൽകിയതായും പറയപ്പെടുന്നു.

ട്രംപിന്റെ നേതൃത്വത്തിലുള്ള അധികാരകേന്ദ്രങ്ങളാകട്ടെ അതിക്രമങ്ങളെ വലുതാക്കിക്കാണിക്കാനും ഊതിപ്പെരുപ്പിക്കാനുമാണ് ശ്രമിച്ചത്. പ്രക്ഷോഭകാരികളെ ട്രംപ് കൊള്ളക്കാരെന്നും തീവ്രവാദികളെന്നും വിളിച്ചു. മാത്രമല്ല, സംസ്ഥാന ഗവർണർമാരോട് നാഷണൽ ഗാർഡിന്റെ സഹായം തേടിക്കൊള്ളാൻ അനുമതിയും നൽകി. നാഷണൽ ഗാർഡിന്റെ ഒരു സംഘത്തെ വാഷിംഗ്ടൺ ഡിസിയിൽ വിന്യസിക്കുകയും ചെയ്തു. അക്രമാസക്തനായ പ്രസിഡന്റ്, വൈറ്റ് ഹൗസിനു സമീപം ലാഫയറ്റ് പാർക്കിന് സമീപം കൈകളിൽ ബാനറുകളും പ്ളക്കാർഡുമായി നിലയുറപ്പിച്ചിരുന്നപ്രക്ഷോഭകാരികളെ റബർ ബുള്ളറ്റുകളും കുരുമുളക്സ്പ്രേയും കുതിരപ്പടയെയുമൊക്കെ ഉപയോഗിച്ചാണ് തുരത്തിയത്.

പ്രതിഷേധക്കാരെ തുരത്തിയോടിച്ചതിനുശേഷം ട്രംപും അനുചരന്മാരും സായുധരായ പോലീസ് സംഘത്തിന്റെ അകമ്പടിയോടെ പാർക്കിനുസമീപം സ്ഥിതിചെയ്യുന്ന സെന്റ് ജോൺസ് എപിസ്കോപ്പൽ പള്ളിസന്ദർശിച്ചു. തദവസരത്തിൽ ആർമിയുടെ ഏറ്റവും ഉന്നതനായ ജനറലും ട്രംപിനൊപ്പമുണ്ടായിരുന്നു. ബൈബിളും കൈയിൽ പിടിച്ച് ഒറ്റയ്ക്കും അനുചരന്മാരായ വെള്ളക്കാരോടൊപ്പം സംഘമായും ഫോട്ടോയ്ക്ക് പോസ് ചെയ്ത് കൃത്യമായും ഈ സന്ദർഭത്തിൽ ട്രംപ് സന്ദേശം വ്യക്തമാക്കി. ഇത് ഒരു തിങ്കളാഴ്ച വൈകുന്നേരമായിരുന്നു. ആഴ്ചയൊന്ന് തികയുന്നതിനുമുമ്പ് പ്രതിഷേധജ്വാലകൾ കൂടുതൽ ശക്തിയാർജ്ജിക്കുന്നുവെന്നു കണ്ട ട്രംപും കുടുംബാംഗങ്ങളും ബങ്കറിനുള്ളിൽ ഒളിച്ചു. പട്ടാളംവന്ന് വൈറ്റ് ഹൗസിന്റെ സംരക്ഷണം ഏറ്റെടുത്തുവെന്ന് ഉറപ്പാക്കിയതിനുശേഷമാണ് ട്രംപ് വെളിയിൽ വന്നത്. മാത്രവുമല്ല, വൈറ്റ്ഹൗസിനുചുറ്റും കമ്പിവേലിയും കോൺക്രീറ്റ് കോട്ടയും പണിതുയർത്തിയിട്ടേ ട്രംപിന് സമാധാനം കിട്ടിയുള്ളു. ബാഗ്ദാദിലെ യുഎസ് എംബസിപോലെ കോട്ടകെട്ടിമറച്ചിരിക്കുകയാണ് വൈററ് ഹൗസ് ഇപ്പോൾ.

സമൂഹത്തെ മാറ്റിമറിക്കാനുദ്ദേശിച്ചുള്ള ജനകീയ പ്രക്ഷോഭങ്ങൾ കേവലം ഏതെങ്കിലുമൊരു സമരരൂപം മാത്രം സ്വീകരിച്ചാൽ മതിയാകില്ല എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. നിലനിൽക്കുന്ന സാമൂഹ്യസാഹചര്യത്തെ മുൻനിർത്തി ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചുകൊണ്ടേ ലക്ഷ്യപ്രാപ്തിയിലെത്താനാകൂ. മാർടിൻ ലൂഥർകിംഗ് ജൂണിയർ നടത്തിയ പൗരാവകാശ പ്രക്ഷോഭണം, വർണവിവേചനത്തിനെതിരെ നെൽസെൺ മണ്ടേല നടത്തിയ സമരം ബ്രിട്ടീഷുകാർക്കെതിരെ ഗാന്ധിജി നടത്തിയ സമരം തുടങ്ങിയ സമരങ്ങളൊക്കെ യക്ഷിക്കഥകൾക്കുസമാനമായും മധുരത്തിൽ പൊതിഞ്ഞുമൊക്കെ അവതരിപ്പിക്കപ്പെടാറുണ്ട്. ഈ സമരങ്ങൾക്കെല്ലാംതന്നെ സുദീർഘമായ പോരാട്ടങ്ങളുടെ ചരിത്രമുണ്ട് എന്ന് ഗൗരവതരമായി ചരിത്രത്തെ സമീപിക്കുന്ന ഏവർക്കറിയാം. ചിലപ്പോൾ സമാധാനപരം ചിലപ്പോൾ രണോത്സുകം, ചിലപ്പോൾ ഒളിവിൽ മറ്റു ചിലപ്പോൾ പ്രത്യക്ഷത്തിൽ, ശത്രുവിന്റെ ദൗർബല്യവും ശക്തിയും തിരിച്ചറിഞ്ഞ്, നിരവധി ഘട്ടങ്ങൾ പിന്നിട്ട് ഒടുവിൽ വിജയത്തിലെത്തിയ പോരാട്ടങ്ങളാണവ. വമ്പിച്ച ജനകീയ പിന്തുണയുള്ള പ്രസ്ഥാനങ്ങൾ, ഉചിതമായ മാർഗ്ഗങ്ങൾ കണ്ടെത്തി സ്വയം പ്രതിരോധിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ശത്രുവിന്റെ കരങ്ങളാൽ അരിഞ്ഞുതള്ളപ്പെടുമെന്ന് 1965–66 കാലഘട്ടത്തിൽ ഇന്തോനേഷ്യയിലും 1973ൽ ചിലിയിലും കമ്മ്യൂണിസ്റ്റുകളുടെ മുൻകൈയിൽ നടന്ന പ്രക്ഷോഭങ്ങളിലൂടെ ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു.




**എറണാകുളത്ത് നടന്ന ഐക്യദാർഢ്യ കൂട്ടായ്മയിൽ സഖാവ് പി.എം.ദിനേശൻ പ്രസംഗിക്കുന്നു**

ഇന്ന് നടക്കുന്ന പ്രക്ഷോഭം യഥാർത്ഥത്തിൽ അമേരിക്കയിലെ ക്രിമിനിൽ നിയമസംവിധാനത്തിനും സമൂഹത്തിലെ അസമത്വത്തിനും എതിരെയുള്ളതാണ്. സമൂഹത്തിന്റെ ജനാധിപത്യവത്ക്കരണം ഇങ്ങനെയല്ലാതെ സാധ്യമാകില്ല. കൃത്യമായ ഒരു സംഘടനാ സംവിധാനമോ നേതൃത്വമോ സമരത്തിനില്ല. ആയിരങ്ങളായി തെരുവിലിറങ്ങുമ്പോൾ ബിഎൽഎം പോലുള്ള പ്രസ്ഥാനങ്ങൾ സമരത്തിന് മാർഗ്ഗനിർദ്ദേശം നൽകാൻ ശ്രമിക്കുന്നു.

**വംശീയത, ജാതിയത, വർഗ്ഗീയത**

അമേരിക്കയിലെ വംശീയവിദ്വേഷത്തിന്റെ സ്ഥിതി ഇതാണെങ്കിൽ നമ്മുടെ രാജ്യത്തും വർഗ്ഗീയത ഇപ്രകാരംതന്നെയാണ് പ്രതിഫലിപ്പിക്കപ്പെടുന്നത്, അൽപം കൂടുതലാണെങ്കിലേ ഉള്ളു. പിന്നാക്ക ജാതി വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ സർവ്വകലാശാലകളിലെ പഠനഗവേഷണമേഖലകളിൽപ്പോലും നേരിടുന്ന ജാതീയമായ ഒറ്റപ്പെടുത്തലും സമ്മർദ്ദങ്ങളും എത്രമാത്രം വലുതാണെന്ന് വെളിവാക്കുന്നതായിരുന്നു ഹൈദരാബാദ് യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുലയുടെ ആത്മഹത്യ. ജാതി അസമത്വം നമ്മുടെ സമൂഹത്തിൽ നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ഒരു പ്രശ്നമാണ്. എന്നാൽ ദേശീയ സ്വാതന്ത്ര്യസമരമോ സ്വാതന്ത്ര്യാനന്തരം കേന്ദ്രത്തിൽ അധികാരത്തിൽവന്ന സർക്കാരോ വിവിധ സംസ്ഥാനങ്ങളിൽ അധികാരത്തിൽവന്ന സർക്കാരുകളോ ജാതീയതയുടെയും വർഗ്ഗീയതയുടെയും ദുസ്വാധീനത്തിൽനിന്നും സമൂഹത്തെ മുക്തമാക്കാനുള്ള നടപടികളൊന്നുംതന്നെ സ്വീകരിച്ചില്ല.

ഇന്ത്യൻ പ്രധാനമന്ത്രിയുടെ സ്വന്തം സംസ്ഥാനമായ ഗുജറാത്തിൽ നിന്നുവരുന്ന റിപ്പോർട്ടുകൾതന്നെ ഭയാനകമാണ്. ഗുജറാത്തിൽ പിന്നാക്ക ജനവിഭാഗങ്ങൾ കേവലം രണ്ടുശതമാനം മാത്രമാണ് എന്നിരിക്കിലും അവർക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ എണ്ണത്തിൽ കൂടുതലാണ്. പിന്നാക്ക ജനവിഭാഗത്തിൽപെട്ടവർ കൊലചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ അതിക്രമികളായ സവർണർ സ്വതന്ത്രനായി വിഹരിക്കുന്നതും പതിവുകാഴ്ചയാണ്. ഇത്തരം കേസുകളിൽ ശിക്ഷിക്കപ്പെടുന്നത് കേവലം നാലുശതമാനത്തിൽ താഴെമാത്രമാണ്.

പിന്നാക്കക്കാരെ ഒറ്റപ്പെടുത്തുക, അവർക്ക് ഭ്രഷ്ട് കൽപ്പിക്കുക ഇതൊക്കെ ഗുജറാത്തിൽ വ്യാപകമാണ്. എന്നാൽ ഈ ഗുജറാത്താണ് ഇന്ത്യയിലെ ഏറ്റവും വികസിത സംസ്ഥാനം എന്ന് കൊട്ടിഘോഷിക്കപ്പെടുന്നത്. ഇന്നും ഗുജറാത്തിൽ തൊണ്ണൂറു ശതമാനത്തോളം ക്ഷേത്രങ്ങളിൽ ദളിതന് പ്രവേശനമില്ല. സർക്കാർ സ്കൂളുകളിൽ സവർണനോടൊപ്പം അവർണ വിദ്യാർത്ഥികളെ ഇരുത്താറില്ല. ടോയ്‌ലറ്റ് വൃത്തിയാക്കലുൾപ്പെടെയുള്ള പണികളാകട്ടെ അവർണവിദ്യാർത്ഥികൾക്കായിരിക്കുകയും ചെയ്യും.

2014ൽ മോദി അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷങ്ങളെ കൂട്ടക്കൊല ചെയ്യുന്ന സംഭവങ്ങൾ വിശേഷിച്ചും മുസ്ലീം കൂട്ടക്കൊല വർദ്ധിക്കുകയാണ്. ട്രംപിന്റെ സന്ദർശനത്തെത്തുടർന്ന് ഡൽഹിയിൽ ഉണ്ടായ വർഗ്ഗീയ കലാപത്തിൽ നൂറിലേറെപ്പേരാണ് കൊലചെയ്യപ്പെട്ടത്. ലോകത്തിലെ ഏറ്റവും വലിയ രണ്ടുജനാധിപത്യ രാജ്യങ്ങൾ മറ്റെല്ലാരംഗങ്ങളിലുമെന്നപോലെ സ്വന്തം ജനങ്ങളെ ഭിന്നിപ്പിക്കുന്നതിലും അവരോട് വിവേചനം കാണിക്കുന്നതിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മത്സരത്തിൽ തന്നെയാണ് എന്നാണ് ഇതെല്ലാം കാണിക്കുന്നത്.

ദാരിദ്ര്യം, വർദ്ധിച്ചുകൊണ്ടേയിരിക്കുന്ന അസമത്വം, വിദ്യാഭ്യാസത്തിനുള്ള അവസരമില്ലായ്മ, മെച്ചപ്പെട്ട ആരോഗ്യപരിപാലന സംവിധാനങ്ങളെ ആശ്രയിക്കാൻ സാധിക്കാതെ വരിക തുടങ്ങിയ കാരണങ്ങളാൽ വലിയൊരു വിഭാഗം ജനങ്ങളും മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തപ്പെടുന്നു. ഇപ്രകാരം പാർശ്വവത്ക്കരിക്കപ്പെടുന്നതിൽ കറുത്തവർഗ്ഗക്കാരും മറ്റ് ദുർബ്ബല ജനവിഭാഗങ്ങളുമാണ് ഏറിയപങ്കും. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സ്വാധീനവും പാർപ്പിടപ്രശ്നവുമെല്ലാം ഈ അസമത്വം വർദ്ധിക്കുവാൻ കാരണമാകുന്നു.

ബലപ്രയോഗത്തിലൂടെ ഈ പ്രക്ഷോഭങ്ങളെ അടിച്ചമർത്തുക എന്നത് ഒരു ജനാധിപത്യ സമൂഹത്തിന് സ്വീകരിക്കാവുന്ന നയമല്ല. പ്രക്ഷോഭകാരികളെ ഇല്ലായ്മ ചെയ്യുകയോ നിസ്സാരകുറ്റങ്ങളുടെ പേരിലോ കള്ളക്കേസുകളിൽ കുടുക്കിയോ ജയിലിലടയ്ക്കുകയും സാധ്യമല്ല. മൂന്ന് നൂറ്റാണ്ടിലേറെ നീണ്ടുനിന്ന അടിമത്തത്തിന്റെ തുടർച്ചതന്നെയാണ് വംശീയതയും. വംശീയമായ ബഹിഷ്ക്കരണം, വിവേചനം, ചൂഷണം തുടങ്ങി പലരൂപങ്ങളിലും സമൂഹത്തിന്റെ ഏതാണ്ട് എല്ലാ തുറകളിലും അടിമത്തം തുടർന്നുപോരുകയാണ്. ജാതിമനോഭാവവും വർഗ്ഗീയതയും ഇതിനു തുല്യംതന്നെയാണ്. ജാതി വിഭജനങ്ങൾ, ജാതി ശ്രേണികൾ, ജാതിമേധാവിത്വം, വിവേചനങ്ങൾ ഇവയൊക്കെ ജന്മിത്തവ്യവസ്ഥിതിയുടെ സമ്പ്രദായങ്ങളാണ്. ജാതി, വംശം എന്നിവയെ അടിസ്ഥാനമാക്കി ഇരുണ്ട നാളുകളിൽ നടമാടിയിരുന്ന കൂട്ടക്കൊലകൾ ഇരുപത്തിയൊന്നാം നൂററാണ്ടിലും മറ്റൊരു രൂപത്തിൽ തുടരുന്നു എന്നത് ദൗർഭാഗ്യകരംതന്നെ.

**അമേരിക്കയിലെ പ്രക്ഷോഭത്തിന് അറബ് വസന്തം നൽകുന്ന പാഠങ്ങൾ**

ലൈസൻസില്ലാതെ പച്ചക്കറിക്കട നടത്തി എന്ന പേരിൽ അറസ്റ്റിലായ മുഹമ്മദ് ബസൂസി എന്ന ടുണീഷ്യക്കാരൻ പ്രാദേശിക സർക്കാർ ഓഫീസിനു മുന്നിൽ ആത്മാഹൂതി ചെയ്ത സംഭവമാണ് 'അറബ് വസന്തം' എന്ന ജനകീയ പ്രക്ഷോഭത്തി

(ശേഷം 15-ാം പേജിൽ)

# കോവിഡിന്റെ മറവിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന തൊഴിലാളിദ്രോഹ നയങ്ങൾക്കെതിരെ പ്രതിഷേധദിനം ആചരിച്ചു

ഭരണമുതലാളിവർഗ്ഗത്തിന്റെ താൽപര്യം മുൻനിർത്തി തൊഴിലവകാശങ്ങൾ സമ്പൂർണമായും ഹനിക്കുന്ന തൊഴിൽ നിയമഭേദഗതികൾ കോവിഡിന്റെ മറവിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുകയാണ്. ഇതിൻപ്രകാരം ഒന്നര നൂറ്റാണ്ടിനു മുമ്പ് ഐതിഹാസിക പോരാട്ടത്തിലൂടെ സാർവ്വദേശീയമായിത്തന്നെ സ്ഥാപിച്ചെടുത്ത 8 മണിക്കൂർ ജോലി എന്നത് 12 മണിക്കൂറാക്കാൻ കേന്ദ്രസർക്കാരും ഏതാനും സംസ്ഥാന സർക്കാരുകളും നടപടി തുടങ്ങിക്കഴിഞ്ഞു. വ്യവസായതർക്ക നിയമം, ഫാക്ടറി നിയമം, ട്രേഡ് യൂണിയൻ നിയമം, അപ്രന്റീസ് നിയമം, കരാർതൊഴിലാളി നിയമം, വ്യവസായ തൊഴിൽ നിയമം, മിനിമം വേജസ് ആക്ട്, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, കെട്ടിടതൊഴിലാളി നിയമം തുടങ്ങിയ 30 ലേറെ നിയമങ്ങൾ മൂന്നു വർഷത്തിലേറെ കാലത്തേക്ക് അസാധുവാക്കിയിരിക്കുകയാണ്.

ഉത്തർപ്രദേശ്, ഗുജറാത്ത്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ഹിമാചൽപ്രദേശ്, പഞ്ചാബ്, ഒഡീഷ, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളാണ് കോവിഡിന്റെ മറവിൽ രാജ്യത്തെ തൊഴിൽ സാഹചര്യത്തെ നൂറ്റാണ്ടുകൾ പിന്നിലേക്ക് കൊണ്ടുപോകുന്ന നടപടികൾ കൈക്കൊണ്ടത്.

48 ലക്ഷം കേന്ദ്ര ജീവനക്കാരുടെ ഡി.എ.യും 68 ലക്ഷം പെൻഷൻകാരുടെ ഡി.ആറും കേന്ദ്ര സർക്കാർ മരവിപ്പിക്കുകയും ചെയ്തിരിക്കുന്നു. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങൾ ഇതേ പാത പിന്തുടരുന്നുമുണ്ട്. ഒരു മാസത്തെ ശമ്പളം അഞ്ച് മാസം കൊണ്ട് പിടിക്കുവാൻ എന്ന പേരിൽ കേരള സർക്കാർ കൊണ്ടുവന്ന ഓർഡിനൽസ്, ഏത് ദുരന്തസമയത്തും 25 ശതമാനം ശമ്പളം ഏതൊരു സ്ഥാപനത്തിലെ ജീവനക്കാരിൽനിന്നും തൊഴിലാളികളിൽ നിന്നും പിടിക്കുവാൻ സർക്കാരിന് അധികാരം നൽകുന്ന ഒന്നാണ്. ഇപ്രകാരം, ദൂരവ്യാപകമായ സാമൂഹ്യപ്രതിസന്ധി സൃഷ്ടിക്കുന്ന നടപടികളാണ് കോവിഡിന്റെ സമയത്ത് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്നത്.




പ്രതിഷേധദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് എജീസ് ഓഫീസിനുമുന്നിൽ നടന്ന ധർണ എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു

ഇതോടൊപ്പം മറ്റൊരു ഭാഗത്ത്, രാഷ്ട്രത്തിന്റെ പൊതുസ്വത്ത് സ്വദേശ-വിദേശ കുത്തകകൾക്ക് സമ്പൂർണ്ണമായി തീറെഴുതാനും ഈ മഹാമാരിയുടെ കാലംതന്നെയാണ് സർക്കാർ തെരഞ്ഞെടുത്തത്. തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ട് കെട്ടിപ്പടുത്ത പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയിൽവെ, എയർ ഇന്ത്യ, പോർട്ട് ആന്റ് ഡോക്ക്, എയർപോർട്ട്, ഇൻഷ്വറൻസ്, ബാങ്ക് എന്നിവയെല്ലാം പൂർണ്ണമായി സ്വകാര്യവൽക്കരിക്കാൻ മോഡിസർക്കാർ തീരുമാനിച്ചിരിക്കുന്നു. കൽക്കരി, ഓയിൽ ആന്റ് ഗ്യാസ്, പ്രതിരോധം, സ്പേസ് സയൻസ്, ആറ്റോമിക് എനർജി തുടങ്ങിയ അതീവ തന്ത്രപ്രധാന മേഖലകളും സ്വദേശ-വിദേശ കോർപ്പറേറ്റുകൾക്ക് പൂർണ്ണമായി വിട്ടുകൊടുക്കുകയാണ് ബി.ജെ.പി.സർക്കാർ.

ജനങ്ങളെ തെല്ലും പരിഗണിക്കാതെയുള്ള, ഭരണവർഗ്ഗ താല്പര്യം മാത്രം മുൻനിർത്തിയുള്ള നടപടികൾക്കെതിരെ എ.ഐ.യു.ടി.യു.സി യുടെ നേതൃത്വത്തിൽ രാജ്യമെമ്പാടും നടക്കുന്ന സമരത്തിന്റെ ഭാഗമായി ജൂൺ 10ന് പ്രതിഷേധദിനം ആചരിച്ചു. സംസ്ഥാന വ്യാപകമായി കേന്ദ്ര സർക്കാർ ഓഫീസ്സുകൾക്കുമുമ്പിൽ പ്രതിഷേധധർണ്ണകൾ സംഘടിപ്പിക്കപ്പെട്ടു. ■










1. പാലക്കാട് ബിഎസ്എൻഎൽ ഓഫീസിനുമുന്നിൽ ധർണ സഖാവ് അബ്ദുൾഅസീസ് ഉദ്ഘാനം ചെയ്യുന്നു. 2. കോഴിക്കോട് ഹെഡ്പോസ്റ്റ് ഓഫീസിനുമുന്നിൽ ധർണ സഖാവ് പി.എം.ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു. 3. കണ്ണൂർ ബിഎസ്എൻഎൽ ഓഫീസിനു മുന്നിൽ ധർണ സഖാവ് കെ.കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

**അമേരിക്കയുടെ വീഥികളിൽ പ്രതിഷേധാഗ്നി...**

*(14-ാം പേജിൽ നിന്ന്)*

ന് തിരികൊളുത്തിയത്. ഞൊടിനേരംകൊണ്ട് പ്രക്ഷോഭം ടുണീഷ്യമുഴുവൻ പടർന്നു. ടുണീഷ്യൻ പ്രസിഡന്റിന് നാട് വിടേണ്ടിവന്നു. ഈജിപ്ത്, സിറിയ, ലിബിയ, മോറോക്കോ, യമൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കും പ്രക്ഷോഭം പടർന്നു പിടിച്ചു. ഈജിപ്ഷ്യൻ ഭരണാധികാരി ഹോസ്നി മുബാരക്, ലിബിയൻ ഭരണാധികാരി മുഹമ്മദ് ഗദ്ദാഫി, സിറിയൻ ഭരണാധികാരി ബാസർ അസാദ്, യമനിൽ അബ്ദുള്ളാ സലേ തുടങ്ങി ഈ രാജ്യങ്ങളിൽ സ്വേഛാഭരണം നടത്തിയിരുന്ന ഭരണാധികാരികളെ സ്ഥാനഭ്രഷ്ടരാക്കുക എന്നതായിരുന്നു പ്രക്ഷോഭങ്ങളുടെ അടിയന്തര താൽപര്യം. ഇവർ അധികാരത്തിൽനിന്ന് പുറത്താക്കപ്പെട്ടിട്ടും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ല, യഥാർത്ഥമാറ്റം സംഭവിച്ചതുമില്ല. അതുകൊണ്ടുതന്നെ ഏറെ പ്രതീക്ഷയുണർത്തിയ അറബ് വസന്തം ശൈത്യമാകാൻ ഏറെ വൈകിയില്ല.

ട്രംപിനെ സ്ഥാനഭ്രഷ്ടനാക്കുക എന്നതോ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ട്രംപിനെ പരാജയപ്പെടുത്തുക എന്നതോ അല്ല അമേരിക്കയിൽ ഇപ്പോൾ നടക്കുന്ന പ്രക്ഷോഭത്തിന്റെ ലക്ഷ്യം. വെള്ളക്കാരായ പോലീസുകാരുടെ കൈകളാൽ കൊലചെയ്യപ്പെട്ട ജോർജ്ജ് ഫ്ളോയ്ഡിന് നീതിയാണവർ ആവശ്യപ്പെടുന്നത്. പ്രക്ഷോഭം ക്രമാനുഗതമായി മുന്നേറുന്ന മുറയ്ക്ക് ജോർജ്ജ് ഫ്ളോയ്ഡിന് നീതി എന്ന ഡിമാന്റിനൊപ്പംതന്നെ, വർണവിവേചനം, വംശീയത, പോലീസ് അതിക്രമങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്കും വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പാർപ്പിടം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കും കാരണമായ സാമൂഹ്യഘടനയും സമ്പ്രദായങ്ങളും വരെ മാറ്റത്തിന് വിധേയമാക്കപ്പെട്ടേക്കാവുന്നത്ര പ്രാധാന്യം ഈ പ്രക്ഷോഭത്തിനുണ്ട്.

ജനങ്ങൾ തെരുവിലുയർത്തുന്ന ആവശ്യം വളരെ ലളിതമാണ്, അതേ സമയംതന്നെ ഗഹനവുമാണ്. ‘ഞങ്ങളുടെ കഴുത്തിൽനിന്ന് നിങ്ങളുടെ കാൽമുട്ട് മാറ്റുക, ഞങ്ങൾ ശ്വാസം വിടട്ടെ’, ‘ഞങ്ങളുടെ നെഞ്ചിൽനിന്ന് നിങ്ങളുടെ ബൂട്ട്സ് മാറ്റുക, ഞങ്ങൾ ജീവിക്കട്ടെ’, ചെറുപ്പക്കാരും പ്രായമായവരും വിദ്യാർത്ഥികളും തൊഴിലാളികളും സ്ത്രീകളും പുരുഷന്മാരും കറുത്തവനും വെള്ളക്കാരനും ബ്രൗൺനിറമുള്ളവനും ജീവിച്ചിരിക്കുന്നവരും മരിച്ചവർപോലും ഒരുപോലെ ഉയർത്തുന്ന മുദ്രാവാക്യമിതാണ്. ജീവിച്ചിരിക്കുന്നവർ മരിച്ചവർക്ക് നീതി ആവശ്യപ്പെടുന്നു. മരിച്ചവരോ ജീവിച്ചിരിക്കുന്നവർക്ക് നീതി ആവശ്യപ്പെടുന്നു. നഗരങ്ങളും പട്ടണങ്ങളും ചത്വരങ്ങളും കവലകളും പാടങ്ങളും ഫാക്ടറികളും സ്കൂളുകളും കോളജുകളും വീടുകളും ഓഫീസുകളും ഉയർത്തുന്നത് ഇതേ ആഹ്വാനമാണ്. ജനങ്ങൾക്ക് മാറ്റം വേണം, അതിപ്പോൾ തന്നെ വേണംതാനും. ചൂഷണത്തിന്റെ നുകം പൊക്കിമാറ്റാൻ ജനങ്ങൾ ആഗ്രഹിക്കുന്നു. ലോകം ഇത് സസൂക്ഷ്മം വീക്ഷിക്കുകയാണ്. ലോകമെമ്പാടുമുള്ള ചൂഷിതർ ഒന്നാകെ ഒത്തുചേർന്ന് നീതിക്കായുള്ള ഈ പോരാട്ടത്തിന് അഭിവാദ്യമർപ്പിക്കുന്നു, പിന്തുണയ്ക്കുന്നു.

‘ഞങ്ങളുടെ കൈവിലങ്ങുകൾ അഴിച്ചുമാറ്റുക, ഞങ്ങൾക്ക് ജോലി ചെയ്യണം’, ‘ഞങ്ങളുടെ നെഞ്ചിൽനിന്ന് നിങ്ങളുടെ ബൂട്ടുകൾ നീക്കുക, ഞങ്ങൾക്ക് ജീവിക്കണം’, ‘ഞങ്ങളുടെ കഴുത്തിൽനിന്ന് നിങ്ങളുടെ കാൽമുട്ട് മാറ്റുക, ഞങ്ങൾക്ക് ശ്വസിക്കണം’, ‘നിങ്ങളുടെ തോക്ക് ഞങ്ങളുടെ ശിരസ്സിനെ ഉന്നം വയ്ക്കേണ്ട, ഞങ്ങൾക്ക് സ്വപ്നം കാണണം’, ‘പോലീസിനെ തീറ്റിപ്പോറ്റുന്നത് അവസാനിപ്പിക്കുക, ഞങ്ങൾ സമാധാനത്തോടെ ജീവിക്കട്ടെ’. ജനങ്ങൾ മാറ്റം ആഗ്രഹിക്കുന്നു, അന്തരീക്ഷത്തിൽ മാറ്റത്തിന്റെ സൂചനകൾ ഉണ്ട്, ചക്രവാളത്തിൽ മാറ്റത്തിന്റെ ലക്ഷണങ്ങൾ വായിച്ചെടുക്കാൻ ജനങ്ങൾക്കാകുന്നുണ്ട്. പ്രക്ഷോഭകാരികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നു. അവർ ദൃഢചിത്തരാണ്. ■

Date of publishing 01/06/2020
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY MALAYALAM MONTHLY

June 2020
Vol.47 No.3
Price : Rs 5.00

# മെയ് 26 അവകാശ ദിനം: കേന്ദ്രസർക്കാർ ആഫീസുകൾക്ക് മുന്നിൽ പ്രതിഷേധം

**തൊ**ഴിൽ നഷ്ടപ്പെട്ടവർക്കും കുടിയേറ്റ തൊഴിലാളികൾക്കും താത്ക്കാലിക ആശ്വാസമായി 10,000 രൂപ ഉടൻ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മെയ് 26 അവകാശ ദിനമായി ആചരിച്ചു. അവകാശ ദിനത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി കേന്ദ്രസർക്കാർ ആഫീസുകൾക്ക് മുന്നിൽ പ്രതിഷേധ പരിപാടികൾ നടന്നു.

കോട്ടയം ജില്ലയിൽ തലയോലപറമ്പ് പോസ്റ്റ് ഓഫീസ്, കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് തുടങ്ങിയ കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് മുമ്പാകെയും ചിങ്ങവനം, ചങ്ങനാശ്ശേരി, കുരിശുംമൂട്, തൃക്കൊടിത്താനം, തെങ്ങണാൽ, എരുമേലി, കുവപ്പള്ളി എന്നിവിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു. എറണാകുളം ജില്ലയിൽ സിറ്റി, അങ്കമാലി, കാലടി, തൃപ്പൂണിത്തറ, മുളന്തുരുത്തി, കൂത്താട്ടുകുളം, ആമ്പല്ലൂർ എന്നിവിടങ്ങളിൽ പ്രതിഷേധ പരിപാടികൾ നടന്നു. തൃശ്ശൂർ ജില്ലയിൽ തശ്ശൂർ ടൗൺ, ചാവക്കാട് ഗുരുവായൂർ ബിഎസ്എൻഎൽ ഓഫീസ്, മുത്തകുന്നം പോസ്റ്റ് ഓഫീസ്എന്നിവിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു.




ആലപ്പുഴ ഇരുമ്പുപാലം പോസ്റ്റ് ഓഫീസിനുമുന്നിൽ നടന്ന ധർണ ജില്ലാസെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു




അവകാശദിനത്തോടനുബന്ധിച്ച് പത്തനംതിട്ടയിൽ നടന്ന ധർണ ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

കോട്ടയം മെഡിക്കൽ കോളജ് ബിഎസ്എൻഎൽ ഓഫിസ്, ഇല്ലിക്കൽ ബിഎസ്എൻഎൽ,

ആലപ്പുഴജില്ലയിൽ ചേർത്തല എസ്.എൽ.പുരം, ആലപ്പുഴ ഇരുമ്പുപാലം, വണ്ടാനം, അമ്പലപ്പുഴ, ഹരിപ്പാട്, കായംകുളം, രാമങ്കരി, മാന്നാർ എന്നിവിടങ്ങളിൽ പോസ്റ്റ് ഓഫീസുകൾക്ക് മുന്നിലും മാവേലിക്കര ബിഎസ്എൻഎൽ ഓഫീസിനു മുന്നിലും പ്രതിഷേധ പരിപാടികൾ നടന്നു. തിരുവനന്തപുരം ജില്ലയിൽ, രാജ്ഭവൻ, എജീസ് ഓഫീസ്, ജനറൽ പോസ്റ്റ് ഓഫീസുകൾക്ക് മുന്നിലും പ്രതിഷേധ പരിപാടികൾ നടന്നു. ഇടുക്കി ജില്ലയിൽ തൊടുപുഴ ബിഎസ്എൻഎൽ ഓഫീസിനു മുന്നിലും പ്രതിഷേധ പരിപാടി നടന്നു. വയനാട്ടിൽ സുൽത്താൻ ബത്തേരി ബിഎസ്എൻഎൽ ഓഫീസിനു മുന്നിലും പത്തനംതിട്ടയിൽ രണ്ടിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു. കോഴിക്കോട് ജില്ലയിൽ സിറ്റി, ബാലുശ്ശേരി, കാട്ടിലപ്പീടിക എന്നിവിടങ്ങളിലും കൊല്ലത്ത് ചിന്നക്കട, കരുനാഗപ്പള്ളി, പെരുമ്പുഴ, കുണ്ടറ, കൊട്ടാരക്കര, അഞ്ചൽ എന്നിവിടങ്ങളിലും പ്രതിഷേധ പരിപാടികൾ നടന്നു. ■




തൃശൂർ ബിഎസ്എൻഎൽ ഓഫീസിനുമുന്നിൽ നടന്ന പ്രതിഷേധ ധർണ ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്യുന്നു



സുൽത്താൻബത്തേരിയിൽ നടന്ന പ്രതിഷേധപരിപാടിയിൽനിന്ന്




മലപ്പുറം കോട്ടയ്ക്കൽ പോസ്റ്റ് ഓഫീസിനുമുന്നിൽ നടന്ന പ്രതിഷേധധർണ




തൊടുപുഴയിൽ നടന്ന ധർണ ഇടുക്കി ജില്ലാസെക്രട്ടറി സഖാവ് എൻ.വിനോദ്കുമാർ ഉദ്ഘാടനംചെയ്യുന്നു







കുടിയേറ്റതൊഴിലാളികൾക്ക് സ്വദേശത്തേയ്ക്ക് മടങ്ങാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്നും അവർക്ക് അടിയന്തര സാമ്പത്തിക സഹായം നൽകണം എന്നും ആവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി ആഹ്വാനം ചെയ്ത 'സേവ് മൈഗ്രന്റ് വർക്കേഴ്സ് ഡേ'(മെയ് 19)ആചരണത്തിൽ പാർട്ടി അഖിലേന്ത്യ ജനറൽ സെക്രട്ടറി സഖാവ് പ്രവാഷ് ഘോഷ്. പോളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ സുമൻ ബസു, ശങ്കർ സാഹ, സപൻ ഘോഷ് എന്നിവർ സമീപം(ഇടത്തേഅറ്റം). സേവ് മൈഗ്രന്റ് വർക്കേഴ്സ് ദിനാചരണപരിപാടിയിൽ പങ്കെടുത്തുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ(വലത്തേ അറ്റം).

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.